ചൈനീസ് വിപ്ലവത്തിൽ നിന്ന് ഒരേട്

# ല്യൂഹുലാൻ

## ല്യാങ്ങ് ഷിങ്ങ്



895-13
SHI

FOR FAVOUR OF REVIEW

# ല്യൂഹുലാൻ

LIEW HUELAAN • LYANG SHING •
TRANSLATED BY KOCHANUJA PISHARADY •
PUBLISHED BY CHINTHA PUBLISHERS
SEPTEMBER 1978 • DISTRIBUTION :
DESHABHIMANI BOOK HOUSE - TRIVANDRUM.
PRINTED AT UPASANA PRINTERS,
TRIVANDRUM.
COVER : PRASAD

PRICE RUPEES FOUR

വിതരണം : ദേശാഭിമാനി ബുക്ക് ഹൗസ്
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,
കോട്ടയം, എറണാകുളം, തൃശ്ശൂർ,
കോഴിക്കോട്, കണ്ണൂർ.

CO—100—156 DL—68

# ല്യൂഹുലാൻ

ല്യാങ്ഷിങ്

8133

വിവർത്തനം :

കൊച്ചനുജ പിഷാരടി

PC Library & Research Center

ചിന്ത പബ്ളിഷേഴ്സ്

തിരുവനന്തപുരം

വില നാലു് രൂപ

895.13 SHI

# 1

ഷാങ്ഷി സംസ്ഥാനത്ത് വനഷേ താലൂക്കിൽ യൂനാ ചോഷി വില്ലേജിൽ 1932-ഒക്ടോബർ 2-ന് ല്യൂഹ്ലാൻെറ കരച്ചിൽ ലോകം ആദ്യമായി കേട്ടു. വനഷേ ഒരു പ്രസിദ്ധ സമതലപ്രദേശമാണ്. അതിൻെറ കിഴക്ക് തായ്വെ പർവതനിരകാം വ്യാപിച്ചുകിടക്കുന്നു; കണ്ണെത്താത്തത്ര ദൂരം പർവതങ്ങാംക്കുമേൽ പർവതങ്ങാം തന്നെ; പടിഞ്ഞാറ് ലില്യാങ് പർവതത്തിലെ ആകാശം മുട്ടിനിൽക്കുന്ന കൊടുമുടി; ആ കൊടുമുടി അപ്പുറത്തേക്ക് പോകാനുള്ള വഴി അടച്ചുപൂട്ടിയിരിക്കുന്നു. ഈ പർവതങ്ങളുടെ നടുവിൽ നൂറുനൂറു നാഴിക വിസ്തീർണമുള്ള സമതലപ്രദേശം പരന്നുകിടക്കുന്നു. അതിൻെറ ഹൃദയഭാഗത്തിലൂടെ ഒഴുകുന്ന ഫെൻഹോ നദി, തായ്വാൻെറ ഭാഗത്തേക്കു ചെരിഞ്ഞുകൊണ്ട് വളഞ്ഞുപുളഞ്ഞ് തെക്കോട്ടൊഴുകി മഞ്ഞനദിയിൽ ചെന്നുചേരുന്നു. ഫെൻഹോയിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് കൃഷിക്കാരുടെ രചനാവൈഭവവും ബുദ്ധിയും ഈ പ്രദേശത്തെ, സംസ്ഥാനത്തിലെ ഏററവുമധികം ഗോതമ്പ് വിളയിക്കുന്ന സ്ഥലമാക്കി മാററിയിരിക്കുകയാണ്. കൊയ്ത്തുകാലത്ത്, ഭാരം താങ്ങാനാകാതെ ഗോതമ്പു കതിരുകാം താഴെക്കു ചാഞ്ഞുകിടക്കുന്നതു കാണുമ്പോാം ആരും തലകുലുക്കിപ്പോകുമായിരുന്നു.

1932 കാലത്തു് ഈ സമതലപ്രദേശത്തെ കൃഷി ക്കാർ ആശയററ് കഴിഞ്ഞുകൂടുകയായിരുന്നു. ഇത്ര ഫലസമൃദ്ധിയുള്ള ഭൂമിയും വിളവും ഉണ്ടായിട്ടും അവ ർക്കു നടുനിവർത്തുവാനുള്ള സമയംപോലും കിട്ടിയി രുന്നില്ല; തല ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിരുന്നി ല്ല. ജന്മിമാർ, നാട്ടുവാഴികൾ, യുദ്ധപ്രഭുക്കൾ, കോമി ന്താങ്ങ് പ്രതിവിപ്ലവകാരികൾ എന്നിവരുടെ കൊ ടിയ മർദനവും ചൂഷണവും കൃഷിക്കാരെ കരിമ്പിൻ കോച്ചകളാക്കി മാററിയിരുന്നു. വലിയവരും ചെറി യവരുമടങ്ങുന്ന ഈ മർദകസമൂഹം കൃഷിക്കാരുടെ അവസാനത്തുള്ളി രക്തംവരെ ഊററിക്കുടിക്കുന്നതിനു് എന്തു വൃത്തികെട്ട അടവുകളും കയ്യേററങ്ങളും നട ത്തിപ്പോന്നു. കൃഷിക്കാരുടെ അധ്വാനശക്തി കൊണ്ടു ണ്ടായ ബമ്പർ വിളവെല്ലാം ഫെൻനദിയിലെ വെ ള്ളംകണക്കെ ഒഴുകിക്കൊണ്ടിരുന്നു; അവസാനം തൈവാനിൽ യെൻ ഷീൻ ഷാങ്ങ് ഭരണാധികാരി യുടെ പത്തായത്തിൽ ചെന്നുചേർന്നു. കൃഷിക്കാർ പാടത്തു എല്ലുനുറുങ്ങെ പണിയെടുത്തു. അവരുടെ വിയർപ്പ് ഗോതമ്പുമണികളിൽ പററിപ്പിടിച്ചി രുന്നു. വീട്ടിലാകട്ടെ ഒഴിഞ്ഞ പാത്രങ്ങളിൽ കണ്ണീർ മാത്രവും. അവരത്രയും നിന്ദിതരും പീഡിതരുമായി രുന്നു. വെറും ജീവച്ഛവങ്ങൾ!

ഒരുദിവസം സന്ധ്യാസമയത്തു് കൊച്ചുകുഞ്ഞു മാത്രമായിരുന്ന ല്യൂഫലാൻ, വൃദ്ധയായ മുത്തശ്ശിയുടെ മടിയിലിരുന്നുകൊണ്ടു് തൻെറ കുഞ്ഞിക്കൈകൾ രണ്ടും അവരുടെ കഴുത്തിൽ തപ്പാളിച്ച് താളം പിടി ച്ചു. അതോടൊപ്പം തത്തയുടെ ഈണത്തിൽ ആ കൊച്ചുകുഞ്ഞിൻെറ ഒരു നാടൻ പാട്ടുകേട്ട് മുത്തശ്ശി പകുതി കണ്ണടച്ച് അവളെ താരാട്ടിക്കൊണ്ടിരുന്നു. അവൾ പാടി:

ച്യാവോഛരങ് പർവതങ്ങളെ,
ഹോ ച്യാവോഛരങ്ങിലെ നീരരുവികളെ
ച്യാവോഛരങ്ങിലെ വയലുകളെ, നീ നനക്ക
ന്നില്ലേ
വനഷോയിലാണോ ജലസേചനം
ഹോ, ച്യാവോഛരങ്ങിലെ വയലുകരം നനയുന്നി
ല്ലല്ലോ
വനഷോയ്ക്കാണല്ലോ നനവെല്ലാം.

ഈ ഗാനത്തിൽ വനഷോയുടെ വടക്ക്, ച്യാവോഛരങ് പർവതപ്രദേശത്തുള്ള കൃഷിക്കാരുടെ ദാരിദ്ര്യം കൊണ്ടു് പൊറുതിമുട്ടിയ ജീവിതത്തെയാണ് വർണിച്ചിരിക്കുന്നതു്, വനഷോ സമതലപ്രദേശങ്ങളിലെ കൃഷിക്കാർക്കു് ധാന്യങ്ങളുടെ "സ്വർണക്കലവറ" തന്നെ കിട്ടിയതായി അറിയപ്പെടുന്നുണ്ടെങ്കിലും അവരുടെ ജീവിതം മലയോരത്തുള്ള കൃഷിക്കാരുടേതുപോലെത്തന്നെ ദരിദ്രമായിരുന്നു. പാട്ടു് തുടർന്നുകൊണ്ടിരുന്നു. മുത്തശ്ശി ഹ്ലലാൻെറ തലമുടി മെല്ലെ മെല്ലെ ചികഞ്ഞുകൊണ്ടുമിരുന്നു; പാട്ടു കേരംക്കുന്തോറും അവരുടെ ദു:ഖം അധികരിച്ചു.

"ച്യാവോഛരങ് പർവതത്തിൽ
തിന്നാനെന്തുണ്ടു്? കുടിക്കാനെന്തുണ്ടു്?
ഉരുളൻകിഴങ്ങുമാത്രം കിട്ടാനുണ്ടു്, ഉരുളൻ
കിഴങ്ങുമാത്രം"

പാട്ടു കേട്ട്കേട്ട് മുത്തശ്ശി നിശ്ചലയായിരുന്നുപോയി. വളരെ സമയത്തിനുശേഷം അവർ ഒരു ദീർഘശ്വാസം വിട്ടു.

പുറത്തു് ഇരുട്ട് വ്യാപിക്കുകയാണ്, എന്നാൽ, എണ്ണ ലാഭിക്കാൻവേണ്ടി വീട്ടുകാർ വളരെ സമയം

ഇരുട്ടിൽതന്നെ കഴിച്ചുകൂട്ടി. ഇരുട്ടിലും ആ കൊച്ചു തത്തയുടെ നാദം കേൾക്കാമായിരുന്നു.

പാട്ടു തീർന്നപ്പോൾ മുത്തശ്ശി മൗനത്തിലാണ്ടു പോയി. അവർ ഥലാനെ മാറോടടുക്കിപ്പിടിച്ച് തൻെറ ഓമനപൗത്രിയെ തുരുതുരെ ചുംബിക്കാൻ തുടങ്ങി. പിന്നീട് അവർ ദീർഘശ്വാസം വിട്ടു. ഇരുട്ട് വ്യാപിച്ചുകൊണ്ടിരുന്നു. വീട് പൂർണമായും നിശ്ശബ്ദമായിരുന്നു.

ഥലാൻ ജനിച്ചകൊല്ലം അവളുടെ അച്ഛന് 26 വയസ്സ് കഴിഞ്ഞിരുന്നു. അയാളും അയാളുടെ ജ്യേഷ്ഠനും, 50 വയസ്സിലും കൂടുതൽ പ്രായംചെന്ന അവരുടെ അച്ഛൻെറ കൂടെത്തന്നെയാണ് താമസിച്ചിരുന്നത്. ആ മൂന്നുപേർക്കും ജീവിതം നിലനിർത്താൻ പ്രഭാതം മുതൽ പ്രദോഷംവരെ പണിയെടുക്കേണ്ടിയിരുന്നു. അവർ മററാരുടെയും കൂലിപ്പണിക്കു പോകാറില്ല, തങ്ങളുടെ പണിക്ക് കൂലിക്കാരെ വെക്കാറുമില്ല. അവരുടെ നിലം സ്വന്തം വിയർപ്പുകൊണ്ടുതന്നെയാണ് അവർ നനച്ചിരുന്നത്. വീട്ടിലെ അംഗസംഖ്യ പതിനൊന്നായപ്പോൾ അവരുടെ കൈവശം ഏഴ് ഏക്കറയോളം ഭൂമി കൃഷി ചെയ്യാനുണ്ടായിരുന്നു. അത് ഒററപ്പടവായിട്ടായിരുന്നില്ല, അങ്ങിങ്ങായി പത്തു ദിക്കുകളിലായിട്ടാണ് കിടന്നിരുന്നത്. നിലം അത്ര മെച്ചപ്പെട്ടതായിരുന്നില്ല.

കൂടാതെ ഈ ഇടത്തരം കർഷകകുടുംബത്തിന് യൂനാ ചോഷി ഗ്രാമത്തിനു പടിഞ്ഞാറ് വശത്ത് ഒരു ചെറിയ വീടും ഉണ്ടായിരുന്നു. ചെറുതെന്നുവച്ചാൽ വളരെ ഇടുങ്ങിയതു്. വീടിനു മുമ്പിൽ ഒരു

ചെറിയ മുററവും. അവരും ദരിദ്ര കൃഷിക്കാരും തമ്മി ലുണ്ടായിരുന്ന ഒരു പ്രധാന വ്യത്യാസം, അവർക്കു സ്വന്തമായി ഒരു വീടും മററാരേയും ആശ്രയിക്കാതെ വീട്ടിലേക്കു കടന്നുവരാനുള്ള വഴിയുമുണ്ടായിരുന്നതാണ്. വീട്ടുപടിക്കൽ ഒരു ആപ്തവാക്യം എഴുതിവെച്ചിട്ടുണ്ട്. എന്നാൽ, ജന്മിമാരുടെ പടിപ്പുരയിൽ പോലെ തങ്കലിപികൾ കൊണ്ട് വടിവൊത്ത് എഴുതിയ ഒന്നായിരുന്നില്ല അത്. ആ വീട് പണിത കൂലിക്കാർ ഇങ്ങനെ നാലു വാക്കുകൾ കോറിയിട്ടിരുന്നുവെന്നുമാത്രം. "എവിടെ സമാധാനം അവിടെ സുഖജീവിതം."

ഈ വാക്യം ആ ഇടത്തരം കുടുംബത്തിൻെറ തത്വശാസ്ത്രമായിരുന്നു; ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക. അവർ കരുതലോടെ ജീവിച്ചുപോന്നു. അഭിമാനം അവരെ ഒരിക്കലും വിട്ടുപിരിഞ്ഞില്ല. ഹ്വലാൻെറ മുത്തച്ഛൻ തെരുവുകളിൽ തൻെറ കൂട്ടുകാരുമൊത്ത് സൊള്ളി സമയം കളയുന്നത് ആർക്കും കാണാൻ കഴിഞ്ഞിട്ടില്ല; അവളുടെ അച്ഛനും 'സൊററ' പറയാൻ വളരെ കുറച്ചു മാത്രമെ അയൽപക്കത്തു പോയിരുന്നുള്ളൂ. അവർ വയലിൽ പോകുന്നു; വീട്ടിലേക്കു മടങ്ങുന്നു. പിന്നെ, വളരെ സാവധാനത്തിൽ വീട്ടിലെ കുറിയ വാതിലടച്ച് കിടന്നുറങ്ങുന്നു.

ഹ്വലാൻെറ ജനനവും സംരക്ഷണവും ഇത്രയും അച്ചടക്കബോധമുള്ള ഇടത്തരം കർഷകകുടുംബത്തിലാണ് നടന്നത്. അതിൻെറയെല്ലാം ഫലമായി അവളുടെ ആ കൊച്ചു വീട്ടുമുററത്ത് സമാധാനം നിലനിന്നുപോന്നു, അതേസമയം ആ വീടിൻെറ പുറം ലോകത്ത് വലിയ പരിവർത്തനം നടന്നുകൊണ്ടിരിക്കയായിരുന്നു.

1936-ൽ, ഹ്ലലാന്ന് നാലുവയസ്സായിരുന്നപ്പോഠം, പ്രതിവിപ്ളവകാരിയായിരുന്ന ക്വമിന്താങ്ങ് സർക്കാർ നാണംകെട്ട രീതിയിൽ രാജ്യത്തെ സാമ്രാജ്യവാദികഠംക്ക് ഒററിക്കൊടുക്കുകയായിരുന്നു. ജാപ്പ് സാമ്രാജ്യത്വപട്ടാളം 'ചൈനീസ് മതിലുകഠം' കടന്ന് വന്നുകഴിഞ്ഞിരിക്കുന്നു. വടക്കൻ ചൈനയിൽ യുദ്ധം മുറുകിവരുകയാണ്. ചൈനയിലെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും ചെമ്പട, ചെയർമാൻ മാവോ സെതുങ്ങിൻെറ നേതൃത്വത്തിൽ എണ്ണായിരം നാഴിക ദൂരം ലോങ്ങ്മാർച്ച് അവസാനിപ്പിച്ചുകഴിഞ്ഞിരുന്നു. അവർ ജാപ്പാനുമായി ഏററുമുട്ടുവാൻ വടക്ക് എത്തിക്കഴിഞ്ഞു. 1936 ജൂലൈ 17-ാം തീയതി ചെമ്പട വടക്ക് ഷെനഷ്വി സംസ്ഥാനം താണ്ടി, മഞ്ഞനദി കടന്ന് ജാപ്പ് ആക്രമണകാരികളുമായി പടവെട്ടുന്നതിന്ന് കിഴക്കോട്ട് നീങ്ങാൻ തുടങ്ങിയിരിക്കുന്നു. മാർച്ച് 2-ന് ചെമ്പട ഫൻയാങ്ങ് കീഴടക്കി. ത്സായ്വാനിലെ യെൻഷിഷാൻ പട്ടാളത്തെ കിടിലം കൊള്ളിച്ചു.

ഫെൻയാങ്ങും, വനഷ്വേയും അന്യോന്യം തൊട്ടുരുമ്മിക്കിടക്കുന്ന സംസ്ഥാനങ്ങളാണ്. ചെമ്പടയുടെ മുന്നേററവിഭാഗം വനഷ്വേ സംസ്ഥാനം പിടിച്ചെടുത്ത് ആസ്ഥാനമാക്കി മാററി. എന്നാൽ യുനാ - ചോഷി വില്ലേജിൽ അവർ എത്തിക്കഴിഞ്ഞിരുന്നില്ല. എന്നാലും അവിടത്തെ കർഷകർ ചെമ്പടയെപ്പററി പല കഥകളും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ചെമ്പട ജില്ലാതലസ്ഥാനം പിടിച്ചെടുത്തുകഴിഞ്ഞു; തലസ്ഥാനത്തിൻെറ വടക്ക് ഖായെഷാൻ ദേശത്തെ അധികാരിയായ ത്സുവിൻെറ എണ്ണൂറ് പിക്കൽ ധാന്യം പിടിച്ചെടുത്ത് ദരിദ്ര കൃഷിക്കാർക്ക് വീതിച്ചു

കൊടുത്തിരിക്കുന്നു. ഈ കഥ കേട്ടുകഴിഞ്ഞാൽ ശ്രോതാക്കൾ ഇങ്ങനെ പ്രാർഥിച്ചിരുന്നു: "ചെമ്പട എത്രയും വേഗം ഈ വില്ലേജിലും എത്തിച്ചേരണേ." ചെമ്പട വിജയഭേരിയടിച്ച് മുന്നേറി. തങ്ങളുടെ പ്രവർത്തനമണ്ഡലം വിശാലമാക്കി. ആഭ്യന്തരയുദ്ധം അവസാനിപ്പിച്ച് ജാപ്പ് ആക്രമണകാരികളുമായി യുദ്ധം ചെയ്യുകയാണ് വേണ്ടതെന്ന് ക്വമിന്താങ്ങിനെ ബോധ്യപ്പെടുത്താൻ ചെമ്പട സ്വയം മഞ്ഞനദിയുടെ പടിഞ്ഞാറെ കരവരെ മാറിനിന്നു. ജാപ്പ് ആക്രമണ വിരുദ്ധയുദ്ധം ആരംഭിച്ചശേഷം ചെമ്പട, 'എട്ടാംപട' എന്ന പേരിൽ പുന:സംഘടിപ്പിക്കുകയും മഞ്ഞനദി വീണ്ടും കടക്കുകയും ചെയ്തു. അതിനുശേഷം അതെപ്പോഴും ജാപ്പ് ആക്രമണവിരുദ്ധയുദ്ധത്തിൻെറ മുന്നണിയിൽ നിലയുറപ്പിക്കുകയും അതിൻെറ വേരു് വടക്കുപടിഞ്ഞാറ് ഭാഗത്തുള്ള ചൈനീസ് പ്രദേശങ്ങളിലേക്ക് ആഴത്തിൽ ആണ്ടിറങ്ങുകയും ചെയ്തു. അതിൻെറ അണികൾ തുടർച്ചയായി മുന്നേറിക്കൊണ്ടിരുന്നു.

വനഷെ്പയിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർടിയിലെ ഒളിവിലുള്ള സഖാക്കൾ സ്ഥലവാസികൾക്ക് തോക്കുകൾ നൽകി; ജാപ്പ് കൊള്ളക്കാർക്കെതിരായി യുദ്ധം ചെയ്യുന്നതിന് ഒരു ഗറില്ലാസംഘം രൂപീകരിക്കുകയും ചെയ്തു. ഈ ഗറില്ലാസംഘം 1938-ജനുവരിയിൽ ആ പ്രദേശത്തിലെ കേന്ദ്രം പിടിച്ചടക്കിയപ്പോൾ, ഹ്വലാൻെറ വീട്ടിൽനിന്നും ആറേഴനാഴിക ദൂരംവരുന്ന ഷ്വിച്ചുങ്ങ് വില്ലേജ് ആദ്യമായി ജാപ്പ് പട്ടാളവുമായി ഏററുമുട്ടി. കൃഷിക്കാർ പ്രതീക്ഷിച്ചതു് യാഥാർഥ്യമായിത്തീർന്നു. ഇപ്പോൾ അവർക്ക് സ്വന്തം നാട്ടിലെ ജനങ്ങൾ

തന്നെ ജാപ്പ് പട്ടാളക്കാരോട് യുദ്ധം ചെയ്യുന്നതു് കാണാൻ കഴിഞ്ഞു. വനഷെ ബ സമതലപ്രദേശത്തുള്ള വില്ലേജുകളിൽ ആയുധമേന്തിയ കൃഷിക്കാർ കവാത്തു് നടത്താൻ തുടങ്ങിയിരിക്കുന്നു. ശത്രുപട്ടാളത്തിലെ ഒരുവിഭാഗം വില്ലേജ് വിടുമ്പോഴേക്കും മറെറാന്നു് ഭീഷണിയുമായി പ്രത്യക്ഷപ്പെടുന്നു. എല്ലാ സ്ഥലത്തും ജാപ്പ് ആക്രമണ വിരുദ്ധയോഗങ്ങളും പടപ്പാട്ടുകളുംവഴി നാട്ടുകാരെ ഉണർത്താൻ തുടങ്ങി. ഇക്കാലത്തു് സമതലപ്രദേശത്തെ എല്ലാ വില്ലേജുകളിലും ജാപ്പ് ആക്രമണവിരുദ്ധയുദ്ധത്താവളങ്ങരം ഉണ്ടാക്കിക്കഴിഞ്ഞിരുന്നു.

ജാപ്പ്പട്ടാളം വനഷെ ബ താലൂക്കുകേന്ദ്രത്തിൽ ആക്രമണം നടത്താൻ തുടങ്ങിയപ്പോരം അവിടത്തെ നാടുവാഴിസർക്കാർ പുകപോലെ മാഞ്ഞുപോയി. ആ അവസരത്തിൽ ജാപ്പാക്രമണയുദ്ധം തുടരുന്നതിന് ശത്രുനിരകരംക്കുപിന്നിൽ ജനങ്ങരം, ഒരു ജാപ്പ് വിരുദ്ധജനകീയ സർക്കാർ രൂപീകരിച്ചു. ഒരു യുവകമ്യൂണിസ്റ്റായ ക്വയുങ്ങ്തെ വനഷെ ബയിലെ, ന്യായാധിപനായി അവരോധിക്കപ്പെട്ടു. യൂനാചോഷിയിലെ കൃഷിക്കാർ പൊതുസ്ഥലത്തിരുന്നു് ഈ മഹൽ സംഭവത്തെക്കുറിച്ചു് ആവേശത്തോടെ വാദപ്രതിവാദം നടത്തി. അവരിൽ ഒരാരം വലിയ ശബ്ദമുണ്ടാക്കി മററുള്ളവരുടെ വായ് മൂടിക്കെട്ടി ഇങ്ങനെ ചോദിച്ചു: "ഈ ന്യായാധിപൻെറ വയസ്സ് എത്രയാണെന്നു് നിങ്ങരംക്കറിയാമോ?"

ഓരോരുത്തരും അയാളുടെ നേരേ തുറിച്ചുനോക്കി. പക്ഷെ, ആർക്കും ഉത്തരം നൽകാൻ കഴിഞ്ഞില്ല. അയാരം സന്തോഷത്തോടെ വലിയ അറിവുള്ളവനെന്ന നാട്യത്തിൽ വിരൽ വളച്ചുകാട്ടി ഒമ്പതിൻെറ

ടയാളം വരുത്തിക്കൊണ്ടു് പറഞ്ഞു: "ഞാൻ പറയു യാം, വെറും പത്തൊമ്പതു്!"

അവിടെ കൂടിയിരുന്നവരിൽ മിക്കവരും ആശ്ച ര്യപ്പെട്ടു. ആറുവയസ്സുമാത്രം ചെന്ന ഹ്ഡലാൻ പടുവൃദ്ധന്മാരുടെ നടുവിലേക്കു് വലിഞ്ഞുകയറി. അപ്പോഠം സംസാരിച്ചുകൊണ്ടിരുന്ന ആളുടെ വളച്ചുപിടിച്ച വിരലിൽത്തന്നെ നോക്കിനിന്നു. അവളുടെ ഓമനത്തം തുളുമ്പുന്ന കണ്ണുകഠം തിളങ്ങി. അവഠം വലിയവരെ അനുകരിച്ചുകൊണ്ടു പറഞ്ഞു: "പത്തൊമ്പതു്!"

പത്തൊമ്പതു്, അതെ പത്തൊമ്പതു്! എന്നാൽ ഈ പത്തൊമ്പതുകാരനായ യുവാവു് ഇത്ര ചെറുപ്പത്തിൽ ചെമ്പടയിലെ പഴയ പ്രവർത്തകനായി മാറിക്കഴിഞ്ഞിരുന്നു. യുദ്ധത്തിൽ പ്രാവീണ്യം നേടി. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലും, മററു സഖാക്കളുടെ സഹായത്തോടെയും ന്യായാധിപനായ ക്രൂ തൻെറ കർത്തവ്യം വേണ്ടവിധം നിർവഹിച്ചു.

മുൻകാലങ്ങളിൽ ഹ്ഡലാൻ കൃഷിക്കാരെ മിക്കപ്പോഴും ദീർഘശ്വാസം വിട്ടുകൊണ്ടിരിക്കുന്നവരായിട്ടാണു് കണ്ടിരുന്നതു്. തൻെറ മാതാപിതാക്കളുടെ മുഖം എപ്പോഴും വാടിയിരുന്നു. പഴയ സമുദായത്തിലെ പ്രതിവിപ്ലവകാരികളായ ഭരണകർത്താക്കളുടെ മർദനഭരണത്തിൽ കൃഷിക്കാരുടെ ജീവിതം അത്രമാത്രം ദുസ്സഹമായിരുന്നു. ജന്മിമാർ തങ്ങളുടെ മാന്യതയുടെയും അന്തസ്സിൻെറയും മറപിടിച്ചു് സർക്കാരിനു് നികുതി കൊടുക്കാതെ ഒഴിഞ്ഞുമാറി. അതുകാരണം, ലെവി അളക്കാനും, കരം കൊടുക്കാനും, പട്ടാളത്തിൽ ചേരാനും ദരിദ്രരും ഇടത്തരക്കാരുമായ കൃഷിക്കാർതന്നെ വേണ്ടിവന്നു. ഹ്ഡലാൻെറ ഇടത്തരം

കർഷകകുടുംബം ദിവസങ്ങൾ തള്ളിനീക്കാൻ നന്നെ ക്ലേശിച്ചു.

അപ്പോഴാണ് കമ്യൂണിസ്റ്റുകാരുടെ വരവ്. 1938-ൽ ന്യായാധിപനായ ക്ലുവിൻെറ നിർദേശപ്രകാരം ന്യായവില നിശ്ചയിക്കുന്നതിനു കമ്മിററിയുണ്ടാക്കി. ന്യായവില നടപ്പാക്കാൻ തുടങ്ങിയപ്പോൾ സ്ഥിതിഗതികളിൽ മാററംവന്നു. കൃഷിക്കാരുടെ ഭാരം ലഘൂകരിക്കപ്പെട്ടു. ജന്മികൾ കരം കൊടുക്കുന്നതിനു് നിർബന്ധിച്ചു. ഛലാൻ അന്നു് ആദ്യമായി തൻെറ കുടുംബത്തിൻെറ മുഖത്തു് പുഞ്ചിരി കാണാൻ തുടങ്ങി. അവൾ, കമ്യൂണിസ്റ്റ്പാർടിയെപ്പററിയും എട്ടാം പടയെപ്പററിയും വനഷെചയിലെ ന്യായാധിപനായ ക്ലുവിനെപ്പററിയും വീട്ടുകാരും നാട്ടുകാരും പ്രശംസിക്കുന്നതു് കേട്ടുകൊണ്ടിരുന്നു.

വനഷെചയിൽ ജലസേചനം നല്ലനിലയിൽ നടന്നിരുന്നു. എന്നാൽ ജലസേചനത്തിൻെറ സമയം വരുമ്പോൾ ഛലാൻ, ജന്മിയുടെ നിലത്തിലേക്കു് വെള്ളം കൊണ്ടുപോകുന്നതു് നോക്കി കൃഷിക്കാർ മുറുമുറുക്കുന്നതും, പ്രതിഷേധിക്കുന്നതും കണ്ടിരുന്നു. ഒരിക്കൽ ഛലാൻ ചോദിച്ചു: "അച്ഛാ, അച്ഛാ നമ്മുടെ കണ്ടത്തിലേക്കു് എന്താണു് വെള്ളം തിരിച്ചുകൊണ്ടുവരാത്തതു്?"

അവളുടെ അച്ഛൻ സ്വതവെ കുറച്ചു സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നു. അയാൾ ഒന്നും മിണ്ടിയില്ല. അയാൾ ദീർഘശ്വാസംവിട്ടു് വിരലുകൾ കൊണ്ടു് മകളുടെ തലയിൽ താളമടിച്ചു. അയാളുടെ കണ്ണുകൾ അപ്പോഴും ജന്മിയുടെ നിലത്തിലേക്കു് ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിലേക്കു് ഇമവെട്ടാതെ നോക്കുകയായിരുന്നു. പഴയ സമുദായത്തിൽ ഇറി

ഗേഷൻ വെള്ളത്തിന്മേൽ നാടുവാഴിക്കാണ് നിയന്ത്രണമുണ്ടായിരുന്നതു്. ആർക്കു് എത്ര സമയംവരെ വെള്ളം വിട്ടുകൊടുക്കണമെന്നു് അവരാണ് നിശ്ചയിക്കാൻ. എല്ലാ കൊല്ലവും ജലസേചനസമയത്തു് ലൂനാചോഷി വില്ലേജ്, വെള്ളം കിട്ടാൻ അയൽപക്കത്തെ നാടുവാഴികളുടെ വയലുകളെല്ലാം നനച്ചുകഴിയുന്നതുവരെ കാത്തിരിക്കേണ്ടിയിരുന്നു. അതിനുശേഷം ഈ വില്ലേജിലെ ജന്മിയുടെ നിലമെല്ലാം നനച്ചുകഴിഞ്ഞാലെ ഹ്സ്വലാൻെറ കുടുംബത്തിനും മററു കൃഷിക്കാർക്കും വെള്ളം കിട്ടുകയുള്ളൂ. ജാപ്പ് ആക്രമണ വിരുദ്ധയുദ്ധത്തിനുശേഷം വനഷെപയിൽ ജലസേചനകാര്യത്തിൽ വീഴ്ചകരം വരാൻ തുടങ്ങിയിരുന്നു. ജാപ്പ് വിരുദ്ധജനാധിപത്യ സർക്കാർ വന്നതോടെ തകർന്ന അണക്കെട്ടു് ശരിപ്പെടുത്തുകയും വെള്ളം തിരിച്ചുവിടുന്നതിൻെറ ഉത്തരവാദിത്വം ജനങ്ങരം തന്നെ ഏറ്റെടുക്കുകയും ചെയ്തു. അതോടെ ജനാധിപത്യപരവും നീതിയുക്തവുമായ ഒരു സമ്പ്രദായം അവിടെ നടപ്പാക്കി. ഹ്സ്വലാൻെറ മാതാപിതാക്കളെടക്കം എല്ലാ കൃഷിക്കാരും ആഹ്ളാദിച്ചു. അവർ കമ്യൂണിസ്റ്റ്പാർടി, എട്ടാംപട, വനഷെപയിലെ ന്യായാധിപൻ ക്രൂ എന്നിവരെ തലകുലുക്കി അനുമോദിച്ചു; പിന്താങ്ങി.

ഒരുദിവസം ക്രൂ സ്വയമേവ യൂനാചോഷിയിൽ വരികയുണ്ടായി. ഗ്രാമീണരെല്ലാം ആഹ്ളാദത്തോടെ അദ്ദേഹത്തെ പൊതിഞ്ഞു. ഹ്സ്വലാൻ യുവ ന്യായാധിപനെ കാണാനായി തിക്കിത്തിരക്കി ജനക്കൂട്ടത്തിലേക്കു് തള്ളിക്കയറി. ക്രൂ കൃഷിക്കാരോടു് സംസാരിച്ചുതുടങ്ങി: "ജാപ്പ് വിരുദ്ധജനകീയ സർക്കാർ ലെവി അളക്കുന്നതിൽ കുറവുചെയ്തുകൊണ്ടുള്ള

കല്പന ഇപ്പോഴും തുടരുന്നുണ്ട്. ലെവി അളവ് പത്തു ശതമാനത്തിൽ കൂടരുതെന്നാണ് തീരുമാനം. ഈ ഉത്തരവ് വളരെ ദിവസങ്ങൾക്ക മുമ്പുതന്നെ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പല വില്ലേജുകളിലും ആ ഉത്തരവ് നടപ്പാക്കിക്കാണുന്നില്ല. എന്തുകൊണ്ടാണ് നടപ്പാക്കാത്തതു്? നമ്മുടെ ഗ്രാമഭരണം ഇപ്പോഴും പൂർണമായും നാടുവാഴി ജന്മികളുടെ കയ്യിൽ ത്തന്നെയാണ്. അവർ ഈ ഉത്തരവ് പൂഴ്ത്തിവെച്ചിരിക്കുന്നു. ഇക്കാര്യം വെളിച്ചത്തായാൽ തങ്ങൾക്ക് ഇപ്പോൾ കിട്ടുന്ന ലെവി വളരെ കുറയുമെന്ന് അവർക്കറിയാം.''

ക്രൂ യൂനാചോഷിയിലെ കൃഷിക്കാരെ ആഹ്വാനം ചെയ്തു: ''നിങ്ങൾ ജാപ്പ് ആക്രമണകാരികളുമായി യുദ്ധം ചെയ്യാനും സ്വന്തം ജീവിതം ഉയർത്താനും ജനാധിപത്യത്തിനുവേണ്ടി ഉണർന്നു സംഘടിക്കണം.'' കൃഷിക്കാർ ഇതെല്ലാം ആഹ്ലാദത്തോടെ കേട്ടുകൊണ്ടിരുന്നു. ഈ യുവനീതിപാലകന്റെ ഓരോ വാക്കും അവരുടെ കഷ്ടപ്പാടുകളുടെ അഗാധതയിൽ ചെന്നുതറയ്ക്കുന്നതായി അവർക്ക് അനുഭവപ്പെട്ടു. ആ ഗ്രാമത്തിലെ യുവാക്കൾ ജാപ്പാൻകാർക്കെതിരായി പോരാടാൻ തയ്യാറായി. യൂനാചോഷിയിലെ ആദ്യത്തെ ചെറുത്തുനിൽപുയോഗമായിരുന്നു അതു്.

പിന്നീടൊരുദിവസം ഫ്ലലാൻ, ഗ്രാമീണർ വളരെ ദുഃഖത്തോടെ ഈവിധം പറയുന്നതുകേട്ടു. ''അസാമാന്യധീരതയോടെ സഖാവ് ക്രൂ യുദ്ധഭൂമിയിൽ വീരചരമം പ്രാപിച്ചിരിക്കുന്നു.'' ക്രൂ ആസമയം ആയപ്പോഴേക്കും പ്രത്യേക കമ്മീഷണർ എന്ന പദവിയിൽ എത്തിക്കഴിഞ്ഞിരുന്നു. യുദ്ധം പൊട്ടിപ്പുറപ്പെട്ട സ്ഥലത്തുവെച്ച് ഒരു ഭടൻ അദ്ദേഹത്തോട് പറയുക

യുണ്ടായി: "ഹേ, പ്രത്യേക കമ്മീഷണർ, താങ്കാം അല്പം മറഞ്ഞുനിൽക്കുന്നതു നന്നായിരിയ്ക്കും". എന്നാൽ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു; "എട്ടാം പടയിലെ പട്ടാളക്കാർ ഒരിക്കലും കർത്തവ്യത്തിൽ നിന്നും പിന്മാറുന്നവരല്ല". അങ്ങനെ അദ്ദേഹം വനഷെചയുടെ മാറിടത്തിൽ തൻെറ അവസാനതുള്ളി രക്തം വരെ ചൊരിഞ്ഞു.

കമ്യൂണിസ്റ്റുകാർ എങ്ങനെജീവിക്കണം, മരിക്കണം എന്നതിനു് ഇതൊരു ഉജ്വലമാതൃകയായിരുന്നു. വനഷെചയിലെ ജനങ്ങളും യൂനാചോഷിയിലെ കൃഷിക്കാരും അദ്ദേഹത്തെ ഹൃദയംഗമമായി അനുസ്മരിച്ചു. ഹ്വലാൻ എന്ന പെൺകിടാവും ഇതുതന്നെ മനസ്സിൽ ഉറപ്പിച്ചു. അന്നു മുതൽ ജനങ്ങാംക്കുവേണ്ടി ജീവിക്കുന്നതിൻെറയും മരിക്കുന്നതിൻെറയും ഉത്തമ മാതൃക ക്വ ആണെന്നു് അവാം എപ്പോഴും ഓർത്തുപോന്നു.

## 2

കമ്യൂണിസ്ററ് പാർടിയും എട്ടാം പടയുമാണു് രക്ഷിതാവെന്നു് മനസ്സിലാക്കിയ വനഷെചയിലെ ജനങ്ങാം, അവർക്കു് എന്തു സഹായം എത്തിച്ചുകൊടുക്കുന്നതിനും സദാസന്നദ്ധരായി. യൂനാചോഷിയിലെ കൃഷിക്കാരും ഇതിൽ പിന്നിലായിരുന്നില്ല. അവരുടെ അഭ്യർത്ഥന അനുസരിച്ച് എട്ടാംപട അവിടെ തമ്പടിച്ചിരുന്ന ശത്രുക്കളെ ഇടതടവില്ലാതെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

ആ കാലത്തു് വനഷെപയിൽ അവിടത്തുകാരു ടേതായ ആറാം ഗറില്ലാ വിഭാഗം സംഘടിപ്പിയ്ക്ക പ്പെട്ടു. ഒരിക്കൽ ഈ സംഘത്തിലെ നൂറിലധികം വരുന്ന വളണ്ടിയർമാർ ശത്രുക്കൾക്കെതിരായി മിന്ന ലാക്രമണം നടത്താനായി പുറപ്പെട്ടു. അമിതമായ ആത്മവിശ്വാസം കാരണം തങ്ങളെ ഏതാനും ജാപ്പ് പട്ടാളക്കാർ പിന്തുടരുന്നുണ്ടെന്ന കഥ അവർ അറിഞ്ഞ തേയില്ല. വിശ്രമിക്കാനായി ആ ഗറില്ലാ സംഘം യൂനാചോഷിഗ്രാമത്തിൽ എത്തിയപ്പോൾ, ശത്രു വള രെ അടുത്ത് എത്തിക്കഴിഞ്ഞിരുന്ന അവസാന നിമിഷത്തിൽ, ജപ്പാൻകാർ വളരെ അടുത്തെത്തിക്കഴി ഞ്ഞതായി കൃഷിക്കാർക്കു് വിവരംകിട്ടി. അവർ അ പ്പോൾതന്നെ ഒളിഭടന്മാർക്കു് മുന്നറിയിപ്പു കൊടുത്തു. ഒളിഭടന്മാർ അടുത്തുള്ള ചിറയുടെ പിൻവശത്ത് ഒളി ച്ചിരുന്നു. ശത്രു അടുത്തെത്തി. അവർ ഊരാക്കുടുക്കിൽ പെട്ടുപോയി, ആറാംഗറില്ലാ സംഘത്തിലെ ഭടന്മാർ അവരുമായി ഏറ്റുമുട്ടി. ജാപ്പ്പാവ സൈന്യത്തെ അവർ ആപത്തിൽ കുടുക്കി.

അവിടെനിന്നു മൂന്നു നാഴിക ദൂരെ കിഴക്കു ഭാഗ ത്ത് എട്ടാം പടയിലെ സൈന്യം ഫു ച്യപാവോ ഗ്രാ മത്തിൽ ക്യാമ്പടിച്ചിരുന്നു. അവർ തോക്കുകളുടെ ഗർ ജനം കേൾക്കുകയുണ്ടായി. എന്നാൽ ശത്രു അടുത്തെ ത്തിയതിൻെറ യാതൊരു മുന്നറിയിപ്പും അവർക്കു കി ട്ടിയിരുന്നില്ല. എങ്കിലും തോക്കിൻെറ ഗർജനം അ വരെ ബേജാറാക്കി. ഈ അവസാന നിമിഷത്തിൽ യൂനാ ചോഷിയിലെ ജനങ്ങൾ തന്നെ ഗറില്ലാ സംഘ ത്തിൻെറ രക്ഷയ്ക്കു് ഓടിയെത്തി.

ജീവൻ പണയപ്പെടുത്തിക്കൊണ്ടു് ഒരു കൃഷി ക്കാരൻ, ചീറിപ്പായുന്ന വെടിയുണ്ടകളുടെ നടുവിലൂ

ടെ ഓടി രക്ഷപ്പെടുകയും ഫ്ല ച്യപാവോയിലെത്തി ഗറില്ലാസംഘത്തിനു നേരിട്ടിരിക്കുന്ന ആപത്തിനെപ്പറ്റി വിവരം കൊടുക്കുകയും ചെയ്തു. അവർ അതിവേഗം കുതിച്ചെത്തി. പിൻനിരയിലൂടെ യുദ്ധം തുടങ്ങി. ശത്രുവിനെ നാമാവശേഷമാക്കി. ആ ഏറ്റുമുട്ടലിൽ വളരെയേറെ ജാപ്പുഭടന്മാർ കൊല്ലപ്പെട്ടു. കുറെ പേരെ തടവുകാരായി പിടിക്കുകയും ചെയ്തു.

കുറച്ചു സമയം കഴിഞ്ഞപ്പോഴേയ്ക്കും ജാപ്പ് ആക്രമികൾ ആ ഗ്രാമത്തെ വീണ്ടും ആക്രമിച്ചു. ഗ്രാമം ജനശൂന്യമായി കാണപ്പെട്ടു. ശത്രു പകപോക്കാൻ ഗ്രാമത്തിലേയ്ക്കു് വീണ്ടും വരുമെന്നു് മനസ്സിലാക്കിയ അവിടുത്തെ ആബാലവൃദ്ധം ജനങ്ങളും കെട്ടും ഭാണ്ഡവുമായി സ്ഥലംവിട്ടിരുന്നു.

തങ്ങളുടെ പ്രതികാരവും പകയും തീർക്കുന്നതിനു് ആരെയും അവർക്കു പിടികിട്ടിയില്ല. അവസാനം വില്ലേജു കാവൽക്കാരനായ വൃദ്ധനെ അവർ പിടിച്ചു. വിശപ്പടക്കാൻ ഭക്ഷണ പദാർഥങ്ങൾ തേടി വരുവാൻ അവർ വൃദ്ധനോട് ആജ്ഞാപിച്ചു. അവർ വൃദ്ധനെ ഇടവഴികളിൽ കൂടി നടത്തിക്കൊണ്ടു് പോകുമ്പോൾ ഓർക്കാപ്പുറത്ത് അയാൾ രക്ഷപ്പെടുകയും ഹ്ലലാൻെറ വീടിനുമുമ്പിലുള്ള കിണററിൽ ചാടുകയും ചെയ്തു. ഇങ്ങനെ ധൈര്യം പകരുന്നതും എന്നാൽ ദയനീയവുമായ ഒരു സംഭവം അവിടെ നടന്നു.

അടുത്ത പ്രദേശങ്ങളിലെ ഏറ്റുമുട്ടലുകൾ യുനാചോഷിയിലെ നാടുവാഴിത്തത്തെ ദുർബലപ്പെടുത്തിയിരുന്നു. ഇതു് വിപ്ലവപ്രവർത്തനങ്ങൾക്കു് നേട്ടമുണ്ടാക്കിക്കൊടുത്തു. ശത്രുവുമായുള്ള ഏറ്റുമുട്ടലുകൾ മൂലം ജനങ്ങളുടെ ആഗ്രഹങ്ങൾ സംരക്ഷിക്കപ്പെട്ടു.

അതു ജനങ്ങളെ വിപ്ലവത്തിനു സന്നദ്ധരാക്കി. ഈ ഒരു പരിതഃസ്ഥിതി ഉളവായതു മൂലം നിരവധി ജാപ്പ് വിരുദ്ധപടയാളികൾ ഈ ഗ്രാമത്തിൽ വന്നു് തങ്ങുവാൻ തുടങ്ങി. ഗ്രാമീണർ അവരെ ഒളിവിൽ താമസിപ്പിയ്ക്കുവാൻ സന്തോഷത്തോടെ തയ്യാറായി.

ഈ വില്ലേജിലെ ഒരു യുവാവായ ചെൻതാവോ 1940-ൽ തന്നെ രഹസ്യമായി കമ്യൂണിസ്റ്റ് പാർടിയിൽ ചേരുകയും മെല്ലെ മെല്ലെ ഗ്രാമത്തിൽ പാർടി പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തിരുന്നു. വനഷെ പ്രദേശം കൈയടക്കി വാണിരുന്ന ജപ്പാൻ കാർ ബലപ്രയോഗത്തിലൂടെ "സാർവദേശീയ സമാധാന ദൗത്യം" ഫലപ്രദമായി നടപ്പാക്കാൻ തുടങ്ങി. അവിടെ സ്ഥിതിഗതികൾ വഷളായപ്പോൾ വനഷെയിലെ പാർടി കമ്മിററിയും ജില്ലാക്കമ്മിററിയിലെ പ്രമുഖനേതാക്കളും യൂനാചോഷിയിൽ വന്നു് ഒളിവിൽ താമസമാക്കി. യൂനാചോഷിയെ ചൂണ്ടിക്കൊണ്ടു് ശത്രുക്കൾ പറയാറുണ്ടു്. "ഇതൊരു ചെറിയ യെനാനാണു്."

അടുത്ത വില്ലേജായ പാവോ ഷെചാങ് രാഷ്ട്രീയമായി പിന്നോക്കമായിരുന്നു. അവിടുത്തെ പാർടിക്കു് യോഗംകൂടാൻ മററു ഗ്രാമങ്ങളെ ആശ്രയിക്കേണ്ടി വന്നു. അവർ മിക്കപ്പോഴും യൂനാചോഷിയിലേയ്ക്കാണു് വന്നിരുന്നതു്. പാവോഷെചാങിലുള്ള സഖാവ് ഹാൻ ഫെൻ അക്കാലത്തു് വനഷെ പ്രദേശത്തെ അഞ്ചാം ജില്ലാ പാർടി സെക്രട്ടറി ആയിരുന്നു. അദ്ദേഹത്തെ അറസ്ററു ചെയ്യുന്നതിനു് ജാപ്പ് ആക്രമികൾ പലപ്പോഴും ശ്രമിച്ചു നോക്കിയെങ്കിലും യൂനാ ചോഷിയിലെ ഗ്രാമീണർ അദ്ദേഹത്തെ പിടികൊടുക്കാതെ സംരക്ഷിച്ചുപോന്നു. അദ്ദേഹത്തിൻെറ

സാഹസപ്രവൃത്തിയുടെ കഥകഠം ഹ്വലാൻ കൃഷിക്കാരിൽ നിന്നു് പലപ്പോഴും കേഠക്കാറുണ്ടായിരുന്നു. അദ്ദേഹം ശത്രുക്കളെ വെട്ടിച്ചു് രക്ഷപ്പെടുന്ന സംഭവകഥകഠം ഗ്രാമീണർ വർണ്ണിക്കാറുണ്ടു്. ഒരു ദിവസം ജാപ്പു് ആക്രമികഠം ഹ്വാനിനെ അറസ്ററു ചെയ്യുവാൻ അവിടെ വന്നു. ഗ്രാമീണർ സമയം പാഴാക്കാതെ അദ്ദേഹത്തിൻെറ കയ്യിൽ പുല്ലരിഞ്ഞു കൊണ്ടുവരുന്നതിനുള്ള തൊട്ടിയും പുല്ലരിയുന്നതിനുള്ള ചെറിയ യന്ത്രവും കൊടുക്കുകയും ഒരു കൃഷിക്കാരനായ വൃദ്ധൻെറ വേഷത്തിൽ ആപൽശങ്ക കൂടാതെ അദ്ദേഹം രക്ഷപ്പെടുകയും ചെയ്തു. മറെറാരവസരത്തിൽ; നല്ല വസ്ത്രധാരണം ചെയ്തിരുന്ന മൂന്നു ശത്രു എജൻറന്മാർ ഗ്രാമത്തിനു വെളിയിൽ വെച്ചു് അദ്ദേഹത്തെ പിടിച്ചു. ഭാഗ്യമെന്നു പറയട്ടെ ഇതൊരു കൃഷിക്കാരൻ കണ്ടെത്തി. അടുത്ത മൈതാനിയിൽ ക്യാമ്പടിച്ചു കൂടിയിട്ടുള്ള ഗറില്ലാഭടന്മാരെ അയാഠം വിവരമറിയിച്ചു. ഗറില്ലകഠം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ശത്രുഎജൻറന്മാരെ അറസ്ററു ചെയ്യുകയും ചെയ്തു.

ജാപ്പു് ആക്രമണയുദ്ധകാലത്തു് ഇത്തരം ഓർമകഠം അയവിറക്കിക്കൊണ്ടു് യുനാചൊഷിയിലെ ജനങ്ങഠം അഭിമാനത്തോടെ പറയാറുണ്ടു്. "എത്ര പാർടിപ്രവർത്തകർ ഇവിടെ വന്നു പോയിരിക്കുന്നു. പക്ഷെ ഒരിക്കലും ഒരനിഷ്ടസംഭവവും ഇവിടെ വെച്ചുണ്ടായിട്ടില്ല."

ജാപ്പു്ആക്രമണവിരുദ്ധയുദ്ധം ചൈനീസ് ജനതയെ ജ്വലിയ്ക്കുന്ന ഉരുക്കാക്കി മാററി. ഏററുമുട്ടലുകളുടെ പരമ്പര അവരെ മറെറാന്നാക്കിത്തീർത്തു. ഹ്വലാൻെറ അച്ഛനും യുദ്ധത്തിൻെറ കൊടുങ്കാററിൽ പെട്ടു് തൻെറ ചെറിയൊരു ലോകത്തു നിന്നും,

തൻെറ വീട്ടിലെ കൊച്ചു മുററത്തു നിന്നും പുറത്തു കടന്നു. നിരവധി തവണ ഹൂ ലാൻ പതിവിനു വിരുദ്ധമായി അച്ഛൻ ഉടുപ്പിൻെറ കീശയിൽ ഭക്ഷണസാധനങ്ങൾ നിറച്ച് പടി കടന്നു പോകുന്നതു് കാണാറുണ്ടായിരുന്നു. മററു ഗ്രാമവാസികളോടൊപ്പം അയാളും രഹസ്യമായി പടിഞ്ഞാറൻ മലകളിലേയ്ക്കു പോവുകയാണു്. ജാപ്പ്‌വിരുദ്ധജനകീയസർക്കാരിനു് ഭക്ഷ്യപദാർഥങ്ങളും മററും എത്തിച്ചു കൊടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. 1940-ൽ കൊടുങ്കാററടിച്ചു കൊണ്ടിരുന്ന ഒരു രാത്രിയിൽ വനഷെപയിലെ ആയിരത്തോളം കൃഷിക്കാർ ഭക്ഷ്യ-ധാന്യങ്ങളുമായി പടിഞ്ഞാറൻ മല കയറുകയായിരുന്നു. കൊടുങ്കാററിൻെറ ശക്തി വഴിയിൽ വെച്ച് ഇരുപതോളം പേരുടെ ജീവൻ അപഹരിച്ചു. അവർ ചൈനീസ് മോചനത്തിനുവേണ്ടി അങ്ങനെ ജീവൻ ബലികഴിച്ചു.

ഒരവസരത്തിൽ ഹ്ലലാൻെറ അച്ഛൻ വളരെ ക്ഷീണിതനായിട്ടാണു് മടങ്ങിവന്നതു്. തളർച്ചയുണ്ടായിരുന്നെങ്കിലും ഉത്സാഹത്തോടുകൂടിത്തന്നെ തനിയ്ക്കു നേരിട്ട ആപത്തിനെപ്പററി സംസാരിയ്ക്കുകയുണ്ടായി. ഒരു ദിവസം അച്ഛനും കൂട്ടുകാരും പടിഞ്ഞാറൻ മലകളിലേയ്ക്കു് പോവുകയായിരുന്നു. ഗ്രാമത്തിൻെറ കിഴക്കുഭാഗത്തുള്ള ചിറവക്കത്തു് കൃഷിക്കാർ ഒന്നിച്ചു. ഓരോ കൃഷിക്കാരനും ഇരുതോളുകളിലും വസ്ത്രക്കെട്ടുകൾ ഏററിക്കൊണ്ടു് അർധരാത്രിയ്ക്കു മുമ്പായി പുറപ്പെട്ടു. അവർ വായനക്കാതെ വയൽ താണ്ടിപ്പോവുകയായിരുന്നു. മലയുടെ അടിവാരത്തിലെത്തിയപ്പോൾ ശത്രുവിൻെറ തോക്കുകൾ ഗർജിക്കുന്ന ശബ്ദമാണു് അവർ കേട്ടതു്. കൃഷിക്കാർ പെട്ടെന്നുണ്ടായ ഈ ആക്രമണം കാരണം ചിന്നിച്ചിതറിപ്പോയി. ചിലരുടെ തോളിൽ

നിന്നും വസ്ത്രക്കെട്ടുകൾ താഴെവീണു. ഹ്ലലാൻെറ അച്ഛൻ വസ്ത്രക്കെട്ടുകൾ മുറുകെ പിടിച്ചു കൊണ്ടു് ഓട്ട ത്തിനു വേഗത കൂട്ടി. അയാൾ ഒന്നുറച്ചിരുന്നു. ജീ വൻപോയാലും വസ്ത്രക്കെട്ടുകൾ കൈവിടില്ല.

ഈ സംഭവങ്ങളുടെ വർണ്ണന കേട്ടുകഴിഞ്ഞപ്പോൾ വീട്ടുകാർ ആദ്യം അമ്പരന്നെങ്കിലും സന്തോഷിച്ചു. ഇതുവരെ പറഞ്ഞതിനു് വിരാമമിടാറായിട്ടില്ലെന്ന അർഥത്തിൽ ഹ്ലലാൻെറ അച്ഛൻ വീണ്ടും ആവേശ ത്തോടെ പറയാൻ തുടങ്ങി; "പറഞ്ഞതു മുഴുമിക്കണ്ടേ. ജനങ്ങളുടെ സ്വത്തു് കളഞ്ഞുകുളിക്കുന്നതിലും ഭേദം മരണമാണു്." ഇത്രയും പറഞ്ഞു കൊണ്ടു് അയാൾ വീട്ടുകാരുടെ മുഖഭാവം ശ്രദ്ധിച്ചുകൊണ്ടിരുന്നു. മകളുടെ കണ്ണുകൾ തിളങ്ങുന്നതുപോലെ തോന്നി. അവൾ ആ അവസാനവാക്കുകളുടെ അർഥം ഉൾക്കൊ ള്ളാൻ ശ്രമിക്കുകയായിരുന്നു. "ഏററവും പൂർണ്ണമാ യും നടപ്പാക്കണം; ജനങ്ങളുടെ സ്വത്ത് കളഞ്ഞുകുളി ക്കുന്നതിലും ഭേദം മരണമാണു്".

യൂനാ ചോഷിയിലെ കൃഷിക്കാർ മാത്രമല്ല ഇത്ത രം ധീരത പ്രദർശിപ്പിച്ചിട്ടുള്ളൂ. അടുത്ത ഗ്രാമങ്ങ ളിൽ, വാസ്തവം പറഞ്ഞാൽ വനഷെപയിലെ വിസ് തൃത സമതലത്തിൽ നടന്നിട്ടുള്ള യുദ്ധഭൂമിയിലൊട്ടാ കെ സംഘട്ടനങ്ങളുടെ നടുവിൽ കൃഷിക്കാർ ഇത്തരം നൂറുനൂറു ധീര പ്രവർത്തനങ്ങൾ കാണിച്ചിട്ടുണ്ടു്.

ഹ്ലലാൻെറ അമ്മ, യൂനാ ചോഷി ഗ്രാമത്തിൽനി ന്നും മൂന്നുനാഴികമാത്രം ദൂരമുള്ള തെക്കൻ ഹ്ലചാപോയി യിൽ ഉള്ളവരായിരുന്നു. ആ ഗ്രാമത്തിൽ വന്ന ശത്രു വിനെതിരായ യുദ്ധത്തിൻെറ കഥകൾ കേൾക്കാൻ ഹ്ലലാൻ ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ കേട്ട കഥതന്നെ

വീണ്ടും ഹ്ളലാൻ അമ്മയെക്കൊണ്ടു് പറയിച്ചിരുന്നു: തെക്കൻ ഹ്ളചാപോയിയെ ശത്രു കീഴടക്കിയപ്പോഠം അവിടത്തെ ജനങ്ങളെയെല്ലാം ഗ്രാമഭരണം നടത്തുന്ന ആഫീസിലേക്കു് ആട്ടിത്തെളിച്ചു. ആപ്പീസിൻെറ പടിക്കൽതന്നെ ഒരു മെഷീൻഗൺ സ്ഥാപിച്ചിട്ടു് ജനങ്ങളോടു് അവർ കല്പിച്ചു. “നിങ്ങളുടെ വീട്ടിൽ ഒളിവിൽ പാർപ്പിച്ചിട്ടുള്ള പട്ടാളക്കാരുടെയും ഗറില്ലകളുടെയും വിവരം തരണം.”

പക്ഷെ ആരും ഒററികളാവാൻ തയ്യാറായില്ല. വിവരം കിട്ടുമോ എന്നു പരീക്ഷിക്കാൻ ശത്രു ഓരോ തരത്തിൽ ശാരീരിക മർദനങ്ങഠം ആരംഭിച്ചു. അതുകൊണ്ടും ഉദ്ദേശിച്ച ഫലങ്ങഠം കിട്ടിയില്ല. ശത്രു വിരട്ടാൻ തുടങ്ങി: “വിവരം തന്നില്ലെങ്കിൽ നിങ്ങളുടെ വീടെല്ലാം ചുട്ടു ചാമ്പലാക്കും.”

എന്നിട്ടും ഭീഷണി വിലപ്പോയില്ല. അവസാനം ശത്രുക്കഠം ഗ്രാമത്തിൻെറ ഒരുഭാഗത്തു് തീകൊടുത്തു. തീ ആളിക്കത്താൻ തുടങ്ങിയപ്പോഠം കൃഷിക്കാർ കോപംകൊണ്ടു് ജ്വലിച്ചു, ഇളകിമറിഞ്ഞു. ഇത്രയൊക്കെയായിട്ടും അവരുടെ വായ തുറപ്പിക്കാൻ ശത്രുവിനു കഴിഞ്ഞില്ല.

ഹ്ളലാനു് ചിൻഷേൻ എന്നൊരു കൂട്ടുകാരിയുണ്ടായിരുന്നു. അവളുടെ അമ്മയുടെ കാമുക ഭർത്താവായ അച്ഛൻ ഒരു ദുരാഗ്രഹിയായ കച്ചവടക്കാരനും ശത്രുചാരന്മാരുമായി ബന്ധമുള്ളവനുമായിരുന്നു. ശത്രുക്കളുടെ ഇടയിൽ ചാരപ്രവർത്തനം നടത്തുന്ന ലൂഫാങ്ങ് അയാളെ ചാരപ്രവൃത്തിക്കു കൊള്ളാവുന്ന മനുഷ്യനാണെന്നു മനസ്സിലാക്കി. ചോററു പട്ടാളത്തെക്കുറിച്ചു് വിവരം ശേഖരിക്കുന്നതിനു് ലൂഫാങ്ങ് കച്ചവടക്കാരനെ സമീപിക്കാൻ നിശ്ചയിച്ചു. പ്രധാന ഉദ്ദേശം,

ചോററുപട്ടാളത്തെ കൈകാര്യം ചെയ്യുക എന്നതായിരുന്നു. ലൂഫാങ്ങ് മിക്കപ്പോഴും ചിൻൻെറ വീട്ടിൽ വരാറുണ്ടായിരുന്നു. ഹൂ ലാൻ അവിടെ കളിക്കാൻ ചെല്ലുമ്പോഠം അയാളെ കാണാറുമുണ്ട്. ഹൂലാനെയും മററു കുട്ടികളെയും അയാഠം ജാപ്പവിരുദ്ധഗാനങ്ങഠം പഠിപ്പിച്ചു. അവരുടെ പ്രവൃത്തിയും വീരേതിഹാസം നിറഞ്ഞ ജീവിതവും കുട്ടികളെ പറഞ്ഞു ധരിപ്പിച്ചിരുന്നു.

1941-ൽ സമതലപ്രദേശത്തെ സ്ഥിതിഗതികളാകെ വഷളായി. അനേകം സഖാക്കളെ ക്യാമ്പിലേക്കു മടക്കിവിളിച്ചു. ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു ലൂഫാങ്ങിനെ സമതലപ്രദേശത്തേക്കു് അയച്ചു. ഒരു പഴഞ്ചൊല്ലുണ്ട്: "വിപ്ലവകാരികഠം കൊടുങ്കാററുനോക്കി പായുന്നു." ഈ സമയത്തു് ലൂഫാങ്ങ് ഒരു കച്ചവടക്കാരൻെറ വേഷത്തിലാണ് അവിടെ പ്രത്യക്ഷപ്പെട്ടതു്. അയാഠം സൈക്കിളിൽ ദേശസഞ്ചാരം നടത്തിക്കൊണ്ടിരുന്നു. ഒരിക്കൽ അയാഠം പെങ്ങ്കിങ്ങ്ചാങ്ങിൽനിന്നും ടുൻചാങ്ങിലേക്കു് സൈക്കിളിൽ പോവുകയായിരുന്നു. അപ്പോഠം പിന്നിൽനിന്നു് ഒരു പാട്ടുകേട്ടു. തിരിഞ്ഞുനോക്കിയപ്പോഠം അയാഠം അന്ധാളിച്ചുപോയി, ശത്രുവിൻെറ ചോററുപട്ടാളത്തിലെ ഒരു കുപ്പിണി വളരെ അടുത്തെത്തിയിരിക്കുന്നു. അവിടെ ലൂഫാങ്ങ് അസാധാരണ ധൈര്യം തന്നെ കൈക്കൊണ്ടു. അയാഠം സൈക്കിഠം മെല്ലെ മെല്ലെ ഓടിച്ചു. പെട്ടെന്നു് സൈക്കിളിൽ നിന്നും ചാടിയിറങ്ങി. സൈക്കിളിൻെറ ചെയിൻ കേടുവന്നിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഇറങ്ങിയതാണെന്നേ തോന്നൂ. പിന്നെ വീണ്ടും സൈക്കിളിൽ ചാടിക്കയറി. ഒരു വിനോദസഞ്ചാരിയെപ്പോലെ

സൈക്കിളുമായി മുന്നോട്ടുപോയി. കൂലിപ്പട്ടാളവും അയാളും ടുങ്ങ്ചാങ്ങിൽ താമസിക്കുമ്പോൾ ഒരു ഗുണ്ട അയാളെ ശത്രുവിനു് ഒററുകൊടുത്തു. ലൂഫാങ്ങ് പെട്ടെന്നു് വാതിൽക്കലേക്കു് ഓടിമറഞ്ഞു. ഗുണ്ട വിളിച്ചുകൂവി, "ആ പോകുന്നതാണു് ലൂഫാങ്ങ്."

മുന്നിൽ ആറടി ഉയരമുള്ള മതിൽ ലൂഫാങ്ങിനു മാർഗതടസ്സം സൃഷ്ടിച്ചു നിൽക്കുകയാണു്; പക്ഷെ ലൂ ഒട്ടും സംശയിച്ചില്ല. ഒററക്കുതിക്കു് മതിലും കവച്ചു് അയാൾ അപ്പുറമെത്തിക്കഴിഞ്ഞു. പിന്നീടു് അയാൾ അങ്ങോട്ടുമിങ്ങോട്ടും ഓടി ശത്രുവിനെ പററിച്ചു. ഒടുവിൽ വൈക്കോൽ തുറുവിനകത്തു് കയറി ഒളിച്ചു. ശത്രു എല്ലായിടവും പരതി, പക്ഷെ പിടികിട്ടിയില്ല. പിന്നീടൊരിക്കൽ ശത്രു പിടിച്ചടക്കിയ ഒരു വില്ലേജിൽ നൃത്തനാടകം നടന്നുകൊണ്ടിരിക്കുമ്പോൾ ജനങ്ങളുടെ ഇടയിൽ അയാൾ ഇരിക്കുന്നതായി ശത്രു കണ്ടെത്തി. ലൂഫാങ്ങിനെയും അയാളുടെ ധൈര്യത്തേയും ബുദ്ധിസാമർത്ഥ്യത്തേയും പററി വിശേഷിച്ചും ജനങ്ങളുമായി കൂടിക്കഴിയുന്നതിനെപ്പററി സംസാരിക്കുമ്പോഴെല്ലാം കൃഷിക്കാർ എപ്പോഴും അയാളെ പ്രശംസിച്ചിരുന്നു.

ലൂഫാങ്ങ് വഴി ഹ്ലലാൻ വളരെയധികം ഗറില്ലകളുമായി ബന്ധപ്പെട്ടു. വനഷെചയിലെ അഞ്ചാം ജില്ലാപാർടി സെക്രട്ടറിയായ ഹവാൻ ലൂഫാനുമായി അവൾ പരിചയപ്പെട്ടു. അയാൾ എത്രയോ പ്രാവശ്യം ശത്രുവിൻെറ പിടിയിൽനിന്നും അത്ഭുതകരമാംവിധം രക്ഷപ്പെട്ട ആളായിരുന്നു. ജില്ലയിലെ മഹിളാപ്രവർത്തകയായ ലീഷെചമെയിയുമായും അവൾ ബന്ധപ്പെട്ടു. സ്ഥലത്തെ പ്രധാന പ്രവർത്തകനായ ചെൻതാവോവുമായി അവൾക്കു് ഉററ ബന്ധമുണ്ടായിരുന്നു.

ഹ്വലാൻ നല്ലവരും ഉയർന്ന നിലവാരം പുലർത്തുന്നവരും വിപ്ലവകാരികളുമായ പ്രവർത്തകന്മാരുമായി ബന്ധപ്പെട്ടിരുന്നു. എന്നുമാത്രമല്ല, അവരിൽ നിന്നും ലഭിച്ചിരുന്ന സാഹസിക പ്രവർത്തനങ്ങളുടെ നിരവധി കഥകൾ ഒരു നൂലിന്മേലെന്നവണ്ണം മനസാ കോർത്തിണക്കുകയും ചെയ്തിരുന്നു. അവരുമായി ബന്ധപ്പെടാൻ തുടങ്ങിയശേഷം അവളുടെ കുടുംബത്തിലെ പ്രശാന്തജീവിതത്തിൽ പൂർണമായ ഒരു അധ്യായം തുറക്കപ്പെട്ടു. അവൾക്ക് തൻെറ കൺമുമ്പിൽ പുതിയൊരു ലോകം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഈ ലോകത്തിലെങ്ങും നടക്കുന്ന ഭീകരസംഘട്ടനങ്ങളും അതിലെ ധീരോജ്ജ്വലകഥകളും അവളെ ആകർഷിക്കാൻ തുടങ്ങിയിരിക്കുന്നു.

അവരുടെ വിപ്ലവപരവും സംഘർഷം നിറഞ്ഞതുമായ ജീവിതത്തെ അവൾ പ്രശംസാർഹമായ കാഴ്ചപ്പാടിലൂടെ നോക്കിക്കണ്ടു.

ലിഷോമേയി ഒരു സ്ത്രീ ആയിരുന്നിട്ടും വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതു കണ്ടപ്പോൾ ഹ്വലാനെ അതു് കൂടുതൽ ആവേശഭരിതമാക്കി. കുട്ടിപ്രായം വിട്ടിട്ടില്ലാത്ത അവൾ താനും അവരെപ്പോലെതന്നെ പ്രവർത്തിച്ചുകാണിക്കുമെന്നു് മനസാ സങ്കല്പിച്ചു.

# 3

1944-ൽ ലൂഹ്വലാനു് പതിമൂന്നു വയസ്സ് തികഞ്ഞു. എന്നാൽ കാഴ്ചയിൽ പതിനേഴിൻെറ മതിപ്പ് തോന്നിക്കുമായിരുന്നു. അവളുടെ ദിനചര്യയിൽ ഒരു

പ്രത്യേകത ഉണ്ടായിരുന്നു. അവരം സംസാരം ചുരുക്കുകയും എല്ലാ പ്രവൃത്തികളും ഉറച്ച വിശ്വാസത്തോടെ, ഉത്തരവാദിത്വത്തോടെ ചെയ്യുകയും ചെയ്തിരുന്നു. ഗ്രാമീണരെല്ലാം പറയുമായിരുന്നു: "ഈ കുട്ടി ഒരു യുവതിയെപ്പോലെയായല്ലോ."

എട്ടുകൊല്ലത്തെ ഭീകരയുദ്ധത്തിനുശേഷം 1945 ആഗസ്റ്റിൽ ജാപ്പ് ആക്രമികരം ആത്മഹത്യാപരമായി കീഴടങ്ങിയതോടെ ചൈനയിൽനിന്നവർ പിൻവലിഞ്ഞു. സെപ്റ്റംബർ ഒന്നിന് എട്ടാംപട വനഷൈ പ്രാദേശിക കേന്ദ്രം മോചിപ്പിച്ചു. ബുദ്ധിമുട്ടുകരം അവസാനിച്ചതായി ജനങ്ങരം ആശ്വാസം കൊണ്ടു. എന്നാൽ സെപ്റ്റംബർ ഒമ്പതിന് ചിയാംഗ് കെഷേക്കും, യെൻ ഷിൻ ഷാനും ജപ്പാൻകാരുടെയും ചോററു പട്ടാളത്തിൻെറയും സഹകരണത്തോടെ വനഷൈയിലെ വിമോചനപ്രസ്ഥാനത്തിനെതിരായി യുദ്ധം പ്രഖ്യാപിച്ചു. എട്ടുകൊല്ലം നീണ്ടുനിന്ന യുദ്ധകാലത്തൊന്നും വനഷൈയിലെ കൃഷിക്കാർ ചിയാങ്ങ്-യെൻ ഷിൻ കൊള്ളക്കാരെ ഒരിക്കലും ജപ്പാൻകാർക്കെതിരായി യുദ്ധം ചെയ്യാൻ കണ്ടിട്ടില്ലായിരുന്നു. എന്നാൽ ഇപ്പോഴിതാ അവർ ജനങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ വന്നെത്തിയിരിക്കുന്നു. വനഷൈയിലെ ജനങ്ങളുടെ രോഷം ആളിക്കത്തി.

വനഷൈ പ്രദേശത്തെ തലസ്ഥാനത്തിനു പുറത്തുള്ള കൃഷിക്കാർ കമ്യൂണിസ്റ്റ്പാർടിയുടെ നേതൃത്വത്തിൽ ജ്വലിക്കുന്ന ഉരുക്കായി മാറിക്കഴിഞ്ഞിരുന്നു. ഏതു പരിതഃസ്ഥിതിയെയും നേരിടാനുള്ള പ്രാപ്തിയും തൻേറടവും അവർക്കു് ഉണ്ടായി. അതുകൊണ്ട് ചിയാങ്ങിൻെറയും യെൻഷിൻഷാൻെറയും സൈന്യങ്ങളെ അവർ ഗ്രാമത്തിൽനിന്നും ആട്ടിത്തുരത്തി.

അവർ വനഷെ തലസ്ഥാനത്തു് ഒതുങ്ങിക്കഴിയാൻ നിർബന്ധിതരായി. വനഷെ സംസ്ഥാനത്തിൻെറ തലസ്ഥാനത്തിനു പുറത്തു് എല്ലാ താലൂക്കുകളും സ്വതന്ത്രമായിക്കഴിഞ്ഞിരുന്നു. ചിയാങ്ങിൻെറയും യെൻഷിഷാൻെറയും സൈന്യങ്ങരം അവിടെ തടവുകാരെപ്പോലെ താമസിയ്ക്കാൻ നിർബന്ധിതരായി. ചുററുപാടുകരം വളരെ ഇടുങ്ങിയതായിരുന്നു, ചെറുത്തുനില്പ് ഭയാനകവും. വിപ്ലവ ശക്തികരം വളർന്നു വന്നതിൻെറ ഫലമായി എല്ലാ പ്രവർത്തന മേഖലകളിലും പുതിയ പ്രവർത്തകരുടെ ആവശ്യം വർധിച്ചു. അതുകൊണ്ടു് വനഷെ സംസ്ഥാനത്തിലെ അഞ്ചാം ജില്ല സ്ത്രീകരംക്കിടയിലെ പ്രവർത്തനത്തിനു് കുറെ മഹിളാ പ്രവർത്തകർക്കു പരിശീലനം നൽകാൻ നിശ്ചയിച്ചു. പരിശീലന നടത്തിപ്പിൻെറ ഉത്തരവാദിത്വം ലീഷ്യാമെയിയ്ക്കായിരുന്നു. എല്ലാ ഗ്രാമങ്ങളിൽ നിന്നും വിദ്യാർഥികരം തെരഞ്ഞെടുക്കപ്പെട്ടു. ലൂനാചോഷിയിലെ വടക്കുകിഴക്കു മൂന്നുനാഴിക ദൂരമുള്ള ഒരു സ്ഥലത്തായിരുന്നു പരിശീലനകേന്ദ്രം.

ഹുലാനു് ഈ വാർത്ത സന്തോഷമുളവാക്കി. അവരം വളരെ ദിവസങ്ങളായി വിപ്ലവ പ്രവർത്തനത്തിൽ പങ്കെടുക്കാനും പഠിയ്ക്കാനും അവസരം പാർത്തിരിയ്ക്കുയായിരുന്നു.

അവരം പലപ്പോഴും പടിഞ്ഞാറൻ മലകളിലെ ഉയരം കൂടിയ കൊടുമുടികരം കണ്ണുചിമ്മാതെ നോക്കിനിൽക്കാറുണ്ടായിരുന്നു. അവിടെ താമസിയ്ക്കുന്നവരുടെ ജീവിതത്തെപ്പററിയും ഏററുമുട്ടലുകളെപ്പററിയും അവരം മനസാ പല ചിത്രങ്ങളും വരയ്ക്കാറുണ്ടു്. അവരം അമ്മയോടു് പറയുമായിരുന്നു-. "......അമ്മേ ഞാൻ അവിടേയ്ക്കു പോവാൻ എത്ര ആഗ്രഹിയ്ക്കുന്നു.

നമ്മുടെ പഴയ വിപ്ലവകാരികളുടെ സങ്കേതം അവി ടെയാണല്ലോ. അവിടെ എത്തിച്ചേർന്നിരുന്നെങ്കിൽ എന്തെല്ലാം പഠിയ്ക്കാമായിരുന്നു! വിപ്ലവ പ്രവർത്ത നങ്ങളിൽ ഏർപ്പെടാൻ കഴിയുമായിരുന്നു. അവി ടെയ്ക്കുപോവാൻ ഞാൻ കൊതിയ്ക്കുന്നു."

ഛലാൻ ഇക്കാര്യം എടുത്തിട്ടാൽ മുത്തശ്ശി ഇട യിൽക്കയറി തടസ്സം നിന്നിരുന്നു. അവസാനമായി ഇപ്പോഴം പഠിയ്ക്കാനും വിപ്ലവ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കൈവന്നിരിയ്ക്കുന്ന ഈ അവസരം പാഴാക്കരുതെന്നു് അവഠം ഉറച്ചു. എന്നാൽ വീട്ടിൽ ഉണ്ടാകാവുന്ന എതിർപ്പ് അവളെ വിഷമിപ്പിക്കുക യും ചെയ്തിരുന്നു. മുത്തശ്ശിയെ സമ്മതിപ്പിയ്ക്കാനാണു് ഞെരുക്കം മുഴവനും.

സംഭവിച്ചതും അതുതന്നെയായിരുന്നു. ഛലാ ൻെറ കുടുംബം പരിശീലനത്തിനുപോവാൻ അവളെ അനുവദിച്ചില്ല.

ഛലാൻ കുടുംബം പാരമ്പര്യം നോക്കുന്ന ഒരു ഇ ടത്തരം കുടുംബമായിരുന്നു. യുദ്ധം വന്നപ്പോഠം ഏ റമുട്ടലുകളുടെ കറക്കത്തിൽപ്പെട്ടു് അവഠം ചിലതെ ല്ലാം പഠിച്ചു.അതുകൊണ്ടു്കമ്യൂണിസ്റ്റ്പാർടിയെയും ബഹുജന മുന്നണിയെയും അവഠം പിന്താങ്ങി. പ ക്ഷെ, മുൻകാലജീവിതത്തിൽ അവർക്കു് പരമ്പരാഗ തമായി കിട്ടിയ ഒരു ചരിത്രമുണ്ടു്: ഛലാൻ ഗ്രാമത്തി ലെ ഉത്തരവാദപ്പെട്ട പ്രവർത്തകയായി തീർന്നാൽ അ വഠംക്കു് നിത്യവും പുതിയ പുതിയ വഴക്കിലും പുക്കാ റത്തിലും ഇടപെടേണ്ടി വരും. അതു് അവരെ ബേജാ റാക്കി. അവർ സ്വതവെ മററുള്ളവരുടെ ഏടാകൂടങ്ങ ളിൽ തലയിടാതെ രക്ഷപ്പെട്ടു നിൽക്കുകയാണു്. പിന്നെ ഛലാനാണെങ്കിൽ ചുമതല വഹിയ്ക്കാൻ കഴി

യാത്ത ഒരു സാധാരണ പെൺകുട്ടിയും. അവരുടെ ഗ്രാമത്തിൽ ഇതുവരെ ഒരു കാര്യത്തിലും ഒരു പെൺകുട്ടിയും കൈകാര്യ കർതൃത്വം വഹിച്ചിട്ടുമില്ല. ഇങ്ങനെ പല തടസ്സങ്ങളും ഛ്വലാനെ പരിശീലനത്തിനയയ്ക്കുന്ന കാര്യത്തിൽ അവർക്കു് പറയാനുണ്ടായിരുന്നു.

ഒരു ദിവസം ലൂഫാങ്ങ് ചിരിച്ചുകൊണ്ടു് ഛ്വലാനോട് ചോദിച്ചു; "പരിശീലന ക്ലാസുകളിൽ നീ പങ്കെടുക്കാൻ പോകുന്നില്ലേ?"

സംശയവും നിരാശയും കാരണം ഛ്വലാൻ ഒന്നും പറയാതെ ഒഴിഞ്ഞുമാറി; കേട്ടില്ലെന്ന മട്ടിൽ.

അവൾ തൻെറ കൂട്ടുകാരിയായ ചെ്വൻഷെനിനെ കാണാൻ പോയി. അവളുമായി ഇക്കാര്യം സംസാരിച്ചു. അവൾക്കു് ഉത്സാഹം വർധിച്ചു. അവൾ പറഞ്ഞു: "ഞാനാണെങ്കിൽ തീർച്ചയായും പോവും."

പിന്നീട് ചിവൻഷെൻ ഈ വിഷയത്തെപ്പറ്റി അമ്മയുടെ കാമുകനായ അച്ഛനോട്ടു് അഭിപ്രായമാരാഞ്ഞു. അദ്ദേഹം ആലോചിക്കാൻ പോലും തുനിയാതെ പരിശീലനത്തിനു പോവാൻ സമ്മതിച്ചു. ചിവൻഷെനിന്നു നിഷ്പ്രയാസം അനുമതി കിട്ടിയെന്നു കണ്ടപ്പോൾ ഛ്വലാനു് അവളുടെ നേരെ അല്പം അസൂയ തോന്നി.

കുട്ടിക്കാലത്തുതന്നെ ഛ്വലാനു് ചിവൻഷെനിനോട്ടു് പല കാര്യത്തിലും അസൂയ തോന്നാറുണ്ടു്. പുതിയ ചെരിപ്പോ ഉടുപ്പോ ഇട്ടുകൊണ്ടു് ചിവൻഷെനിനെ കണ്ടാൽ അവൾ വീട്ടിലേയ്ക്കു് ഓട്ടം പിടിക്കും. പിന്നെ അവിടെ പുതിയ ചെരിപ്പിനും ഉടുപ്പിനും വേണ്ടിയുള്ള വാശിയായി. അവൾ ചോദിച്ചു: "മററു കുട്ടികൾക്കു് പുത്തൻ ചെരിപ്പും ഉടുപ്പും കിട്ടുമ്പോൾ എനിക്കു് മാത്രം എന്തുകൊണ്ടു് കിട്ടുന്നില്ല".

അവളുടെ അമ്മയും മുത്തശ്ശിയും അവളോട് പറയുമായിരുന്നു! "ചവിൻഷെനിന്റെ, അച്ഛൻ കച്ചവടക്കാരനാണ്. അയാാക്ക കൃഷിക്കാരെപ്പോലെ പാടത്തിറങ്ങി കൃഷി ചെയ്യേണ്ട. ചവിൻഷെനിനു പുതിയ ഉടുപ്പുകളും മററും കിട്ടുന്നതു് അധ്വാനിച്ചോ ചോര വിയർപ്പാക്കിയിട്ടോ അല്ല. ചവിൻഷെനിന്റെ ഉടുപ്പുകാം പട്ടണത്തിൽനിന്നും വാങ്ങുകയാണ്. എന്നാൽ നിനക്കുള്ള ഉടുപ്പുകാം സ്വന്തം ഭൂമിയിൽ ഉണ്ടാകുന്ന പഞ്ഞി വീട്ടിലെത്തിച്ച് നൂററുനൂലാക്കി നെയ്തുണ്ടാക്കുന്ന കനത്ത തുണിയാണ്" "ഫ്ലലാൻ മുത്തശ്ശി നിന്നെ ചർക്ക തിരിയ്ക്കാൻ പഠിപ്പിയ്ക്കാം" മുത്തശ്ശിയ്ക്ക് ചർക്കതിരിയ്ക്കാൻ നന്നായറിയാം. അവർ അവളെ അതു പഠിപ്പിച്ചു. ഫ്ലലാൻ കുട്ടിയായിരുന്നെങ്കിലും ഒരു ദിവസം നാലുകഴി നൂലുവരെ നൂററിരുന്നു. ഇപ്പോാം അവാംക്കും പുതിയ ഉടുപ്പുകാം കിട്ടിതുടങ്ങി. തടിച്ച തുണിയായിരുന്നെങ്കിലും അതു ധരിയ്ക്കുമ്പോാം സന്തോഷംകൊണ്ടു് തുള്ളിക്കളിച്ചിരുന്നു. അത്രയ്ക്ക് ആനന്ദം ചവിൻഷെനിനുണ്ടായിരുന്നില്ല. തന്റെ ഉടുപ്പിനെപ്പററി വർണിയ്ക്കാൻ തുടങ്ങിയാൽ ഫ്ലലാൻ അതൊന്നും ശ്രദ്ധിയ്ക്കാതെയായി. മാത്രമല്ല താൻ ചവിൻഷെനിൽനിന്നും വ്യത്യസ്തയാണെന്ന ബോധം ഉണ്ടാവുകയും ചെയ്തു. താനൊരു അധ്വാനിയ്ക്കുന്ന കുടുംബത്തിലെ സന്താനമാണെന്നും സത്യസന്ധതയോടുകൂടി അധ്വാനിച്ചു ജീവിയ്ക്കുന്ന ഒരു കുടുംബമാണ് തന്റേതെന്നും അവാം മനസ്സിലാക്കി.

കുട്ടിക്കാലത്തുണ്ടായിരുന്ന അസൂയ ഇപ്പോാം ഇല്ലെങ്കിലും ഇത്ര അനായാസമായി തന്റെ കൂട്ടുകാരി പരിശീലനകേന്ദ്രത്തിൽ പോവാൻ അനുമതി വാങ്ങിയപ്പോാം ഫ്ലലാന്റെ ഹൃദയത്തിൽ മറെറാരു തരം

അസൂയ സ്ഥലം പിടിച്ചു. ചപിൻഷെൻ പോവാനുള്ള ഒരുക്കംകൂട്ടലിൽ മുഴകിക്കഴിഞ്ഞു. ഫ്ലലാനു് ഒന്നും പറയാനില്ലായിരുന്നു. അപ്പോഴും അവളുടെ മനസ്സിൽ സംഘട്ടനം കൊടുമ്പിരിക്കൊള്ളുകയായിരുന്നു. പ്രവർത്തകർ: "ഫ്ലലാൻ, പരിശീലന ക്ലാസുകൾ തുടങ്ങാറായി." എന്നു പറയുമ്പോൾ ആദ്യമാദ്യം അവൾ മിണ്ടാതിരിയ്ക്കും. പിന്നീടു് അവൾ അവരുടെ നേരെ നോക്കി ചിരിയ്ക്കാനും തുടങ്ങി.

ഒക്ടോബർ 14-ാം തീയതി രാവിലെ ഫ്ലലാൻ ആരുമറിയാതെ ചപിൻഷെനിനോടു് പറഞ്ഞു: "വേഗം പുറപ്പെടൂ; സമയം വൈകുന്നു." അവൾ വീട്ടുകാരെ അറിയിയ്ക്കാതെ വീടുവിട്ടു് പരിശീലന ക്ലാസിൽ പങ്കെടുക്കാൻ നിശ്ചയിച്ച വിവരം ലിഷെചമെയിയോടു പറഞ്ഞപ്പോൾ അവിടെ ഉണ്ടായിരുന്നവരെല്ലാം അത്ഭുതപ്പെട്ടുപോയി. തന്നെക്കാൾ പ്രായം കൂടിയ സഖാക്കളുടെ ഉദാഹരണങ്ങൾ എടുത്തു കാണിച്ചുകൊണ്ടു് അവൾ തികഞ്ഞ മനഃസമാധാനത്തോടെയും എടുത്തുചാട്ടം കൂടാതെയും അങ്ങനെ ഒരു ധാരണയിൽ എത്തിക്കഴിഞ്ഞിരുന്നു.

വിപ്ലവപ്രവർത്തനത്തിനു് വീടുവിട്ടു് ഒളിച്ചോടിയിട്ടുള്ള പല സഖാക്കളെപ്പററിയും ഫ്ലലാനു് അറിയാമായിരുന്നു. ജാപ്പാക്രമണ വിരുദ്ധ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ എട്ടാം പടയിൽ ചേരാൻ അവളുടെ അമ്മയുടെ ചെറിയ സഹോദരൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ വീട്ടുകാർ അതിനെതിരായിനിന്നു. അവസാനം തൻെറ ലക്ഷ്യം നേടാൻ അയാൾക്ക വീട്ടിൽനിന്നും ഒളിച്ചോടേണ്ടിവന്നു. ഫ്ലലാൻെറ അമ്മ തന്നെ മിക്കപ്പോഴും ഈ കഥ തമാശയായി പറയാറുണ്ടായിരുന്നു.

ആ ഗ്രാമത്തിൽനിന്നും നാലു പെൺകുട്ടികഠം പരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ മുന്നോട്ടു വന്നു. എന്നാൽ വ്യത്യസ്ത രീതിയിലാണ് അവർഎത്തിച്ചേർന്നതു്. ചിൻഷെനും മങ് എന്നുപേരായ സ്ത്രീയും കുടുംബക്കാരറിയെതന്നെ പരിശീലനത്തിനു പുറപ്പെട്ടവരായിരുന്നു. അതുകൊണ്ടു് അവർ പുറത്ത് കെട്ടും മുറുക്കി തുറന്ന രീതിയിൽ പെരുവഴിയിൽ കൂടി തന്നെ നടന്നു പോയി. ഘ്ലാനും യു വിലാൻ എന്ന പെൺകുട്ടിയും വീട്ടിൽ നിന്നും ചാടി പോന്നിരുന്നതുകൊണ്ടു് വളഞ്ഞ വഴിയിൽ കൂടി പതുങ്ങിപ്പതുങ്ങി പോകേണ്ടി വന്നു.

. വില്ലേജിനു വെളിയിൽ മുൻകൂട്ടി പറഞ്ഞുവെച്ചിരുന്ന സ്ഥലത്തു് അവരെല്ലാം ഒന്നിച്ചു. അവിടെ നിന്നും എല്ലാവരും കളിതമാശ പറഞ്ഞുകൊണ്ടു് അതിവേഗം നടന്നകലാൻ തുടങ്ങി. പകുതിവഴി എത്തും മുമ്പെ ഒരു മനുഷ്യൻ പിന്നാലെ ഓടിവരുന്നതും എന്തൊക്കെയോ വിളിച്ചു കൂവുന്നതും അവർ കേട്ടു. ഘ്ലാൻ വല്ലാതെ പരിഭ്രമിച്ചു. വീട്ടിൽ നിന്നു് ആരെങ്കിലും അവളെ തിരികെ കൂട്ടിക്കൊണ്ടു വരാൻ വന്നതാണെന്നു് അവഠം കരുതി. ആഠം അടുത്തു വന്നപ്പോഠം അവളുടെ ശ്വാസം നേരെവീണു. അതു യു വിലാൻെറ അമ്മാവനായിരുന്നു. ഇപ്പോഠം അവഠംക്കു് തൻെറ കൂട്ടുകാരി നഷ്ടപ്പെടുമോ എന്ന വേവലാതിയായി. വിയർത്തു കുളിച്ചു് ശ്വാസംപിടിച്ച യു വിലാൻെറ അമ്മാവൻ മുറവിളി കൂട്ടി, “നിൻെറ അച്ഛൻ സുഖമില്ലാതെ മരിയ്ക്കാൻ കിടക്കുമ്പോഠം നീ ഒളിച്ചോടി പോന്നിരിയ്ക്കുന്നു, അല്ലേ?എൻെറ കൂടെ വീട്ടിലേയ്ക്കു പോന്നോ, അതാ നല്ലതു്.”

യു വിലാൻ വീട്ടിലേക്കു തിരിച്ചു പോരാൻ തയ്യാറില്ലായിരുന്നു. അവഠം അമ്മാവനുമായി തർ

ക്കത്തിൽ ഏർപ്പെട്ടു. വാശിയേറിയ വാദപ്രതിവാദ മായി. എന്നാലും അമ്മാവൻ ധൈര്യം കളയാതെ സമാധാനിപ്പിക്കുവാനും ഭീഷണിപ്പെടുത്തുവാനും തുടങ്ങി. "നിൻെറ അച്ഛൻ രോഗശയ്യയിൽ കിടക്കുന്നു. നീ ഓടിപ്പോന്ന വിവരം അദ്ദേഹം അറിഞ്ഞിരിക്കുന്നു. അദ്ദേഹം നിലവിളിച്ചു കൊണ്ടിരിയ്ക്കുയാണ്." അതുകേട്ടപ്പോൾ ദൈന്യത അനുഭവപ്പെട്ടെങ്കിലും അവൾ തിരിച്ചു പോവാൻ വിസമ്മതിച്ചു. "ഞാനൊരു വഴി പറയാം. ഒന്നു രണ്ടു ദിവസത്തേക്കു നീ വീട്ടിലേയ്ക്കു പോരണം. അച്ഛനു സുഖപ്പെട്ടാൽ പരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ നീ പോന്നു കൊള്ളുക. ഇതും നീ കേൾക്കില്ലേ?" യു വിലാൻ കരഞ്ഞു പോയി. അവൾ തിരിച്ചു നടന്നു. കൂട്ടുകാരികളിൽനിന്നും അകന്നു കഴിഞ്ഞു. അമ്മാവൻെറ പിന്നാലെ അവൾ വീട്ടിലേക്കു പോയി. വിപ്ലവത്തിൽ പങ്കെടുക്കാൻ വേണ്ടി വീട്ടുകാരുടെ സമ്മതമില്ലാതെ ഒളിച്ചോടി പോന്നിട്ടുള്ള എല്ലാ യുവാക്കൾക്കും പിന്നീട് വീട്ടിലേക്കു തിരികെ പോരേണ്ടി വരുമ്പോൾ ഉണ്ടാവുന്ന സങ്കടവും കരച്ചിലും അവൾക്കുമുണ്ടായി. അവൾ കുറെ കരഞ്ഞു. തന്നോടു തന്നെ സമരം ചെയ്തു നോക്കി. പക്ഷെ അതെല്ലാം പാഴായി. യു വിലാൻ ചൈനീസ് ജനതയുടെ മോചനത്തിനുവേണ്ടിയുള്ള അവസാന പോരാട്ടക്കാലത്തുപോലും വീട്ടിൽനിന്നും പുറത്തിറങ്ങി വരുകയുണ്ടായില്ല. അങ്ങനെ ഒരു മഹത്തായ യുഗം അവളെ തൊട്ടുരുമ്മി കടന്നു പോയി. അവളെ പിന്നീട് കാണാൻ കഴിഞ്ഞിട്ടേയില്ല.

ഛ്വലാൻ നിരുത്സാഹത്തോടെ യു വിലാൻെറ ശരീരം ദൂരേയ്ക്കു നീങ്ങുന്നതും കണ്ടുനിന്നു. അവളുടെ

കണ്ണുകരം നിറഞ്ഞു. സമയം പോവുകയാണ്. അവർ മൂന്നുപേരും ഒന്നും സംസാരിക്കാനാവാതെ വേഗം വേഗം നടക്കാൻ തുടങ്ങി. മൂന്നുനാഴിക ദൂരമേ ഉണ്ടായിരുന്നുള്ളുവെങ്കിലും വളരെ സമയമെടുത്ത് ദുർഘടം പിടിച്ച വഴിയിലൂടെ അവർക്കു പോകേണ്ടിവന്നു.

ഫലാൻ ഇടയ്ക്കിടെ പിന്നോക്കം തിരിഞ്ഞുനോക്കിയിരുന്നു. വീട്ടിലേക്കു മടങ്ങിയ കൂട്ടുകാരിയെ അല്ല അവരം നോക്കിയിരുന്നത്. തൻെറ അച്ഛൻ ഇടയിൽ ചാടിവീണ് തന്നെയും തിരിച്ചുകൊണ്ടു പോവുമോ എന്ന ഭയമാണ് അവരംക്കുണ്ടായിരുന്നത്. വീട്ടിൽനിന്നും ഒളിച്ചോടി പോരുന്നത് മോചനം നേടലല്ലെന്ന് അവരം മനസ്സിലാക്കി. വീണ്ടും തിരിച്ചുചെല്ലേണ്ടത് അവിടേയ്ക്കു തന്നെയാണ്. വിപ്ലവത്തിൻെറ മാർഗം പിന്തുടരാൻ കഴിയണമെങ്കിൽ ഉയർന്ന ബോധംതന്നെ വേണം.

മൂന്നു വിദ്യാർഥിനികളും നടന്നേക്കാവുന്ന ചിലതിനെപ്പററി ശ്രദ്ധമനസ്സോടെ ചർച്ചചെയ്യാൻ തുടങ്ങി. കുറച്ചു ദിവസങ്ങരംക്കുശേഷം യു വിലാൻെറ വീട്ടുകാർ ഒരുപക്ഷെ അവളെ പരിശീലന ക്ലാസുകളിലേക്കു പറഞ്ഞയച്ചേക്കും. അവരെ എന്തൊക്കെയോയിരിക്കും പഠിപ്പിക്കുക. പലതും അവർ ഊഹിച്ചു പറയാൻ തുടങ്ങി. എന്നാൽ ഫലാനാകട്ടെ തങ്ങരം പഠിക്കേണ്ട പാഠത്തിൽ ആദ്യത്തേത് വിജയകരമായി പഠിച്ചിരിക്കുന്നു എന്നവരം മനസ്സിലാക്കി. അതിൽ ഒരു കൂട്ടുകാരി പരാജയപ്പെടുകയും ചെയ്തു. ഫലാൻ വീടുവിട്ടിറങ്ങി ഏതാനും മണിക്കൂറുകരം കഴിഞ്ഞപ്പോരം ഗ്രാമം മുഴവനും ആ വാർത്ത പരന്നു. നാലു പെൺകുട്ടികരം പരിശീലനത്തിനു പോയിരിക്കുന്നു എന്നു കേട്ട മാത്രയിൽ ഫലാൻെറ അറുപതു

കഴിഞ്ഞ മുത്തശ്ശി തൻെറ പേരക്കുട്ടിയെ അന്വേഷിച്ചു പുറപ്പെട്ടു. ഹ്വലാനെ അവളുടെ മുത്തശ്ശിയാണ് എടുത്തുവളർത്തിയത്. അവളെ പ്രസവിച്ചതോടെ അമ്മയ്ക്കു രോഗം പിടിപെടുകയും കുട്ടിക്കു മുലകൊടുക്കാൻ കഴിയാതാവുകയും ചെയ്തു. അവൾ മുത്തശ്ശിയെ വിട്ടു പിരിഞ്ഞിരുന്നില്ല. ഹ്വലാൻ അവരെ സ്നേഹിക്കുന്നുണ്ടെന്നും മുത്തശ്ശിക്കറിയാമായിരുന്നു. മുത്തശ്ശിക്കു സുഖക്കേടു വന്നാൽ ഹ്വലാൻ വിങ്ങിപ്പൊട്ടിക്കരയുമായിരുന്നു. അങ്ങനെയുള്ള ഒരു കുട്ടി ഒളിച്ചോടി പോകത്തക്കവിധം ഇത്ര നിർദയയായിത്തീർന്നതെങ്ങനെ?

മുത്തശ്ശി ഗ്രാമം മുഴുവൻ ഹ്വലാനെ അന്വേഷിച്ചു നടന്നു. അവസാനം മടങ്ങിവന്ന് ഒരിടത്തിരുന്നുകൊണ്ട് അവർ വിങ്ങിവിങ്ങിക്കരഞ്ഞു. പുത്രവധുവിനെ കണക്കററു ശകാരിച്ചു. "ഹ്വലാൻ എവിടെയാണെന്ന് നിങ്ങൾക്കറിയാം. പക്ഷെ എന്നോട് പറയാതിരിക്കുകയാണ്."

ആ സമയം ഹ്വലാൻെറ മാതാപിതാക്കളും അവളെപ്പററി തലപുകഞ്ഞാലോചിക്കുകയായിരുന്നു. മുത്തശ്ശി ഭക്ഷണം കഴിക്കാൻ കൂട്ടാക്കിയില്ല. മററുള്ളവർക്കും വിശപ്പുണ്ടായിരുന്നില്ല. മകനേയും പുത്രവധുവിനേയും കുറെ പഴി പറഞ്ഞശേഷം മുത്തശ്ശി ഹ്വലാനെയും ചീത്തപറയാൻ തുടങ്ങി. "ഇത്രയും കാലം ഞാനാണ് അവളെ വളർത്തിയത്. ഞാൻ പറഞ്ഞപോലെ അനുസരിക്കേണ്ടവളാണ് അവൾ. അവളെ ഉടനെ വിളിച്ചുകൊണ്ടു വരണം. അവളെ ഞാൻ........ തല്ലി എല്ലൊടിക്കും."

ഹ്വലാൻെറ മുത്തശ്ശി ഉറച്ച തീരുമാനമെടുത്തു. അവർ ഹ്വലാനെ പാഠം പഠിപ്പിച്ചേ അടങ്ങൂ. ഇതിനിടയിൽ ഹ്വലാൻെറ അമ്മ പരിശീലനകേന്ദ്രം എവിടെയാണെന്ന് അന്വേഷിച്ചറിഞ്ഞു് മുത്തശ്ശിയെ

വിവരം ധരിപ്പിച്ചു. പിറേറന്നു രാവിലെതന്നെ എവിടെ നിന്നോ ഒരു വണ്ടി കൊണ്ടുവന്നു അമ്മയും മകനും പരിശീലനകേന്ദ്രത്തിലേക്കു പുറപ്പെട്ടു.

തലേദിവസം യുവിലാൻെറ അമ്മാവൻ അവളെ എങ്ങനെയാണ് മടക്കിക്കൊണ്ടു പോയതെന്ന് ഥലാൻ കണ്ടതാണ്. മുത്തശ്ശി തന്നെക്കാണാൻ വന്നിട്ടുണ്ടെന്നു മനസ്സിലാക്കിയ ഥലാൻ അവരെ കാണുകയില്ലെന്ന് നിശ്ചയിച്ചുകൊണ്ട് എവിടെയോ പോയി ഒളിച്ചു.

സഖാവ് ലിഷേപമേയി ഥലാൻെറ അച്ഛനെയും മുത്തശ്ശിയെയും ഹാർദമായി സ്വീകരിച്ചു. അവർക്കു വിശ്രമിക്കാൻ ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുത്തു. അവർക്കു ഭക്ഷണവും കുളിക്കാൻ ചൂടുവെള്ളവും ഉണ്ടാക്കി. എന്നാലും ഥലാൻെറ മുത്തശ്ശിയുടെ കലി മാറിയിരുന്നില്ല. "എനിക്കു ഥലാനെ കാണണം. ഞാനവളെ കൊണ്ടുപോവാൻ വന്നതാണ്. അവളെ കാണാതെ ഒന്നും ഞാൻ കഴിക്കില്ല." ഇത്രയും അവർ ഒരുവിധം പറഞ്ഞൊപ്പിച്ചു. ലിഷേപമേയി അവരെ സാന്ത്വനപ്പെടുത്തി. അവർ പറഞ്ഞു. "പരിഭ്രമിക്കാനൊന്നുമില്ല. ഏതാനും ആഴ്ചകൾ മാത്രമേ പരിശീലനക്ലാസുകൾ ഉള്ളു. അതുകഴിഞ്ഞാൽ ഥലാൻ വീട്ടിലേക്കുതന്നെ വരും." ഇതുകൊണ്ടൊന്നും മുത്തശ്ശി തൃപ്തിപ്പെട്ടില്ല. എന്നാലും ലിഷേപമേയിയെ മുഷിപ്പിക്കാതെ കുറച്ചു ഭക്ഷണം കഴിച്ചെന്നുവരുത്തി. പേരക്കുട്ടിയെ ഇപ്പോൾ വീട്ടിലേക്കു കൊണ്ടുപോവാൻ കഴിയില്ലെന്നു ബോധ്യപ്പെട്ടപ്പോൾ മുത്തശ്ശി കണ്ണീരും കയ്യുമായി തൻെറ ഗ്രാമത്തിലേക്കുതന്നെ മടങ്ങി.

മുത്തശ്ശി മടങ്ങിപ്പോയെന്നറിഞ്ഞപ്പോൾ ഥലാൻ നേരേവന്നു. അവൾക്ക് ആശ്വാസമായി. മറെറാരു

പരീക്ഷണത്തിലും അവരം ജയിച്ചിരിക്കുന്നു. ഇനിയും ഇത്തരം പരീക്ഷണങ്ങരം ഉണ്ടാവുമെന്നും അവയിൽനിന്നു രക്ഷപ്പെടാൻ സ്വയം തയ്യാറാവണമെന്നും അവരംക്കു് ഉറപ്പായി.

നാല്പതുദിവസം വളരെവേഗം കടന്നുപോയി. നവംബർ അവസാന ദിവസം ഹ്ലലാൻ വീട്ടിൽ മടങ്ങിയെത്തി. മഹിളാസംഘം പ്രവർത്തനങ്ങളെപ്പററി അവരം പരിശീലനം നേടുകയും പരീക്ഷയിൽ ജയിക്കുകയും ചെയ്തു. വീട്ടിൽ ചെന്നപ്പോരം അവരം മുത്തശ്ശിയുടെ ആലിംഗനത്തിൽ അമർന്നുപോയി. മുത്തശ്ശി നിലവിളിച്ചതുമില്ല; തല്ലി എല്ലൊടിച്ചതുമില്ല. അവർ ആശ്വാസം കൊണ്ടു; "നീ മടങ്ങിവന്നല്ലോ?"

അവളുടെ അമ്മ പുഞ്ചിരിച്ചു. മുത്തശ്ശി വീണ്ടും, "നീ പോയപ്പോരം ഞങ്ങളോടു് എന്തേ പറയാതെ പോയി? നീ മുത്തശിയെ കൊല്ലാതെ കൊന്നു."

ഹ്ലലാൻ ചിരിച്ചുകൊണ്ടിരുന്നു. മുത്തശ്ശിയും ചിരിച്ചു. അവരംക്കു് സ്വാദുള്ള എന്തെങ്കിലും പാകം ചെയ്തുകൊടുക്കണമെന്ന നിർദേശത്തോടെ മുത്തശ്ശി ചൂടുകട്ട * കൊണ്ടുണ്ടാക്കിയ കട്ടിലിൽനിന്നും താഴെയിറങ്ങി.

ഹ്ലലാൻ മടങ്ങിവന്നു് ഏതാനും ദിവസം കഴിഞ്ഞപ്പോഴേക്കും മുത്തശ്ശിക്കു രോഗം പിടിപെട്ടു. ദീനം മൂർഛിച്ചു. മരിക്കുന്നതിനുമുമ്പ് അവർ ഹ്ലലാനെ തൻെറ കയ്യോടെ ചേർത്തു് അമർത്തിക്കൊണ്ടു് പറഞ്ഞു. "ഹ്ലലാൻ! നീ നിൻെറ മുത്തശിയെ സന്തോഷി

---

* ഉത്തരചൈനയിൽ തണുപ്പുള്ള പ്രദേശത്തു് ചൂടുകട്ട വിരിച്ചു് കിടക്കാനുള്ള കട്ടിലുണ്ടാക്കുന്നു. അതിനു കീഴെ തീയിട്ടു് ചൂടുപിടിപ്പിക്കുന്നു.

പ്പിക്കില്ലേ? എൻെറ വാക്കു് അനുസരിക്കുമെന്നു് നീ സത്യം ചെയ്യണം.

ഛലാൻെറ അമ്മ പിറുപിറുത്തുകൊണ്ടു പറഞ്ഞു: മുത്തശ്ശി നിന്നെക്കൊണ്ടു് സത്യം ചെയ്യാൻ ആഗ്രഹിക്കുന്നതു് "വിപ്ലവപ്രവർത്തനത്തിൽ പങ്കെടുക്കാനായി വിട്ടുവിട്ടു പോവുകയില്ല" എന്നതാണു്.

ഛലാനു ഇതെങ്ങനെ സമ്മതിക്കും? മരണശയ്യയിൽ കിടക്കുന്ന മുത്തശ്ശി അവളെ നോക്കി, അവരം നുണപറയാൻ തയ്യാറില്ലെന്നു് അവർക്കു മനസ്സിലായി. ഛലാൻ അവസാനം അമ്മയോടു് പറഞ്ഞു. "ഇങ്ങനെ സത്യം ചെയ്യുന്നതിലും ഭേദം മരിക്കുകയാണു്!"

## 4

കചാൻച്യാപാവോയിൽ ഛലാൻ പരിശീലനം നടത്തിക്കൊണ്ടിരിക്കുമ്പോരം തൻെറ വില്ലേജിൽ ഒരാരം രക്തസാക്ഷിയായ കഥ കേരംക്കുകയുണ്ടായി. പൊതു ആവശ്യത്തിനു് പറിച്ചു് സൂക്ഷിച്ച ധാന്യം കണ്ടെടുക്കുന്നതിനുവേണ്ടി ജപ്പാൻകാർ അവിടെ വരികയും കൃഷിക്കാരെ ചോദ്യം ചെയ്യുകയും ചെയ്തു. ചോദ്യങ്ങരംക്കു ഉത്തരം കൊടുക്കാത്തതുകൊണ്ടു് ഒരാരം കൊല്ലപ്പെട്ടു. തൻെറ നാട്ടിലെ ഒരു സഖാവിൽ നിന്നുമാണു് അവരം ആ കഥ കേട്ടതു്. സംഭവം ഇപ്രകാരമായിരുന്നു. ജാപ്പാക്രമണ വിരുദ്ധ യുദ്ധം അവസാനിക്കാറായപ്പോരം കചാൻച്യാപാവോയിലെ ജനങ്ങരം ശത്രുക്കരം തട്ടിക്കൊണ്ടുപോയ ധാന്യം തിരിച്ചു കിട്ടുന്നതിനുവേണ്ടി ജാപ്പു് അധീനത

യിലായിരുന്ന ശിഷൊപാ പ്രദേശത്തെ ആക്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോ‍ാം ജാപ്പ്പട്ടാളം കാൻചൃപാവൊ വില്ലേജ് വളഞ്ഞിട്ടുകൊണ്ട് ജനങ്ങരാം കൈവശപ്പെടുത്തിയ ധാന്യം തിരിച്ചെടുക്കാൻ ശ്രമിച്ചു. ധാന്യം അന്വേഷിച്ച് ഗ്രാമമാകെ പരതി. വീടുകരാം മുഴുവനും അവർ തിരിച്ചും മറിച്ചും പരിശോധിച്ചു. മാത്രമല്ല തങ്ങളെ ആക്രമിച്ച വരെ ഒരു പാഠം പഠിപ്പിക്കണമെന്നും അവർക്കു് ഉദ്ദേശമുണ്ടായിരുന്നു.

അങ്ങനെ പരിശോധിക്കുമ്പോരാം ലെവിയായി പിരിച്ച ധാന്യങ്ങരാം സൂക്ഷിച്ചിരുന്ന ഒരു കൊട്ട ഒരു കൃഷിക്കാരന്റെ വീട്ടിൽ നിന്നും അവർക്കു് പിടിച്ചെടുക്കാൻ കഴിഞ്ഞു. അവർ കൃഷിക്കാരനെ അറസ്റ്റുചെയ്തു. തെളിവുണ്ടാക്കാനായി ക്രൂരമായ മർദനമുറ തന്നെ സ്വീകരിച്ചു,

“പക്ഷെ” കഥ പറഞ്ഞ സഖാവു് പറഞ്ഞു: “അപ്പോ‍ാം ഒന്നും അയാളുടെ നാക്കു് അനങ്ങിയില്ല.”

ഛ്ലലാൻ ഇക്കാര്യത്തെക്കുറിച്ച് ഗാഢമായി ചിന്തിച്ചു. അവരാം ഒരു നിഗമനത്തിലെത്തി. അയാരാം ഒന്നും പറയാൻ പാടില്ല. എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ നിർദോഷികരാംക്കു പോലും ആപത്തും മർദനവും ഏൽക്കേണ്ടി വരുമായിരുന്നു.

“ആ ജാപ്പ് കാട്ടാളന്മാർ പിടിക്കപ്പെട്ട കൃഷിക്കാരന്റെ നെഞ്ചിൽ ബയനററ് കുത്തിയിറക്കി. എന്നിട്ടു അയാരാം ഒരു ശബ്ദം പോലും പുറപ്പെടുവിച്ചില്ല.

ഛ്ലലാനു തോന്നി. തോക്കിന്റെ അററത്ത് ഘടിപ്പിച്ചിരിയ്ക്കുന്ന ആ തിളങ്ങുന്ന ബയനററ് കൃഷിക്കാരന്റെ നേർക്കല്ല തന്റെ നേർക്കാണു് ഉന്നം വച്ചിരിയ്ക്കുന്നതു് എന്നു്.

“അവർ മനുഷ്യരല്ല. ക്രൂരരായ കാട്ടാളരാണു്.” സഖാവു് തുടർന്നു. “അവനാ ബയനററുകൊണ്ടു് കൃ

ഷിക്കാരൻെറ നേർക്കു് കുത്താനാഞ്ഞപ്പോഠ അയാഠ ആത്മരക്ഷയ്ക്കു് ബയനററു് തട്ടിമാററാൻ ശ്രമിച്ചു. പക്ഷെ ഫലിച്ചില്ല. കൃഷിക്കാരൻെറ ദേഹത്തുനിന്നും രക്തം ധാരധാരയായി ഒഴുകാൻ തുടങ്ങി. എന്നിട്ടും അയാഠ 'കമാ' എന്നു പോലും ഉച്ചരിച്ചില്ല''

വേദനകൊണ്ടു് ഛലാൻെറ പുരികം ചുളിഞ്ഞു. കൈതരിച്ചു. കൃഷിക്കാരനിൽനിന്നും ഒരു തുമ്പും കിട്ടില്ലെന്നു ബോധ്യപ്പെട്ടപ്പോഠ അയാളെ ക്രൂരനായ ആ ജാപ്പു് പട്ടാളക്കാരൻ ബയനററിനു് ഇരയാക്കി. ആ പാവത്താൻ വിയർത്തൊലിച്ചു. കൃഷിക്കാരൻ മററെല്ലാ ഗ്രാമീണർക്കും വേണ്ടി ധീരതയോടെ രക്തസാക്ഷിത്വം വരിച്ചു.

ഇതെല്ലാം കേട്ടപ്പോഠ ഛലാൻ ശൂന്യതയിലേക്കു നോക്കിയിരുന്നു. ലെവി പിരിച്ചെടുക്കുന്ന ധാന്യം ശത്രുവിൻെറ കയ്യിൽ അകപ്പെടാതിരിക്കാൻ ആത്മാഹൂതി നടത്തിയ ആ രക്തസാക്ഷി അപ്പോഴും തൻെറ മുമ്പിൽ നിൽക്കുന്നതായി അവഠക്കു തോന്നി. അയാളുടെ നെഞ്ചിൽ ബയനററു് ആഞ്ഞിറങ്ങിയിട്ടുണ്ടു്. ഒത്ത ഉയരവും കരുത്തുമുള്ള, ആ കൃഷിക്കാരൻ ഒരു ഓട്ടുപ്രതിമ പോലെ അവളുടെ മുമ്പിൽ നിൽക്കുന്നതായി അവഠ സങ്കല്പിച്ചു.

ഛലാനും കൂട്ടുകാരികളും രാഷ്ട്രീയ പരിശീലനം നേടികൊണ്ടിരിയ്ക്കുമ്പോഠ കാൻ ച്യാപാവോയിലെ കൃഷിക്കാർ പാവ സർക്കാരിൻെറ പുറന്തള്ളപ്പെട്ട ആഫീസർമാർക്കെതിരായി പോരാടുകയായിരുന്നു. വിപ്ലവ പ്രവർത്തനങ്ങളിൽ അവരുടെ താല്പര്യം ഇരട്ടിച്ചു. അതേ സമയം പ്രായോഗിക പരിശീലനം നേടിക്കൊണ്ടിരുന്ന ഈ പെൺകുട്ടികഠ പ്രവർത്തനത്തിലും സംഘടനത്തിലും നേരിട്ടു പങ്കെടുത്താണു് പരിശീലനം നേടിയതു്.

ഇതിനകം കൃഷിക്കാർ ഉണർന്നു കഴിഞ്ഞിരുന്നു. അവരിൽ മുടന്തനായ ഒരുവൃദ്ധനുണ്ടായിരുന്നു. അയാഠംക്ക് "ഇരുമ്പു ചട്ട അണിഞ്ഞവ"നെന്ന ബഹുമതി തന്നെ കിട്ടി. അയാളുടെ പ്രത്യേകതഅയാഠം ഒരു സർവ വ്യാപിയായിരുന്നുവെന്നതാണ്. എപ്പോഴും ഉച്ചത്തിൽ സംസാരിയ്ക്കുകയോ എന്തെങ്കിലും നിർദേശം നൽകുകയോ ചെയ്തുകൊണ്ടിരുന്നു. ഈ വൃദ്ധനായ മുടന്തൻ ലീ, കപാൻച്യാപാവോയിലെ പ്രധാന പ്രവർത്തകനായിരുന്നു. 1939-ൽ കമ്യൂണിസ്റ്റ്പാർടി മെമ്പറായി. തുടർന്ന് കർഷക സംഘം സെക്രട്ടറിയുമായി. സാധാരണക്കാരുമായി അയാഠംക്ക് ഉററ സമ്പർക്കമുണ്ടായിരുന്നു. പാവ ഗവണ്മെൻറിൻെറ ഓഫീസർമാർക്കെതിരായ സമരം അയാളാണ് നയിച്ചത്. സമരം കഴിഞ്ഞപ്പോഠം പിടിച്ചെടുക്കപ്പെട്ട 200 ടൺ ധാന്യം ദരിദ്ര കൃഷിക്കാർക്കു വിതരണം ചെയ്യാൻ കഴിഞ്ഞു. ലിയുടെ നേതൃത്വത്തിൽ നീതിയുക്തമായി ധാന്യം വീതിച്ചു. എല്ലാവർക്കും സന്തോഷമായി.

ഈ സമരത്തിൽ ഹൂ ലാനും ആദ്യം മുതലെ പങ്കെടുത്തിരുന്നു. ആരാലും കീഴടക്കപ്പെടാൻ കഴിയാത്ത ആ മുടന്തൻെറ പിന്നിൽ ഹൂലാൻ കമ്യൂണിസ്റ്റ് പാർടിയുടെ സുശക്തമായ നേതൃത്വം കണ്ടെത്തി. സർഗാത്മകമായി തനിയ്ക്കും രാഷ്ട്രത്തിലെ മുഴവൻ ജനതയ്ക്കും മാർഗനിർദേശം നൽകുന്ന ശക്തി ഏതെന്നവഠംക്ക് അനുഭവപ്പെട്ടു.

പരിശീലനകാലത്ത് 40 ദിവസവും ഹൂലാൻ പ്രസംഗിച്ചും വാദപ്രതിവാദത്തിലേർപ്പെട്ടും സമരങ്ങളിൽ പങ്കെടുത്തും അങ്ങേയററം തളർന്നിരുന്നു. രാത്രി ഉറങ്ങാൻ കിടക്കുമ്പോഠം മാത്രമാണ് അവഠംക്കു വിശ്രമം ലഭിച്ചിരുന്നത്. അപ്പോഴും പുറത്ത് വിസ്തൃത

മൈതാനത്തുനിന്നും പാട്ടുകഠം കേഠംക്കാൻ കഴിഞ്ഞിരുന്നു.

കുട്ടിക്കാലം തൊട്ടേ ഹ്ലലാന്നു് പാട്ടിൽ കമ്പമായിരുന്നു. അമ്മയും മുത്തശ്ശിയും മാത്രമുള്ളപ്പോഠം അവഠം പർവതങ്ങളെ, പുഴകളെ, തൻെറഗ്രാമത്തിലെ കൃഷിക്കാരുടെ പരുക്കൻ ജീവിതങ്ങളെ കുറിച്ചെല്ലാം പാട്ടുമായിരുന്നു. അവഠം ഇപ്പോഴും പാട്ടുകഠം പാടാറുണ്ടു്. പക്ഷേ, ഇപ്പോഠം പാട്ടിനാകെ മാററം വന്നിരിക്കുന്നു. ജാപ്പു് ആക്രമണ വിരുദ്ധയുദ്ധത്തെക്കുറിച്ചും ജനങ്ങളുടെ ചെറുത്തുനില്പിനെക്കുറിച്ചും മററുമാണു് ഇപ്പോഠം പാടുന്നതു്. ഗായകസംഘത്തിനു് ലിഷെപമെയി നേതൃത്വം നൽകിയിരുന്നു.

എണ്ണവിളക്കു് കെട്ടുകഴിഞ്ഞു. എന്നാലും അവർ കട്ടിലിൽ കിടന്നു പാടുകയാണു്. ആദ്യന്തമില്ലാത്ത പാട്ടുകഠം. പ്രധാന ക്ലാസിലിരിക്കുന്ന ഒരു കർഷക വൃദ്ധ രാത്രിയിൽ എഴുന്നേററിരിക്കും. വസ്ത്രത്തിൻെറ ഒരററം കൊണ്ടു് ദേഹം പുതച്ചിട്ടുണ്ടാവും—ജനാലയ്ക്കൽ വന്നുപറയും: "വേഗം ഉറങ്ങിക്കൊള്ളൂ. അല്ലെങ്കിൽ' നാളെ പ്രവൃത്തിസമയത്തു് ഉറക്കച്ചടവുണ്ടാവും.'

"ഞങ്ങളെപ്പററി വ്യാകുലപ്പെടേണ്ട, അമ്മായീ" ഹ്ലലാൻ ചിരിക്കും. പിന്നീടു് സ്വരംതാഴ്ത്തിയാണു് പറയുക.

പരിശീലനം കഴിഞ്ഞു് ഹ്ലലാൻ വീട്ടിലേക്കു മടങ്ങുമ്പോഠം ഈ പടപ്പാട്ടുകഠം അവളുടെ ചുണ്ടുകളിൽ ഈണം പിടിച്ചിരുന്നു.

ഹ്ലലാൻ അമ്മയെ ഒരു നോട്ടുബുക്കു കാട്ടിക്കൊടുത്തു. അതിൽ എല്ലാ പേജിലും അക്ഷരത്തെളിമ ഇല്ലെങ്കിലും ക്ലാസിൽ പഠിച്ചതെല്ലാം എഴുതിയിരുന്നു. കുറെ പാട്ടുകളും അവഠം അതിൽ എഴുതിയിട്ടുണ്ടു്.

ഇപ്പോഠം അവഠം അമ്മയേയും മുത്തശ്ശിയേയുംപാട്ടു പഠിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

ഹു ലാൻെറ ഓർമശക്തി പ്രശംസനീയമായിരുന്നു. നല്ല ഈണത്തിൽ അവഠം പുതിയ പാട്ടുകഠം പാടുന്നു. എല്ലാവരും അതിഷ്ടപ്പെട്ടു. പലരും പാട്ടു പഠിക്കാൻ തയ്യാറായി. വീട്ടിൽ ചർക്ക തിരിച്ചുകൊണ്ടിരിക്കുമ്പോഴും മീററിങ്ങിനും വഴിയെ നടന്നുപോവുമ്പോഴും അവഠം പാട്ടുപാടുമായിരുന്നു. അവളുടെ പ്രവൃത്തി പരിശീലനത്തിനുശേഷം പാട്ടിൽ മാത്രം ഒതുങ്ങിനിന്നില്ല. തൻെറ ഗ്രാമത്തിലെ സ്ത്രീകഠംക്ക് അവർ ചെയ്യേണ്ട കാര്യങ്ങളെപ്പററി ചർച്ച ചെയ്യാനും നിർദേശം കൊടുക്കാനും ഇന്നവഠം ബാധ്യസ്ഥയാണ്. ഇന്നവഠം ആ ഗ്രാമത്തിലെ മഹിളാസംഘത്തിൻെറ സെക്രട്ടറിയാണ്.

യുനാ ചോഷിയിലെ മഹിളാപ്രവർത്തകരിൽ ഹു ലാൻ മുൻപന്തിയിൽ തന്നെയായിരുന്നു. ജാപ്പ്‌വിരുദ്ധ യുദ്ധകാലത്തു് അവിടം ഗറില്ല പ്രവർത്തനകേന്ദ്രമായിരുന്നു. അതുകൊണ്ട് സ്ത്രീകളുടെ ഇടയിലെ പ്രവർത്തനം വേണ്ടത്ര പുരോഗമിച്ചില്ല. സ്ത്രീകഠംക്ക് യുദ്ധപരിശീലനം നൽകുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ലെന്ന മുൻവിധിയും അവർക്കുണ്ടായിരുന്നു. ആപത്തു വരുമ്പോഠം നേരിടാൻ കഴിയാത്തവിധം സ്ത്രീകഠം ദുർബലരാണെന്നവർ ധരിച്ചു. വിപ്ലവപ്രവർത്തനത്തിൽ സ്ത്രീകളെ പങ്കെടുപ്പിക്കുന്നതു് ഗുണത്തേക്കാഠം ഏറെ ദോഷം ചെയ്യുമെന്നു് അവർ വാദിച്ചു.

മഹിളാസമ്മേളനത്തിൽ ഹുലാൻെറ ആദ്യപ്രസംഗം കേട്ടപ്പോഠം സദസ്സിൻെറ പിൻനിരയിൽ ഇരുന്നിരുന്ന സ്ത്രീകഠം കലപില ചിലയ്ക്കാൻ തുടങ്ങി, ചിലർക്കു് അവളുടെ നേരേ ദേഷ്യം പിടിച്ചു: ഹു ലാ

നെപ്പോലെയുള്ള പെൺകുട്ടികൾ എന്തുചെയ്യുമെന്നാണ് പറയുന്നത്? ഒരു സ്ത്രീ വിചാരിച്ചാൽ എന്തു നടക്കാനാ?''

പുതിയ പ്രവർത്തനമാരംഭിക്കുമ്പോൾ ആർക്കും ഇത്തരം ബുദ്ധിമുട്ടുകൾ അനുഭവപ്പെടാവുന്നതാണ്. ഏലാനും അതിൽനിന്ന് ഒഴിവായില്ല. അവൾക്ക് വളരെയേറെ പറയണമെന്നുണ്ടായിരുന്നു. പക്ഷേ പ്രസംഗവേദിയിൽ കയറിയതോടെ എല്ലാം മറന്നു. വാക്കുകൾ തൊണ്ടയിൽ തടഞ്ഞുനിന്നു. അടിമുടി ഒരു വിറയൽ. അവളെ സഹായിക്കാൻ വന്ന മററു മഹിളാപ്രവർത്തകർ ഇടപെട്ട് ഹൂ ലാൻ എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കി. പിന്നിൽ ഇരുന്നിരുന്ന സ്ത്രീകൾ ഉറക്കെ ശബ്ദമുണ്ടാക്കി. ഒരുത്തി മററൊരുത്തിയുടെ നേരേ കണ്ണെറിഞ്ഞുകൊണ്ട് പറഞ്ഞു: ''ഹൂ ലാൻ പ്രസംഗം നിർത്തി പാട്ടു പാടട്ടെ. അവളോട്ട് പാടാൻ പറയൂ.''

ഒരുദിവസം ഗ്രാമത്തിലെ ഒരു സ്ത്രീ തൻെറ ഭർത്താവിൻെറ അമ്മയുമായി കലഹിച്ചു. അവർ മഹിളാസംഘത്തിൽ പരാതിപെട്ടു. ഈ പ്രശ്നം എങ്ങനെ പറഞ്ഞുതീർക്കണം. ഏലാൻ വളരെ നേരം ആലോചിച്ചു. അവസാന തീരുമാനമെടുക്കാൻ അവൾക്കു കഴിഞ്ഞില്ല. ആ സ്ത്രീയെ എങ്ങനെയോ പറഞ്ഞു മെരുക്കി അവസാനം ഭർത്താവിൻെറ അമ്മയോട്ട് മാപ്പു പറയിപ്പിക്കാൻ കഴിഞ്ഞു. മററൊരിക്കൽ ഒരു പെൺകുട്ടി ജ്യേഷ്ഠത്തിയുമായി വഴക്കടിച്ചു. അവരും മഹിളാസംഘത്തെ സമീപിച്ചു. എന്തു ചെയ്യണമെന്ന് ഹൂ ലാന് ഒരു പിടിയുംകിട്ടിയില്ല. പെൺകുട്ടിയുടെ ജ്യേഷ്ഠത്തിയെ കുറെ കുററം പറഞ്ഞ് ഹൂ ലാൻ അപമാനിച്ചയച്ചു. ഇതു ബുദ്ധിശൂന്യതയായിരുന്നു. ജന

ങ്ങരം അവളുടെ തീരുമാനം ശരിയല്ലെന്നു വിധിച്ചു. മററു സഖാക്കളും അവളെ വിമർശിക്കുകയുണ്ടായി.

എന്നിരുന്നാലും അനുഭവമില്ലായ്മ അവളുടെ മുമ്പോട്ടുള്ള പോക്കിൽ തടസ്സം നിന്നില്ല. കാരണം, സമയം വരുമ്പോരം എല്ലാം പഠിക്കാൻ കഴിയുന്നു. ചെയ്തുകഴിഞ്ഞതിനെപ്പററി ഓർമയുണ്ടായിരിക്കണം. അതിൽനിന്നു പാഠം പഠിക്കുകയും വേണം. ഗ്രാമാധ്യക്ഷൻ .പരിശീലനകേന്ദ്രത്തിൽനിന്നും തിരിച്ചുവന്ന ശേഷമുള്ള അവളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടു് പറഞ്ഞു. "അവളെ പ്രവൃത്തി ഏല്പിച്ചാൽ ഉടൻ ചെയ്തുതീർക്കുന്നുണ്ടു്. അതിൽ പാകപ്പിഴകരം കണ്ടേയ്ക്കാം. പക്ഷേ അവരം തൻേറടത്തോടുകൂടി പ്രവർത്തിക്കുന്നുണ്ടു്."

സ്വന്തം ഗ്രാമത്തിലെ പ്രവർത്തനങ്ങരം ചെയ്യുന്നതിനു പുറമേ ഹു ലാൻ മിക്കപ്പോഴും ലിഷെപമെയിയോടൊപ്പം മററു ഗ്രാമങ്ങളിലേക്കും മഹിളാസംഘം പ്രവർത്തനങ്ങരംക്കായി പോവാറുണ്ടു്. മധ്യവയസ്കയായ ലിഷെപമെയിയും പതിനാലുകാരിയായ ഹുലാനും മീററിങ്ങുകരംക്കും മററു പ്രവർത്തനങ്ങരംക്കുമായി മിക്കപ്പോഴും ഒരുമിച്ചു് ഒരു ഗ്രാമം വിട്ടു് മറെറാരു ഗ്രാമത്തിലേക്കു് പോവുന്നതു കാണാമായിരുന്നു. കൊടുങ്കാററോ, മഴയോ മഞ്ഞോ, വെയിലോ അവരെ പിന്തിരിപ്പിച്ചില്ല.

1946 മേയ്മാസത്തിൽ വിമോചിതപ്രദേശത്തെ കൃഷിക്കാർ അതിവിപുലമായിത്തന്നെ ഭൂപരിഷ്കരണ പ്രക്ഷോഭം നടപ്പിലാക്കി. ഈ സമരങ്ങരം വഴി ലക്ഷക്കണക്കിനു ഭൂമിയില്ലാത്തവർക്കും, കുറച്ചു ഭൂമി മാത്രമുള്ളവർക്കും ഭൂമി ലഭിച്ചു. വനഷെപ സംസ്ഥാനത്തിലും ഈവിധത്തിൽ പ്രക്ഷോഭണം സംഘ

ടിപ്പിക്കപ്പെട്ടു. രണ്ടും അഞ്ചും ജില്ലകളിലെ ഇരുപതിൽ കൂടുതൽ ഗ്രാമങ്ങളിൽ ഭൂപ്രഭുക്കളുടെ ആയിരത്തിൽപരം ഏക്കർ വരുന്ന ഭൂമി പിടിച്ചെടുക്കുകയും കൃഷിക്കാർക്കു് വീതിക്കുകയുമുണ്ടായി. ഒരു പഴഞ്ചൊല്ലുണ്ടു്. 'ധാന്യം കൃഷിക്കാർക്കു ജീവനാണെങ്കിൽ ഭൂമി അവരുടെ ജീവൻെറ ഉറവിടമാണു്.' ചൈനീസ് കമ്യൂണിസ്റ്റു്പാർടി വനഷൈ സംസ്ഥാനത്തിലെ കൃഷിക്കാരുടെധാന്യം രക്ഷിക്കാൻ വേണ്ടി മാത്രമല്ല ശത്രുവിനെതിരെ പടവെട്ടിയതു്. ഭൂമിയിൽ അവർക്കുള്ള അവകാശം സ്ഥാപിക്കാൻ കൂടി വേണ്ടിയായിരുന്നു.

ഇതിൻെറഫലമായി സാധാരണകൃഷിക്കാർ നാടുവാഴിത്ത അടിമത്തത്തിൽനിന്നും മോചനംനേടി. ആയിരമായിരം വർഷങ്ങളായി അവരെ ചങ്ങലക്കിട്ട അടിമത്തമായിരുന്നുഅതു്. അവരുടെസമൃദ്ധിയിലേക്കും സന്തോഷത്തിലേക്കും സുഖത്തിലേക്കുമുള്ള മാർഗം ഇതോടെഉദ്ഘാടനം ചെയ്യപ്പെട്ടു. ലൃൂഢലാൻഭൂപരിഷ്കരണപ്രക്ഷോഭത്തിലേക്കു് കുതിച്ചുചാടി. ഇതിൻെറ മുമ്പു് വനഷൈ സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഇത്ര മഹത്തായ ഒരു സംഭവം നടന്നിട്ടില്ലായിരുന്നു. തൻെറ ഗ്രാമത്തിലും ശ്വേതധാങ്പൊ എന്നു പേരായ ഒരു ജന്മിയുടെ കാര്യത്തിൽ തീർപ്പുണ്ടാക്കുന്നതിനു വിളിക്കപ്പെട്ട യോഗത്തിൽ അവരും പങ്കെടുത്തു. തൻെറ വീട്ടിൽനിന്നും രണ്ടുനാഴിക മാത്രമുള്ള താഷപാങ് ഗ്രാമത്തിൽ ഒരു സൂത്രക്കാരനും വഞ്ചകനുമായ ജന്മിയെ പൊതുവിചാരണ നടത്തുമ്പോഴും അവരം അതിൽ പങ്കെടുക്കുകയുണ്ടായി. ഈ പ്രക്ഷോഭങ്ങളിലും മേൽഘടങ്ങളിലുള്ള ധാരാളം സഖാക്കരം തുടക്കം മുതലേ പ്രക്ഷോഭത്തിനു നേതൃത്വം കൊടുത്തു. അതെസമയം ഭൂപരിഷ്കരണ പ്രവർത്തനങ്ങളിൽ സ്ത്രീകളെ അണിനി

രത്താൻ ലിഷെപമെയി ഹൂ ലാൻ തുടങ്ങിയ മഹിളാപ്രവർത്തകർ മുൻകയ്യെടുത്തു. യോഗം വിളിച്ചുകൂട്ടാനും മററുമായി അവർ പകൽ മുഴുവനും ഓടിനടന്നു. കഠിന പ്രവർത്തനം മൂലം അവരുടെ ശരീരം ക്ഷീണിച്ചു. അപ്പോഴും അവർ സന്തുഷ്ടരായിരുന്നു. ഏലാൻ ആ പ്രവർത്തനത്തിൽ മുഴുകി. അവരം സ്ത്രീകളുടെ ഇടയിൽ വാദപ്രതിവാദം നടത്തുന്നതു കാണാമായിരുന്നു. സ്ഥിതിഗതികരം പഠിക്കാൻ അവരം ആഗ്രഹിച്ചു. അതുകൊണ്ട് അവരംക്കു് പുതിയ പരിത:സ്ഥിതിയുമായി ഒത്തിണങ്ങാൻ കഴിഞ്ഞു. അവളെ ഏതു ഗ്രാമത്തിലേക്കു പ്രവർത്തിക്കാൻ നിയോഗിക്കുമ്പോഴും അവരം അവിടെ തൻെറ കടമ നിർവഹിക്കുന്നതോടൊപ്പം കുറഞ്ഞ സമയം കൊണ്ട് മററു പലതും മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. ത്വാഷ്വാങ്ങ് ഗ്രാമത്തലവൻ അവളുടെ പ്രത്യേകത എന്തെന്നു് വേഗം മനസ്സിലാക്കി. അയാരം മററു സഹപ്രവർത്തകരോട്ട് പറയാറുണ്ടായിരുന്നു: "യൂനാചോഷിയിലെ ഏലാനെ കണ്ടുപഠിക്കൂ. ജനങ്ങരംക്കിടയിൽ എങ്ങനെ പ്രവർത്തിക്കണമെന്നു് അവരംക്കറിയാം. അവരം കാര്യത്തിൻെറ അടിത്തട്ടുവരെ ചിന്തിക്കുന്നു. മററു സഖാക്കരം മിക്കപ്പോഴും കാര്യമെന്തെന്നു മനസ്സിലാക്കാതെ കുഴപ്പത്തിൽ ചെന്നു ചാടുന്നു. എന്തുചെയ്യണമെന്നുപോലും അവർക്കു മനസ്സിലാവുന്നില്ല."

കാൻ ച്യായിൽ ഏലാൻെറ ഒപ്പം ചിൻഷെപൻ എന്ന പെൺകുട്ടിയും പരിശീലന ക്ലാസിൽ പങ്കെടുത്തിരുന്നുവല്ലോ. അവരം മടങ്ങിവന്നശേഷം പ്രധാന പ്രവർത്തനങ്ങളിലൊന്നും സഹകരിച്ചില്ല. മററുള്ളവരുടെ പിന്നാലെ പോവുക മാത്രമെ ചെയ്യുമായുള്ളു. പ്രയാസങ്ങളും അഗ്നിപരീക്ഷകളും കൂടാതെ തങ്ങളുടെ പഴഞ്ചൻ ചിന്താഗതികരംക്കെതിരായി ഇടതടവില്ലാ

തെ പോരാട്ടം നടത്തിക്കൊണ്ടല്ലാതെ ഈ ചിൻഷെപ നെ പോലുള്ള പെൺകുട്ടികാംക്ക് ഏതെങ്കിലും തരത്തിൽ വളർച്ചയുണ്ടാവുക സാധ്യമല്ല. ഒരിക്കൽ യൂനാചോഷിയിലെ ഒരു സ്ത്രീ രണ്ടു പെൺകുട്ടികളെയും ഇങ്ങനെ താരതമ്യപ്പെടുത്തുകയുണ്ടായി: "ഹൂ ലാൻ എല്ലാ ദരിദ്രകൃഷിക്കാരും കർഷക തൊഴിലാളികളുമായി അവരുടെ സ്വന്തപ്പെട്ട ഒരുവാം എന്ന നിലക്ക് പെരുമാറുന്നു. അവാം ആത്മാർത്ഥതയോടെ സംസാരിക്കുകയും മററുള്ളവർക്കുകൂടി ഇഷ്ടപ്പെടുന്ന കാര്യങ്ങാം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ചിൻഷെപൻ കുറച്ച് ഉയർന്ന മട്ടുകാരിയാണ്. സംസാരത്തിൽ അവാം മററുള്ളവരെ വെറുക്കുന്നുണ്ടോ എന്നു തോന്നും. സ്വന്തം കാര്യമാണ് അവാംക്കു പ്രധാനം."

ഈ കാലയളവിൽ—അതായതു് വിമോചിതപ്രദേശത്തെ ജനകീയസർക്കാർ കൃഷിക്കാരുടെ വിമോചിതപ്രസ്ഥാനത്തിനു നേതൃത്വം നൽകിക്കൊണ്ടിരിക്കുമ്പോാം ചിയാങ്ങ്കൈഷക്കും യെൻഷിങ്ങ്ഷാൻെറ കൊള്ളസൈന്യവും ജന്മികളുമായി കൂട്ടുചേർന്നു് കൃഷിക്കാർക്കെതിരായ ആക്രമണ യുദ്ധമാരംഭിച്ചു.

1945 ലെ മഞ്ഞുകാലത്തു് വനഷെപ സംസ്ഥാനത്തു് ചിയാങ്ങ്-യെൻഷിങ്ങ് ഷാൻ കൊള്ളസംഘം ഭരണംസ്ഥാപിക്കുകയും പട്ടണപ്രദേശത്തുനിന്നും വിമോചിതപ്രദേശത്തേക്കു് പ്രവേശിക്കാൻ തുടങ്ങുകയും ചെയ്തു. 1946 മെയ് 26-ാംതീയതി അവർ അയ്യായിരം പട്ടാളക്കാരെ സജ്ജീകരിച്ച് വനഷെപയിലേയും ച്യാവൊഛരാങിലേയും വിമോചിതപ്രദേശത്തിനെതിരായി വലിയൊരു ആക്രമണം അഴിച്ചുവിട്ടു. ജാപ്പ് ആക്രമികാം പിൻമാറിയിട്ടു് പത്തുമാസം കഴിഞ്ഞിരുന്നു. എന്നാൽ ഈ കൊള്ളസൈന്യത്തിൽ ഇരുനൂറിലധികം

ജാപ്പ് സൈന്യങ്ങളെകാണാൻകഴിഞ്ഞു. അവരുടെ ലോറികളും ടാങ്കുകളും ജപ്പാൻകാരാണ് ഓടിച്ചിരുന്നതു്. ജൂൺമാസം അവസാനമായപ്പോഴേക്കു് ശത്രുസൈന്യം പതിനയ്യായിരത്തിലും കവിഞ്ഞു. വനഷെംയിലെവിമോചനപോരാളികളും ജനങ്ങളും ധീരതയോടെ പിടിച്ചുനിൽക്കുകയും ശത്രുക്കൾക്കു് മാരകമായ പ്രഹരമേല്പിക്കുകയും ചെയ്തു. യൂനാചൊംഷിയിലെ വനിതാസംഘം എട്ടാംപടയ്ക്കുവേണ്ടി സംഭാവനപിരിക്കാൻ തുടങ്ങി. ഹ്സ്ലാനും മററു മഹിളാപ്രവർത്തകരും സംഭാവനയ്ക്കുവേണ്ടി വീടുവീടാന്തരം കയറിയിറങ്ങി. അവരാ നാട്ടുകാരോടു് പറഞ്ഞു. "നമ്മൾ നിത്യവൃത്തിക്കുശേഷം കുറച്ചു മാത്രമെ കരുതിവെയ്ക്കുന്നുള്ളു. അതെല്ലാം കൂടിചേരുമ്പോൾ വലിയൊരു കുന്നായിത്തീരും. എട്ടാം പടയിലെ സൈന്യങ്ങളെ ഉത്തേജിപ്പിക്കുക എന്നതു് ഏററവും പ്രധാനമാണ്. നമുക്കു കിട്ടിയ നേട്ടം നിലനിർത്താൻ അതു് ആവശ്യമാണ്." ഗ്രാമീണർ റൊട്ടിയും പച്ചക്കറിയും മററും സ്വരൂപിച്ചു് സമയം പാഴാക്കാതെ എട്ടാംപടയ്ക്കെത്തിച്ചു കൊടുത്തു. ജനകീയ സർക്കാർ ഓരോ ഗ്രാമത്തിലും ചെരിപ്പുണ്ടാക്കേണ്ടതിൻെറ കോട്ട നിശ്ചയിച്ചു കൊടുത്തു. കോട്ട മുഴമിപ്പിക്കുന്നതിൻെറ ഉത്തരവാദിത്വം ഹ്സ്ലാൻ ഏറെറടുത്തു. ചെരിപ്പുണ്ടാക്കുന്ന സ്ത്രീകളെ സംഘടിപ്പിച്ചു. ഇതു പ്രയാസം കൂടിയതും അധ്വാനം കൂടുതൽ ചെലവുള്ളതുമായ ഒരു ജോലിയായിരുന്നു; അതേസമയം വിമോചനയുദ്ധത്തെ സഹായിക്കുക,എന്ന നിലയ്ക്കു നോക്കുമ്പോൾ ഏററവും മഹത്വമേറിയതുമായിരുന്നു. ഗ്രാമപ്രദേശങ്ങളിൽ ആയിരക്കണക്കിനു ലക്ഷക്കണക്കിനു സ്ത്രീകൾ ചെരിപ്പുണ്ടാക്കുന്ന പ്രവൃത്തിയിലേർപ്പെട്ടു. ഈ ജോലി കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്നു പരിശോധി

ക്കാൻ നിയാഗിക്കപ്പെട്ട മഹിളാപ്രവർത്തകരിൽ ഌ ലാനും പെട്ടിരുന്നു. അവരും ഒരു വീട്ടിൽ നിന്നിറങ്ങി മററൊരു വീട്ടിലേക്കു കയറുന്നതും ചിലപ്പോഴം നിര ത്തിൻെറ ഒരററത്തുനിന്നും മററൊരുഅററത്തേക്കു് ധൃതി പിടിച്ച് നടക്കുന്നതും കാണാമായിരുന്നു . അവളുടെ ഗ്രാമം ചെരുപ്പനിർമാണത്തിൽ അതിവേഗം ലക്ഷ്യ ത്തിലെത്തി. അവരും ഏററപ്രവൃത്തി മുഴുമിപ്പിച്ചു.

ജീവിതത്തിൽ മഹത്വമെവിടെയാണ്? മഹ ത്വം, തൻെറ പ്രവൃത്തി ഉത്തരവാദിത്വത്തോടും വിശ്വ സ്തതയോടും കൂടി മുഴുമിപ്പിക്കുന്നതിലാണ് കുടികൊ ള്ളുന്നതു്. ചിലപ്പോഴം വളരെ നിസ്സാരപ്പെട്ട വിപ്ലവ പ്രവർത്തനത്തിൽ ഏർപ്പെടേണ്ടിവന്നേക്കും. അതാക ട്ടെ കണ്ണിൽപ്പെടാത്ത പ്രവർത്തനംതന്നെ ആയേക്കാം. എന്നാൽ അത്തരം തുച്ഛമെന്നു തോന്നുന്ന വിപ്ലവപ്രവർ ത്തനത്തിൽ ഏർപ്പെടുമ്പോഴും തൻെറ മുഴുവൻ കഴിവു മെടുത്തു് ആ പ്രവൃത്തി നേരാംവണ്ണം ചെയ്തുതീർക്കുക യാണു് വേണ്ടതു്.

ചെറിയ ചെറിയ അമർത്തപ്പെട്ട ആഗ്രഹങ്ങളെ ക്കുറിച്ച് സഖാവ് സ്റ്റാലിൻ ഇങ്ങിനെ അഭിപ്രായ പ്പെടുകയുണ്ടായി.

"....:ഞാൻ, ആർക്കാണോ യാതൊരുവിധസ്ഥാ നമാനബഹുമാനാദികളില്ലാത്തതു് അവരോടൊപ്പമി രുന്നു് സർവ്വത്തു് കഴിക്കാൻ ആഗ്രഹിക്കുന്നു. അവ ൻെറ സ്ഥാനം ആരുകണ്ടാലും അസൂയപ്പെടുന്നില്ല. ഇ ത്തരക്കാർ രാജ്യത്തിലെ ഭീമാകാരമായ യന്ത്രത്തിൻെറ പല്ലുകളിൽ കിടന്നു് ചതഞ്ഞരയുന്നവരാണെങ്കിലും അവരെക്കൂടാതെ സേനാനായകന്മാരും സർവാധിപ തികളും മററുമായ നമ്മളെല്ലാം, ഉറച്ച ശബ്ദത്തിൽ പ റയുകയാണെങ്കിൽ, വെറും പുഴിമണ്ണിനു തുല്യരാണു്.

ഒരുപല്ല് അടർന്നുപോയാൽ എല്ലാ പ്രവൃത്തിയും സ്തം ഭിക്കും. അവയാകട്ടെ കോടിക്കണക്കിനു ജനങ്ങളെ പ്ര തിനിധാനം ചെയ്യുന്നു. ഇവർ ഒതുങ്ങിക്കഴിയുന്നവരാ ണ്. ഇവരെപ്പററിയാരും ഒന്നും എഴുതുന്നുമില്ല. ഇവർ ക്ക് യാതൊരു സ്ഥാനവും കിട്ടിയിട്ടില്ല. അവർ താ ഴ്ന്ന പടിയിൽ കിടക്കുന്നു. പക്ഷേ അവർ ശരിക്കും നമ്മുടെ ചുക്കാൻ പിടിക്കുന്നു.''

ഫ്ലലാനും ഈ ദന്തനിരയിലെ ഒരു പല്ലു മാത്രമാ യിരുന്നു. ചെരുപ്പ് കെട്ടുകെട്ടായി ശേഖരിക്കാൻ തുട ങ്ങി. ഗ്രാമപഞ്ചായത്തു് ആപ്പീസിൽ അതെല്ലാം കുന്നു കൂടിക്കൊണ്ടിരുന്നു. ഫ്ലലാനും സഹപ്രവർത്തകരും ഈ ചെരുപ്പുകൾ ഓരോന്നും സസൂക്ഷ്മം പരിശോധിച്ചിരു ന്നു. ചെരിപ്പിൻെറ ഗുണദോഷവിചിന്തനം ചെയ്തു കൊണ്ടിരുന്നു. അപ്രതീക്ഷിതമായി അവളുടെ കയ്യിൽ ഒരു ചെരുപ്പു വന്നുപെട്ടു. അതാകട്ടെ ചിറകിനു തുല്യം കനം കുറഞ്ഞതായിരുന്നു. അതിൻെറ അടിഭാഗം തേ യ്മാനം വന്നതുമായിരുന്നു. അവൾ ചോദിച്ചു: ''ഇത്ര മോശമായ ചെരുപ്പ് ആരുണ്ടാക്കിയതാണ്. ഇതു് ഉ പയോഗശൂന്യമാണല്ലോ.'' എല്ലാവരും അവളുടെ ചു റ്റും കൂടി. അവരെല്ലാം ആ ചെരുപ്പ് തൊട്ടുനോക്കി. അവരുടെ ഉള്ളിൽ ആന്തൽ ഉണ്ടായി. ചെരുപ്പിൻെറ അടിഭാഗത്തു് എഴുതിയ പേരിൽനിന്നും ആളെ തിരി ച്ചറിഞ്ഞു. ഒരു മുൻധനികകർഷകകുടുംബത്തിലെ വി ധവയായ ത്സാനായിരുന്നു അവർ.

ഫ്ലലാൻ കോപം കൊണ്ടു് വിറകൊണ്ടു. ''ഇത്തരം ചെരുപ്പുകൾ എട്ടാംപടയ്ക്കു് എങ്ങനെ അയച്ചുകൊടു ക്കും? എത്ര ദിവസം ഇതിട്ടു് നടക്കാൻ കഴിയും.'' ആ ലോചിക്കുന്തോറും അവളുടെ കോപം ഇരട്ടിച്ചു. ഉള്ളി

യെടുത്തു് പൊളിച്ചുനോക്കിയപ്പോരം അതിൽ ചപ്പുച വറുകരം നിറച്ചിരിക്കുന്നതായി കണ്ടു.

ഹ്ഷലാൻ വിധവയെത്തേടി പുറപ്പെട്ടു. അവളുടെ മുമ്പിലേക്കു് ചെരുപ്പുകരം വലിച്ചെറിഞ്ഞു കൊണ്ടു് പറഞ്ഞു. "നിങ്ങളാണോ ഈ ചെരുപ്പുകരം കൊടുത്ത യച്ചതു്?"

വിധവ ഒന്നു ചൂളി. എന്നിട്ടു് ഒഴിഞ്ഞുമാറാൻ നോക്കി. "അല്ല...... അല്ല. ഇതു ഞാനുണ്ടാക്കിയതല്ല."

"ചെരുപ്പിനകത്തു് ചപ്പുചവറു് കുത്തിനിറച്ചതെ ന്തിനാണു്? എട്ടാംപടസ്സു് ഈ ചെരുപ്പുകരം അയച്ചു കൊടുക്കാൻ ലജ്ജയില്ലേ?"

വിധവ തൻെറ ഉത്തരവാദിത്വത്തിൽനിന്നു ഒഴി ഞ്ഞു മാറാൻ നോക്കി.

"സത്യത്തിൽ ഞാനീ ചെരുപ്പ് വിലയ്ക്കുവാങ്ങിയ താണു്. കുററം ചെരുപ്പ് ഉണ്ടാക്കിയവൻേറയാണു്."

"ചെരുപ്പുകരം ഉണ്ടാക്കിയവൻെറ കുററമാണു്... ഇതെന്നെപഠിപ്പിക്കേണ്ട. കുറഞ്ഞ വിലയ്ക്കു് നല്ല സാ ധനം കിട്ടുകയില്ല. നിങ്ങരം പൈസ ലാഭിക്കാൻ നോ ക്കുന്നു. അതും എട്ടാംപടയുടെ നേർക്കു് ആയിക്കോ ട്ടെ!"

ഹ്ഷലാൻ വിധവയെ കഠിനമായി വിമർശിച്ചു. ഒ ടുവിൽ ആ ധനികയായ വിധവ തൊണ്ടിക്കു മുമ്പിൽ കുററം ഏററുപറഞ്ഞു. ഹ്ഷലാൻ മഹിളായോഗം വിളി ച്ചുകൂട്ടി ഇക്കാര്യം പരസ്യപ്പെടുത്തുകയും യോഗത്തിൽ സംബന്ധിച്ചവരിൽ നിന്നും അഭിപ്രായം ആരായുക യും ചെയ്തു. ഈ നാണംകെട്ട സംഭവത്തെപ്പററി ഗ്രാമ മാകെ പാട്ടായി. തങ്ങളുടെ ഗ്രാമത്തിൻെറ പേരാണ് ഇതുകൊണ്ടു് കളങ്കപ്പെടുന്നതു്. എല്ലാവർക്കും ദേഷ്യം പിടിച്ചു. മിക്കവരും വിധവയെ അധിക്ഷേപിച്ചു. ഇ

ത്ത് യൂനാ ചോഷിയിലെ ജനങ്ങളുടെ കണ്ണു തുറക്കാൻ സഹായകമായി.

വിപ്ലവ പ്രവർത്തനത്തിൽ ഏലാൻ ഏർപ്പെട്ട തോടെ കമ്യൂണിസത്തിൻെറ മഹത്വം അവർക്കു മന സ്സിലാക്കാൻ കഴിഞ്ഞു. വ്യക്തികളെന്ന നിലയ്ക്ക് ഉല്പാദനം നടത്തിപ്പോന്നിരുന്ന കൃഷിക്കാരുടെ ജീവി തം അവൾക്ക് ഒട്ടും പിടിച്ചില്ല. ബഹുജനസംഘടന കളിൽ കൂടിയുള്ള രാഷ്ട്രീയ പ്രവർത്തനത്തിലും അ വൾ തൃപ്തിപ്പെട്ടില്ല. കമ്യൂണിസ്റ്റ്പാർടിയുടെ നേരി ട്ടുള്ള രാഷ്ട്രീയപ്രവർത്തനം നടത്താൻ അവൾ ആഗ്ര ഹിച്ചു. ഉത്തരവാദിത്വമുള്ള പ്രവർത്തനത്തിൽ പങ്കെ ടുക്കണമെന്ന് അവൾ ആശിച്ചു. 1946-ൽ പതിനാലു വയസ്സുള്ളപ്പോൾ അവൾ പാർടി മെമ്പർഷിപ്പിനു അ പേക്ഷിച്ചു.

അഖില ചൈന യുവജനസംഘടന അപ്പോൾ രൂപപ്പെട്ടുകഴിഞ്ഞിരുന്നില്ല. 18 വയസ്സു തികഞ്ഞ വർക്കേ പാർടിമെമ്പറാവാൻ അർഹതയുണ്ടായിരുന്നു ള്ളു. അവളുടെ മെമ്പർഷിപ്പിനുള്ള അപേക്ഷ പല പ്പോഴും ജില്ലാകമ്മിററി ചർച്ചയ്ക്ക് എടുത്തിരുന്നു. അ വസാനം അപേക്ഷാഫോറത്തിൽ കുറിപ്പെഴുതിക്കൊ ണ്ടു് പാർടിസംഘടനയുടെ ചാർജ്ജുള്ള സഖാവ് ഇ ങ്ങനെ പറഞ്ഞു: "അവൾ സത്യസന്ധയും വിശ്വസി ക്കാൻ കൊള്ളാവുന്നവളുമാണ്. ജാപ്പ് ആക്രമികൾ ഒഴിഞ്ഞുപോവുന്നതിനുമുമ്പെ അവൾ പാർടിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ടു്. പരിശീലന ക്ലാസ്സി നു ശേഷം അവൾ വേണ്ടത്ര പരീക്ഷിക്കപ്പെട്ടുകഴിഞ്ഞി രിക്കുന്നു. 18 വയസ്സായില്ല എന്ന അയോഗ്യതമാത്ര മെ അവൾക്കുണ്ടായിരുന്നുള്ളു. യൂനാ ചോഷി ഗ്രാമ ത്തിൽ പാർടിയിൽ സ്ത്രീമെമ്പറില്ല എന്ന പോരാ യ്മയുണ്ടു്."

നീണ്ട വാദപ്രതിവാദത്തിനുശേഷം ജില്ലാ പാർടി അവരാക്കു് കാൻഡിഡേററ് മെമ്പർഷിപ്പ് കൊടുക്കാൻ തീരുമാനിച്ചു; പതിനെട്ടു തികയുമ്പോരാം പൂർണ്ണ മെമ്പർഷിപ്പു കൊടുക്കുകയും ചെയ്യാം.

ചെറിയ ഫൻഹോ നദി മഞ്ഞനദിയിൽ ചെന്നു ചേരുന്നു. ആയിരത്തിൽപരം നാഴിക നീളമുള്ള മഞ്ഞനദി താൻ ഏററിക്കൊണ്ടുവരുന്ന വെള്ളം സമുദ്രത്തിലേയ്ക്കു തള്ളുന്നതിനുവേണ്ടി കിഴക്കോട്ടൊഴുകുന്നു. ബാല്യാവസ്ഥ വിട്ടിട്ടില്ലാത്ത ഹ്ഹലാൻ വിപ്ലവനിരകളിൽ പ്രവേശിച്ചു് ഒരു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും ചൈനീസ് കമ്യൂണിസ്റ്റ്പാർടിയിൽ പ്രവേശിച്ചിരിയ്ക്കുന്നു.

# 5

ഹ്ഹലാൻ ഒരു കൊച്ചുകുട്ടിയായിരുന്ന കാലത്തു അവളുടെ മുത്തശ്ശി പറയാറുണ്ടായിരുന്നു: "നീ വേഗം വലുതാകും. അപ്പോരാം ഞാൻ നിനക്കൊരു നല്ല ഭർത്താവിനെ തേടിക്കൊണ്ടുവരും. നല്ല പണക്കാരൻെറ വീട്ടിലേയ്ക്കു് നിന്നെ പറഞ്ഞയക്കും. നിന്നോടൊത്തു അവിടെ കുറച്ചുദിവസം എനിക്കു താമസിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ......ഇത്രയുംകാലം ഞാൻ എത്രയോ കഷ്ടപ്പാടുകരാം അനുഭവിച്ചിരിക്കുന്നു......" ഹ്ഹലാൻ അപ്പോരാം ലജ്ജയോടെ പുഞ്ചിരിക്കുകയും മൗനമായിരിക്കുകയും ചെയ്യുമായിരുന്നു.

എല്ലാ കുടുംബക്കാർക്കും ഇതേ ആഗ്രഹമാണുണ്ടാകാറുള്ളതു്. ലൃ കുടുംബത്തിനും ഇതൊരു പുത്തൻ

ചിന്താഗതി ആയിരുന്നില്ല. ഗ്രാമത്തിലെ പിൻ തലമുറക്കാർ മിക്കവാറും സ്വന്തം ഇച്ഛാശക്തിക്ക് അനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. പെൺകുട്ടികൾക്ക് അവരുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി ചേർച്ചയില്ലാത്ത വിവാഹങ്ങളാണ് നിശ്ചയിക്കാറുള്ളത്. ഇത്തരം നാട്ടുവാഴിത്ത വിവാഹസമ്പ്രദായത്തിൽ എതിർപ്പുപ്രകടിപ്പിക്കുന്ന ഹ്ലലാനു് ഇഷ്ടപ്പെട്ട ഒരു ഗാനം അവൾ പാടാറുണ്ടായിരുന്നു.

ഈ ഗാനം പഴയകാലത്തിൻെറ ഓർമ നിലനിർത്തുന്നു. ജാപ്പുവിരുദ്ധ ജനകീയഭരണം സ്ഥാപിച്ച ശേഷം വനഷേപയിലെ ജനങ്ങൾക്ക് പല മാററങ്ങളും വന്നുകഴിഞ്ഞിരുന്നു. പെൺകുട്ടികളുടെ തലയിലെഴുത്തിനും ആ മാററം കണ്ടു.

ഹ്ലലാൻെറ ജീവിതംതന്നെ ഇതിനുദാഹരണമാണ്. കമ്യൂണിസ്റ്റ്പാർടിയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിഗതികൾ ഭേദപ്പെട്ടുവരികയാണ്. നാട്ടുവാഴിത്ത വിവാഹ സമ്പ്രദായത്തിൽ സ്ത്രീകളുടെ പ്രതിഷേധവും അതിനെതിരായ സമരവും നടന്നുവരികയാണ്. ചരക്കുകൾപോലെ വൃദ്ധൻമാർക്ക് വിൽക്കാനും വാങ്ങാനും കഴിയുന്ന ഒരു സാധനമല്ലാതായിരിക്കുന്നു, പെൺകുട്ടികൾ. ഹ്ലലാൻെറ പാട്ടുകൾ അവളുടെ അസ്വാസ്ഥ്യത്തിൻെറ ഗാനങ്ങൾ മാത്രമായിരുന്നില്ല. അവ ഒരു പുത്തൻയുഗപിറവിയുടെ ആരംഭത്തെക്കുറിക്കുന്നവയായിരുന്നു.

1946-ലെ ഒരു വേനൽക്കാലദിവസം ഹ്ലലാൻെറ വീട്ടിൽ ഒരു വിവാഹ ദല്ലാൾ വന്നു. അവൾ ഹ്ലലാൻെറ മാതാപിതാക്കളോടു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: “ആഹ! ഇത്തവണ ഞാൻ നിങ്ങളുടെ ഹ്ലലാനു

യോജിച്ച നല്ലൊരു ഭർത്താവിനെ കണ്ടുപിടിച്ചിട്ടുണ്ട്."

"അയാരം ആരാണ്" ജിജ്ഞാസയോടെ അവർ ചോദിച്ചു.

"പായീ മേയി" അവരം മറുപടി പറഞ്ഞു: "കണ്ടാൽ കൊള്ളാവുന്ന പയ്യനാണ്. ഈ ജോഡി ചേരുമെന്നു ഞാൻ കരുതുന്നു."

ഈ ആലോചന. ഷ്ഗലാൻെറ വീട്ടുകാർക്കു് പിടിച്ചു. ഇപ്പോരം മാതാപിതാക്കരം മാത്രം നിശ്ചയിച്ചാൽ പോരല്ലോ. ഷ്ഗലാൻെറ സമ്മതം കൂടി ആവശ്യമാണ്. അവർ സമ്മതഭാവത്തിൽ പുഞ്ചിരിച്ചെങ്കിലും സമ്മതം മൂളാൻ ധൈര്യപ്പെട്ടില്ല.

ഷ്ഗലാനം വീട്ടുകാർക്കം പായീ മേയിയെ നല്ലവണ്ണമറിയാം. അവർഅയൽവാസികളായിരുന്നു. ഷ്ഗലാനം പായീ മേയിയും കുട്ടിക്കാലത്തു് ഒന്നിച്ചു് കളിച്ചു് വളർന്നവരാണ്. പായീ മേയി സുമുഖനും പ്രസന്നസ്വഭാവിയുമായിരുന്നു. ഗ്രാമീണർ അവൻെറ സൗന്ദര്യത്തെപ്പററി വാഴ്ത്താറുണ്ടു്.

വിവാഹ ദല്ലാരം നേരെ ഷ്ഗലാൻെറ അടുത്തേക്കു പോയി. അവളുടെ അഭിപ്രായം അറിയണമല്ലോ. ഷ്ഗലാൻ ചിരിക്കുകമാത്രം ചെയ്തു. അവരം വീട്ടിൽ ചെന്നപ്പോരം ദല്ലാളുമായുണ്ടായ സംഭാഷണം അമ്മയോടു പറഞ്ഞു. അമ്മ സന്തോഷത്തോടെപറഞ്ഞു: "പായീ മേയിയുമൊത്തു ജീവിക്കുകയാണ് വേണ്ടതു്. വളരെ കരുതലോടെ ആലോചിച്ചു് തീരുമാനിച്ചാൽ മതി."

കുറച്ചുസമയം മിണ്ടാതിരുന്നശേഷം ഷ്ഗലാൻ തല താഴ്ത്തിക്കൊണ്ടു പറഞ്ഞു: "സമ്മതിക്കാമെന്നു തോന്നുന്നു" അവരം പിന്നെ ഒന്നും പറഞ്ഞില്ല. ലജ്ജയോടെ പുഞ്ചിരിച്ചു.

അങ്ങനെ പായീ മേയിയും ഹ്വലാനും തമ്മിലുള്ള വിവാഹനിശ്ചയം നടന്നു. ചൈനയിലെ പഞ്ചാംഗ പ്രകാരം എട്ടാംമാസം 12-ാം തീയതിക്ക് മുഹൂർത്തം നിശ്ചയിച്ചു. ദിവസമടുക്കുന്തോറും രണ്ടു കുടുംബക്കാരും വിവാഹത്തിനുള്ള തയ്യാറെടുപ്പിൽ മുഴുകാൻ തുടങ്ങി.

ഹ്വലാൻ എല്ലാക്കാര്യത്തിലും ലിഷെമെയിയുടെ അഭിപ്രായം ആരായാറുണ്ടായിരുന്നു. എന്നാൽ ഈ ദിവസങ്ങളിൽ ലിഷെമെയി മഹിളാപ്രവർത്തനം പരിശോധിക്കാൻ മറെറാരു ഗ്രാമത്തിലേക്കു പോയിരിക്കയായിരുന്നു. അങ്ങനെ ഹ്വലാനു ഒററയ്ക്കു തീരുമാനമെടുക്കേണ്ടിവന്നു. തൻെറ പ്രവർത്തനങ്ങളെപ്പററി ഗ്രാമത്തിലെ മററു സഖാക്കളുമായി ആലോചിക്കാറുണ്ടെങ്കിലും ഇതൊരു വിവാഹക്കാര്യമായതിനാൽ പുരുഷസഖാക്കളുമായി ചർച്ചചെയ്യാൻ ലജ്ജ അവളെ സമ്മതിച്ചില്ല. അവൾക്ക് ഒരൊററ ആശ മാത്രമേ ശേഷിച്ചിരുന്നുള്ളു. ലിഷെമെയി വിവാഹസമയത്ത് എങ്ങിനെയും എത്തും.

ആ ദിവസങ്ങളിൽ തുമ്പിക്കൈ വണ്ണത്തിലുള്ള മഴപെയ്യാൻ തുടങ്ങി. വിവാഹത്തിനു രണ്ടുദിവസം മുമ്പു ലിഷെമെയി മടങ്ങിയെത്തി. അവർ വന്നപാടെ ഹ്വലാനെ കാണാൻ വീട്ടിലേക്കു ചെന്നു.

ലിഷെമെയി ഹ്വലാനോടു ചോദിച്ചു: "നിങ്ങൾ പായീ മേയിയെ കല്യാണം കഴിക്കാൻ നിശ്ചയിച്ചുകഴിഞ്ഞോ? തയ്ക്കുവിൽ അയാൾ എന്തെടുക്കുകയാണെന്ന് നിങ്ങൾക്കറിയാമോ?"

"അറിയില്ല" ല ഹ്വലാൻ പറഞ്ഞു: "അയാൾ ഇപ്പോൾ ഒരു കച്ചവടക്കാരൻെറകൂടെ താമസിക്കയാണെന്നറിയാം."

ഇക്കാലത്തു തയ്ക്കുവിൽ യേൻ ശീൻഷാൻെറ കൂലിപ്പട്ടാളം ഭരണം നടത്തുകയായിരുന്നു. അവിടെ

ഒരു മരുന്നഷോപ്പിൽ പായീ മേയി ജോലിചെയ്യുകയാണ്. അയാളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ബന്ധങ്ങളെപ്പററി ആർക്കും ഒന്നും അറിയാമായിരുന്നില്ല. ശത്രുവിൻെറ അധീനപ്രദേശത്ത് താമസിക്കുന്ന ആളായതുകൊണ്ട് ഒരു പ്രതിവിപ്ലവകാരിയാകാൻ വിരോധമില്ല. പായീ മേയി ഏതു തരക്കാരനാണെന്ന് അന്വേഷിച്ച് വിവരമറിയാൻ പാർട്ടിക്ക് ഇപ്പോഴും സാധ്യവുമല്ല. കാരണം, ശത്രു കയ്യടക്കിയ സ്ഥലത്തെ വരവും പോക്കും കർശനമായി നിരോധിച്ചിരിക്കുകയാണ്. അയാഠം ഗ്രാമത്തിൽ വന്നിരുന്ന സമയത്ത് ഫലാനോട് അത്രയ്ക്കൊന്നും ഉത്തരവാദിത്തം കാണിച്ചിട്ടില്ല. പാർടിയെ സംബന്ധിച്ചിടത്തോളം അയാഠം വിശ്വസ്തനാണെന്നു പറയാൻ പററില്ല. ഇതെല്ലാം ഫലാനെ പറഞ്ഞു മനസ്സിലാക്കിയ ശേഷം ലവീഷെവമെയി തികഞ്ഞ ഗൗരവത്തോടെ പറഞ്ഞു: "വിവാഹക്കാര്യത്തിൽ വ്യക്തിയുടെ ഇഷ്ടാനിഷ്ടമാണ് പരമപ്രധാനം. തനിക്കിഷ്ടപ്പെടാത്ത ഒരാളെ കല്യാണം കഴിക്കണമെന്നു പറയാൻ ആർക്കും ഒരധികാരവുമില്ല. എന്നാൽ ഒരു പാർടിമെമ്പർ കല്യാണം കഴിക്കുന്ന പ്രശ്നം വരുമ്പോഠം, മറുപക്ഷത്തെ ആളുടെ രാഷ്ട്രീയകാഴ്ചപ്പാടും പരിശോധിക്കേണ്ടതുണ്ട്. ചുരുങ്ങിയപക്ഷം പ്രതിവിപ്ലവ സ്വഭാവം ഉണ്ടോ എന്നെങ്കിലും പരിശോധിക്കണം. ഒരു വിപ്ലവ പാർടിയിലെ മെമ്പർ തെററുചെയ്യാതിരിക്കാൻ ഇതെങ്കിലും കൂടിയേതീരൂ."

പിന്നെ താമസമുണ്ടായില്ല. ലവീഷെവമെയി ഈ വിവാഹത്തിനെതിരായി തീർന്നു. ഫലാൻ, സ്വപ്നത്തിൽ നിന്നു് പെട്ടെന്നു് ഉണർന്നപോലെ ലവീഷെവമെയിയുടെ വാക്കുകഠം ശ്രദ്ധിച്ചു. അവഠം തലനാരിഴക്ക് രക്ഷപ്പെട്ടിരിക്കുന്നു. തക്കസമയത്തു് ലവീഷെവ

മെയി അവളെ സഹായിക്കാൻ വന്നിരുന്നില്ലെങ്കിൽ അവഠം ഒരു വലിയ തെററ് ചെയ്യുമായിരുന്നു. ഷ്ഥലാൻ ലവീഷെ.മെയിയെ കെട്ടി പുണർന്നു. അവളത്ര മാത്രം വിവശയായികഴിഞ്ഞിരുന്നു. പിന്നീട് അവഠം പറഞ്ഞു: "നിങ്ങഠം ഈ മുഹൂർത്ത സമയത്ത് വേണ്ട ഉപദേശം തന്നിരുന്നില്ലെങ്കിൽ ഞാൻ എന്തുതന്നെചെയ്യുമായിരുന്നുവെന്ന് പറയാനാവില്ല. ഇനി മുതൽ ഏത്തു കാര്യത്തിനും പാർട്ടിയുടെ അഭിപ്രായം തേടുന്നതാണ്. ആലോചനയില്ലാതെ ഞാൻ മേലിൽ ഒന്നും വേഗം ചെയ്തുതീർക്കാൻ സാഹസപ്പെടുകയില്ല. ഞാൻ ഇപ്പോഴും ഒരു പാകത വരാത്ത പെൺകുട്ടി മാത്രമാണ്; നിങ്ങഠം എൻെറ മൂത്ത സഹോദരിയും. എൻെറ എല്ലാ പ്രവൃത്തിക്കും നിങ്ങഠം വഴികാട്ടിയായി നിൽക്കണം. ഒരിക്കൽ തെററു ചെയ്താൽ പിന്നെ രക്ഷപ്പെടാൻ പ്രയാസമാണ്."

ലവീഷേ.മേയി ചിരിച്ചുകൊണ്ട് പറഞ്ഞു: "ഞാനല്ല, പാർട്ടിയാണ് വഴികാട്ടിത്തരിക."

ഉലക്കവെണ്ണും മഴ പെയ്യുകയാണ്. ഷ്ഥലാൻെറ വീട്ടുകാർ രണ്ടു ദിവസത്തിനകം നടക്കാനിരിക്കുന്ന വിവാഹത്തിന് ഒരുക്കുകൂട്ടുന്ന തിരക്കിലാണ്. ഷ്ഥലാൻ തൻെറ പുതിയ കാഴ്ചപ്പാട് അമ്മയെ അറിയിക്കുവാൻ അവരുടെ അടുത്തേയ്ക്ക് ഓടിയെത്തി.

"അമ്മെ, ഞാൻ ഇപ്പോഠം വിവാഹത്തിനു" തയ്യാറല്ലെന്നു് പായീമേയിയെയും അയാളുടെ കുടുംബത്തെയും ഉടനെ അറിയിച്ചു കൊള്ളുക. വിവാഹത്തിനുള്ള ഒരുക്കമെല്ലാം നിർത്തിവെക്കാം."

"എന്താണ് കാര്യം?" അമ്മ ചോദിച്ചു." ഇവിടെ എല്ലാം തയ്യാറായി. ഇപ്പോഠം നീ അഭിപ്രായം മാററിയിരിക്കുന്നു. ഇതെങ്ങിനെ ഞാൻ അവരെ അറിയിക്കും."

"അമ്മേ, കററം എൻേറതു തന്നെ. ഞാൻ ഇ ക്കാര്യം വേണ്ടത്ര ഗൗരവത്തോടെ ആലോചിച്ചില്ല ഇപ്പോഠം ഈ വിവാഹം വേണ്ടെന്നുവെക്കാൻ തന്നെ ഞാൻ തീർച്ചയാക്കി കഴിഞ്ഞു."

ഛലാൻ ഇനി വിവാഹത്തിന്ന് വഴിപ്പെടില്ലെ ന്നു് ബോധ്യപ്പെട്ടപ്പോഠം വിവാഹം വേണ്ടെന്നു് വെ ക്കുകയല്ലാതെ മററു പോംവഴിയൊന്നുമില്ലായിരുന്നു.

യെൻഷീങ്ങ്ഷാനിൻെറ പട്ടാളം ഈ സമയത്തു് വനഷേ തലസ്ഥാനവും യുദ്ധതന്ത്ര പ്രാധാന്യമുള്ള ഏ താനും ഗ്രാമ പ്രദേശങ്ങളും മാത്രമേ കയ്യടക്കിയിരുന്നു ള്ളൂ. അപ്പോഴും ധാന്യം പിടിച്ചെടുക്കാനും ആളുകളെ തട്ടികൊണ്ടു പോകാനും ഓർക്കാപ്പുറത്തു ഗ്രാമങ്ങളെ ആക്രമിക്കാറുണ്ടായിരുന്നു. ഒരു ദിവസം ആയിരത്തോ ളം വരുന്ന പട്ടാളക്കാർ യൂനാ ചോഷിയിൽ നിന്നും അഞ്ചുനാഴിക ദൂരത്തുള്ള ശ്യാചര്വി വില്ലേജിനെ ആ ക്രമിച്ചു. അവരുടെ കൂടെ നൂറോളം സുശിക്ഷിതരായ ജാപ്പു കൂലിപ്പട്ടാളവുമുണ്ടായിരുന്നു. മെഷീൻ ഗൺ ഉപ യോഗിക്കുന്നതിൽ വിദഗ്ധരായിരുന്നു അവർ. അ വർ ആ ചെറു ഗ്രാമത്തിൽ അറുപതോളം ഷെല്ലുകഠം വർഷിച്ചു. വീടുകഠം തകർന്നു. മുറിവേററ കൃഷിക്കാ രുടെ മുറവിളി നാലുപാടും കേഠംക്കാമായിരുന്നു. അതി നുശേഷം യേൻശീൻഷാൻെറ ഗുണ്ടകഠം ഗ്രാമത്തിലേ ക്കു് പ്രവേശിച്ചു. ഒരു കയ്യിൽ ലാത്തിയും മറുകയ്യിൽ ധാന്യകുട്ടയുമായി അവർ കൃഷിക്കാരുടെ ധാന്യമെല്ലാം കൊള്ളയടിച്ചു. ഗ്രാമത്തിൽനിന്നും മുപ്പത്തയ്യായിര ത്തോളം സേർ ധാന്യം നഷ്ടപ്പെട്ടു.

എട്ടാംപടയിലെ ഒരു വിഭാഗം കൃഷിക്കാരുടെ ര ക്ഷക്കു് അവിടെ പാഞ്ഞെത്തി. അവർ യേൻശീൻ ഷാൻെറ നാല്പതിലധികം പട്ടാളക്കാരെ വകവരു

ത്തി. മററുള്ളവർ ഭയന്നു് താലൂക്കു് കേന്ദ്രത്തിൽ അഭയം തേടി. എന്നാൽ ശത്രു മുട്ടുമടക്കി ഈ പരാജയം അംഗീകരിച്ചില്ല. അവർ താലൂക്കു തലസ്ഥാനത്തുനിന്നും ദൂരെയുള്ള ഗ്രാമങ്ങളിലെ വിളഞ്ഞുകൊയ്യാറായ വിളവുകരം കൊള്ളചെയ്യാൻ പ്ലാനിടുകയായിരുന്നു.

യെൻഷിങ്ങ്ഷാൻെറ പട്ടാളത്തിൻെറ ഉദ്ദേശം മണത്തറിഞ്ഞ വനഷേ്വയിലെ ജനങ്ങരം അവരുമായി എതിരിട്ടു. ജനങ്ങളും ശത്രുക്കളും തമ്മിൽ ഗംഭീര ഏററുമുട്ടലുകരം തന്നെ നടന്നു.

ഒരു ദിവസം എട്ടാം പടയിലെ ഒരു മുറിവേററ പട്ടാള ഓഫീസർ യൂനാചോഷിയിൽ വന്നു. പേരു് വാങ്ങ്പൻ-ക്കു പന്ത്രണ്ടാം റജമെൻറിലെ കമാണ്ടർ, മുറിവേററശേഷം തൊട്ടടുത്തുള്ള ഗ്രാമത്തിലെ ആസ്പത്രിയിൽ ചികിത്സിക്കുകയും ഇപ്പോരം അദ്ദേഹം ആരോഗ്യം വീണ്ടെടുക്കാനായി തൻെറ കമ്പനിയിലുള്ള ഒരു സഖാവിൻെറ വീട്ടിൽ വന്നിരിക്കുകയുമാണു്.

വനഷേ്വയിലെ ജനങ്ങരം പന്ത്രണ്ടാം റജിമെൻറിനെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. അതു് ആറാം പട്ടാള വിഭാഗത്തിൻെറ പൂർവ രൂപമായിരുന്നു ജാപ്പാക്രമണ വിരുദ്ധ യുദ്ധക്കാലത്തു് വനഷേ്വയിലെ ജനങ്ങളോടൊപ്പം ഇവരും ബുദ്ധിമുട്ടുകരം സഹിച്ചിട്ടുള്ളവരാണു്. ആറാം പട യൂനാചോഷിയിൽ ജാപ്പാക്രമണകാരികളുമായി മുൻപു് യുദ്ധം ചെയ്തിരുന്നു. ഇപ്പോരം യെൻഷിങ്ങ്ഷാൻെറ പട്ടാളവുമായി യുദ്ധം ചെയ്യാൻ പന്ത്രണ്ടാം റജിമെൻറ് വന്നിരിക്കുകയാണു്.

വാൻ പെൻ-ക്കു വന്ന മുതൽ ഗ്രാമീണരെല്ലാം അദ്ദേഹത്തിൻെറ ആരോഗ്യത്തെപ്പററി അന്വേഷിക്കാൻ തുടങ്ങിയിരുന്നു. അദ്ദേഹം, തന്നെ കാണാൻ വന്നിരു

ന്നവരോട് യുദ്ധത്തിൻെറ പൊതു നിലവാരവും ഇപ്പോഴത്തെ സ്ഥിതിഗതികളും വിവരിച്ചു കൊടുത്തു. ചിലപ്പോഴെല്ലാം അദ്ദേഹം ഗ്രാമത്തിൽ നടത്താൻ കഴിയുന്ന വാർത്താ പ്രചരണ പ്രവർത്തനങ്ങളെ പററിയും പരമാർശിച്ചിരുന്നു. എല്ലാത്തരക്കാരുമായി ഇടപഴകാൻ കഴിയുന്ന ആളായിരുന്നതിനാൽ അദ്ദേഹം ഗ്രാമീണർക്കും പൊതു പ്രവർത്തകർക്കും ഉററമിത്രമായി തീർന്നു. ഛലാൻ വല്ലപ്പോഴും എന്തെങ്കിലും പ്രശ്നവുമായി അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹത്തിൽനിന്നും വരുന്ന ചോദ്യങ്ങൾക്ക് അവരം തൻേറടത്തോടെ മറുപടി പറഞ്ഞിരുന്നു. ഏവരും അദ്ദേഹത്തിൻെറ സാമീപ്യം ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തോടൊപ്പം പാട്ടു പാടാനും അവർ തയ്യാറായി. അത്തരം സന്ദർഭങ്ങളിൽ ഛലാൻ ഗ്രാമവാസികൾക്കെല്ലാം ഏററവും ഇഷ്ടപ്പെട്ട ''കാവൽക്കാരൻെറ പാട്ട്'' പാടി കേൾപ്പിച്ചിരുന്നു.

മണിയഞ്ചായി പ്രഭാതമായി
സുവർണഗോളകം കിഴക്കുദിച്ചു.
ഗ്രാമവാസികൾ ഉണർന്നെണീററു
കാവൽക്കാരൻ കവാത്തെടുത്തു.
പർവത നിരകൾ നോക്കീ, ദൂരെ
തിരിച്ചറിഞ്ഞു വഴികൾ
പെട്ടന്നവനുടെ ചെവിയിൽ പെട്ടു
കാൽപെരുമാററം അജ്ഞാതം.
പരുക്കൻ തുണികൾ ധരിച്ചോരു വ്യക്തി
മുമ്പിൽ കാണ്മു, ആരിവനല്ലോ?
ധീരനവൻ തൻ തോക്കുമെടുത്തു
'എന്തിനിവൻ എൻ മുന്നിൽപെട്ടു?'
'നിൽക്കവിടെ നീയാര്?
എവിടെനിന്നും നീവന്നു

ഇതുവഴി നീയിന്നെവിടെ പോണൂ?
എന്തുദ്ദേശം മനസ്സിലിരിപ്പൂ?"

വാങ്ങ് പുഞ്ചിരിയോടെ ഈ പാട്ട് കേട്ടുകൊണ്ടിരിക്കും. ആറാംപടയിലെ (ഇപ്പോഴത്തെ പന്ത്രണ്ടാം റജിമെൻറ്) മിക്ക സഖാക്കരാംക്കും ഈ പാട്ട് ഹൃദിസ്ഥമായിരുന്നു. തങ്ങളുടെ സൈന്യങ്ങളോടുള്ള സ്നേഹം പ്രകടിപ്പിക്കാനായി വനഷെപയിലെ കൃഷിക്കാക്ക് ഈ പാട്ട് നന്നായി പാടാനറിയാം. ഒരായിരം പ്രാവശ്യം ഈ പാട്ടുപാടി കഴിഞ്ഞതാണ്. എന്നിട്ടും ഈ പാട്ടിനോടുള്ള അവരുടെ കമ്പം മായാജാലത്തോടെന്നപോലെ ഇപ്പോഴും തുടരുകയാണ്. വാങ്ങും ഈ സമയം അടങ്ങിയിരുന്നില്ല. അദ്ദേഹവും അവരോടൊത്ത് പാടുമായിരുന്നു.

"നാട്ടുകാരെ സോദരരെ, ഞാനൊരുമോചന പടയാളി
സൗഹാർദത്തിൽ കയ്യു തരൂ, പോകട്ടെ ഞാൻ പട
പൊരുതാൻ,
വനഷെപയിൽ നിന്നും ഛരീഷേപനിൽ ശത്രുവുമായ്
യുദ്ധംചെയ്യാൻ പോകട്ടെ, സോദരരാമെൻ നാട്ടുകാരെ;
ലാൽസലാം."

പാട്ടു കേരാംക്കുന്നവരെല്ലാം-പ്രധാന പ്രവർത്തകരുരാംപ്പെടെ-ഉത്സാഹത്തോടെ കയ്യടിക്കാറുണ്ടു്. ഫ്വലാനും പുഞ്ചിരി പൊഴിച്ചുകൊണ്ടു് കയ്യടിച്ചുകൊണ്ടിരുന്നു. വാങ്ങ് അത്യുത്സാഹത്തോടെ ഉറക്കെ ഉറക്കെ ചിരിച്ചു. കുട്ടികരാം ഇതിനകം അദ്ദേഹത്തോട് ഒട്ടിച്ചേർന്നു കഴിഞ്ഞിരുന്നു. അവർ അദ്ദേഹത്തെ തങ്ങളുടെ വീടുകളിലേക്ക് വിളിച്ചുകൊണ്ടു പോയിരുന്നു. അദ്ദേഹത്തിൻെറ കഴുത്തിലവർ ഞാന്നുകിടക്കും. പുറത്തു കയറാൻ ഉത്സാഹിക്കും. മുറിവേററശേഷം ഈ ഗ്രാമത്തിലേക്ക് വന്നതു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം

സ്വന്തം വീട്ടിലേക്ക് വന്നതിനു തുല്യമായിരുന്നു.

ഷ്ലലാൻ, എട്ടാംപടയിലെ ഈ ധീരനായ പട്ടാളഓഫീസറെ മനസാ ബഹുമാനിച്ചു. അദ്ദേഹം ജാപ്പാക്രമണ വിരുദ്ധ യുദ്ധത്തിന്റെ ആരംഭം തൊട്ട തന്നെ ധീരതയോടെ ശത്രുവിനോട് പടവെട്ടിയിരുന്നു. എല്ലാവിധ അപകടങ്ങളും സഹിച്ചുപോന്നു. അവർ അന്യോന്യം കൂടുതൽ അടുക്കുവാൻ തുടങ്ങിയതോടെ അവരം അധികമധികം വാങ്ങിനാൽ ആകൃഷ്ടയായി.

ദിവസങ്ങരം കൊഴിഞ്ഞുപോയി. അവരുടെ സഖാക്കളെന്ന നിലയ്ക്കുള്ള സ്നേഹബന്ധം കൂടുതൽ ആഴത്തിൽ വേരുറച്ചു. ഒരാരംക്ക് മറെറാരാളുടെ അഭാവം വേദനിക്കുന്ന ശൂന്യതയായി മാറി. ജീവിതം മുഴുവനും ഒരുമിച്ചു കഴിയാൻ കഴിഞ്ഞാൽ മുന്നേററത്തിനു് അതു് രണ്ടുപേർക്കും സഹായകമായിരിക്കുമെന്നു് അവർക്കു തോന്നി. എന്നാലും വാക്കുകരം ചുണ്ടത്തുവരും. പക്ഷേ രണ്ടുപേരും അഥവാ അവരിലാരുംതന്നെ വായ് തുറന്നു് ഇക്കാര്യം സംസാരിക്കാൻ തയ്യാറായില്ല.

ശത്രുവിനെതിരായി ശക്തിയേറിയ സംഘട്ടനം നടക്കുന്ന ഈ സമയത്തു് അവർ വിവാഹപ്രശ്നം തന്നെ ചർച്ചചെയ്യാൻ മടിച്ചു. എന്നിരുന്നാലും അവർ രണ്ടുപേരും തങ്ങളുടെ പ്രധാന സഖാക്കളുമായി ഇക്കാര്യം സംസാരിച്ചു. ജീവിതം മുഴുവനും യഥാർഥ സഖാക്കളായി കഴിയാനും അതുകൊണ്ടു് അവർക്കു തങ്ങളുടെ പ്രവർത്തനം ഉയർന്ന നിലവാരത്തിൽ നടത്താനും കഴിയുമെങ്കിൽ ഈ വിവാഹം നടത്തേണ്ടതാണെന്ന അഭിപ്രായമാണു് മററു സഖാക്കരംക്ക് ഉണ്ടായതു്.

ഷ്ലലാന്റെ അച്ഛനമ്മമാർ ഈ വിവാഹവാർത്ത സന്തോഷത്തോടെ സ്വീകരിച്ചു. ഏതു കാര്യവും തുറന്നു പറയണമെന്ന സിദ്ധാന്തക്കാരനായ വാങ് ഷ്ലലാൻ

കുടുംബത്തോടു് പറഞ്ഞു: "ഉടനെ ആരോഗ്യം വ ണ്ടേടത്തു് ഞാൻ ജോലിക്കു തിരികെ പോകും. വിപ്ല വകാരിയായ ഒരു പട്ടാളക്കാരനെന്ന നിലയ്ക്കു് ഞാൻ ഒരുതുണ്ടു ഭൂമിയും വിശ്രമിക്കാനൊരു വീടുംകൊണ്ടു് തൃപ്തിപ്പെടുകയില്ല. ഇപ്പോൾ വനമേഖലയിൽ, നാളെ ച്യാവോ ഛൗങ്ങിലേക്കു് പോയേക്കാം. മററന്നാൾ ഛരീഷേനിലേക്കു് പോകേണ്ടിവന്നേക്കാം, പിന്നേ യും എനിക്കു് എവിടെയെല്ലാം പോകേണ്ടിവരുമെ ന്നു് പറയാനാവില്ല."

ഹ്ലലാൻെറ അമ്മ പുഞ്ചിരിതൂകിക്കൊണ്ടു് പറ ഞ്ഞു: "ഹ്ലലാൻ നിങ്ങളെ കല്യാണം കഴിക്കാൻ ആ ഗ്രഹിക്കുന്നു. കല്യാണത്തിനു ശേഷം അവൾ നിങ്ങളു ടേതാണു്. നിങ്ങൾക്കിഷ്ടമുള്ളിടത്തൊക്കെ അവളെ കൊണ്ടുപോകാം."

"കാര്യം അതല്ല" വാങ്ങ് പ്രതിവചിച്ചു: "എനി ക്കു് എന്നേക്കാൾ ഉയർന്ന സഖാക്കളുടെ നിർദേശമനു സരിച്ചു് പ്രവർത്തിക്കണം. അവൾക്കും അവളുടെ നേ താക്കൾ പറയുന്നതനുസരിച്ചു് പ്രവർത്തിക്കണം."

ഒടുവിൽ ഹ്ലലാനും വാങ്ങ്പാൻ-ക്വവും തമ്മിലുള്ള വിവാഹം നടന്നു.

വിവാഹാനന്തരം വാങ്ങ് ഹ്ലലാൻെറ പ്രവത്തന ങ്ങളെക്കുറിച്ചു് മാത്രമല്ല അഭിപ്രായപ്രകടനം നടത്തി യിരുന്നതു്, മറിച്ചു്, പഠനകാര്യത്തിലും അവളെ സ ഹായിച്ചു. ഒഴിവുസമയങ്ങളിൽ അവൾ എഴുതാനും ശ്ര ദ്ധിച്ചിരുന്നു. വൈകുന്നേരം, ശത്രു ആക്രമിക്കാൻ വരു ന്നുണ്ടെന്നറിഞ്ഞാൽഹ്ലലാനുംമററു പ്രവത്തകരുംവാങ്ങ് പാൻ-ക്വവിനെ അടുത്ത ഗ്രാമത്തിലേക്കു കൊണ്ടുപോ കാനും സഹായിച്ചു.

ഒരിക്കൽ ഹ്ലലാൻ കേൾക്കുകയുണ്ടായി: വനമേഖ യിലെ ജനകീയ ഗവണ്മെൻറിൻെറ ഒരു വിശ്വസ്ത

സന്ദേശവാഹകനായ ഹാൻഹപാ തൊട്ടടുത്ത ഗ്രാമത്തിൽവെച്ച് കൊല ചെയ്യപ്പെട്ടിരിക്കുന്നു. ഹാൻ വളരെ കൊല്ലങ്ങളായി വിപ്ലവപ്രവൎത്തനത്തിൽ ഏർപ്പെട്ടിരുന്ന ഒരു പ്രവർത്തകനായിരുന്നു. ആ മരണം ഒരു കനത്ത നഷ്ടമായിരുന്നു. അയാരം തൻെറ ജീവൻ ബലിയർപ്പിച്ച ആ രീതി ഛലാനു് അവശ്യം ഉരംക്കൊള്ളേണ്ടിയിരുന്ന ഒരു പാഠമായിരുന്നു.

ഹാൻഹപ കുറച്ചു രഹസ്യരേഖകളുമായി താലൂക്കു് തലസ്ഥാനത്തേക്കു് പോകുകയായിരുന്നു. ഹാനാഷപൻ ഗ്രാമം കടന്നുപോകുമ്പോരം അയാരംക്കു യെൻ ഷിങ്ങ്ഷാൻെറ ഏതാനും പട്ടാളക്കാരുമായി നേരിടേണ്ടിവന്നു. ഒളിക്കാൻ പററിയ സ്ഥലം കണ്ടുകിട്ടിയില്ല. അയാരം കയ്യിലുണ്ടായിരുന്ന രഹസ്യരേഖകരം ഉടൻ നശിപ്പിച്ചു. മാത്രമല്ല, ശത്രുക്കളുടെ നേരെ ഒരു കൈബോംബ് എറിയുകയും ചെയ്തു. ബോംബ് പൊട്ടിയപ്പോരം ശത്രുക്കരം വിരണ്ടോടുകയും തൽസമയം ഉണ്ടകരം വർഷിച്ചുകൊണ്ടു് അയാരം പിന്മാറാൻ തുടങ്ങുകയും ചെയ്തു. കഴിയുന്നത്ര ശത്രുപട്ടാളത്തെ വകവരുത്താനും തൻെറ പ്രാണൻ രക്ഷിക്കാനും അയാരം പണിപ്പെട്ടു. അയാരം വെറുതെ ബലിയാടാകാൻ ഇഷ്ടപ്പെട്ടില്ല. പക്ഷേ ശത്രുക്കരം, ബോധം വീണ്ടെടുത്തപ്പോരം അയാരം ഒററയ്ക്കാണെന്നു് മനസ്സിലാക്കി, ലക്കില്ലാതെ മെഷീൻഗണ്ണിൽ നിന്നും ഉണ്ടകരം വർഷിച്ചു. ഹാൻ നിലംപതിച്ചു. അയാളുടെ ദേഹമാസകലം വെടിയേററു് മുറിപ്പെട്ടിരുന്നു. ശത്രുക്കരം അയാളുടെ തോക്കു് തട്ടിയെടുക്കാൻ പാഞ്ഞടുത്തു. എന്നാൽ ആ സമയത്തു് ഹാൻ എല്ലാ ശക്തിയും സംഭരിച്ചു് അവസാനത്തെ ഉണ്ടയും ഉതിർത്തു. മരിക്കുംമുമ്പു് ശത്രുവിൻെറ ഒരു പട്ടാളക്കാരനെക്കൂടി ഹാൻ വകവരുത്തി. തങ്ങരംക്കു നേരിട്ട

നഷ്ടംകൊണ്ടു് വെറിപൂണ്ട ശത്രുക്കരം ഹാൻഹവയുടെ ശരീരം ബയണററുകൊണ്ടു് നാല്പതിൽപരം തുണ്ടങ്ങളാക്കി അരിഞ്ഞുതള്ളി.

ഈ കഥകേട്ട ഹ്സലാൻ ശത്രുവിനോടു് ദ്വേഷ്യം സഹിക്കാനാവാതെ പുലമ്പി. അവരം ആലോചനയിൽ മുഴുകി: എത്രയെത്ര സമർഥരായ പ്രവർത്തകരാണു് ഇത്തരത്തിൽ ജീവിതംത്യജിച്ചിരിക്കുന്നതു്! അവരംക്കു് വ്യക്തിപരമായി അറിയാവുന്ന പല രക്തസാക്ഷികളും ഓർമയിലേക്കു് കടന്നുവന്നു. പത്തൊമ്പതു് വയസ്സുമാത്രം പ്രായം ചെന്ന ന്യായാധിപനായ ക്ലൂവിനെ അവളോർത്തു. ലെവി ധാന്യം സംരക്ഷിക്കാൻവേണ്ടി വീരമൃത്യു വരിച്ച കൃഷിക്കാരനെ അവരം മുന്നിൽ കണ്ടു. ഒടുവിൽ വീണ്ടും അവളുടെ ചിന്ത ഹാൻഹവയിലേക്കു തന്നെ തിരിച്ചെത്തി. തന്റെ പ്രാണൻ സ്വയം പരിത്യജിക്കൽ മാത്രമല്ല ഒരു വിപ്ലവകാരിയായ പട്ടാളക്കാരന്റെ ലക്ഷ്യമെന്നു് അവരം മനസ്സിലാക്കി. ശത്രുവിനു് മാരകമായ തിരിച്ചടി നൽകുക, വിപ്ലവത്തിന്റെ ആക്കവും ഊക്കുംവർധിപ്പിക്കുക; അന്ത്യശ്വാസം വലിക്കുംവരെ ശത്രുവിനോടു് പൊരുതിക്കൊണ്ടിരിക്കുക, ഇതാണു് ഒരു വിപ്ലവകാരിയുടെ മഹത്തായ സംഭാവനയെന്നു് അവരംക്കു് ബോധ്യപ്പെട്ടു. ഹാൻഹവ ഒററയ്ക്കു നിന്നുകൊണ്ടു് എണ്ണമററ ശത്രുക്കളോടു് പടവെട്ടി! അയാളുടെ ധാരണ എത്രമാത്രം കരുത്തേറിയതായിരുന്നു.

ഹ്സലാൻ ആത്മാർഥമായി തന്റെ പ്രവർത്തനത്തിൽ മുഴുകി.

വാങ്ങ്പാൻ-ക്ലൂ ഡ്യൂട്ടിയിൽ ചേരാൻ അക്ഷമയോടെ കാത്തിരുന്നു. നവമ്പറിൽ തന്റെ കമ്പനിയിലേക്കു് തിരിച്ചു പോകാൻ അയാരം തീരുമാനിച്ചു.

അപ്പോഴും അയാളുടെ ആരോഗ്യനില തൃപ്തികരമായിരുന്നില്ല. ഫുലാനോട്ട് യാത്രപറഞ്ഞു പിരിയുന്ന സമയത്ത് അദ്ദേഹം വളരെയേറെ ആലോചിച്ചുകൊണ്ടു പറഞ്ഞു: "ഫുലാൻ, സ്ഥിതിഗതികൾ വഷളായി വരികയാണ്. നിനക്കു് പടിഞ്ഞാറൻ മലകളിൽ പോകാൻ നിർദേശം കിട്ടിയാൽ ഉടൻ വിവരം എന്നെ അറിയിക്കണം. മറക്കരുത്."

അവൾ വല്ലാതെ വിളർത്തുപോയി, വിക്കിവിക്കി മറുപടി കൊടുത്തു. വാങ് പാൻ-ക്കു പറഞ്ഞതുതന്നെ ആവർത്തിച്ചു. ഏതാനും വാക്കുകൾ കൊണ്ടവൾ അദ്ദേഹം പറഞ്ഞതു് അംഗീകരിച്ചു. ഒരുനിമിഷം കഴിഞ്ഞു്, അദ്ദേഹം അവളെ ഇവിടെ വിട്ടുപോകുന്നതിൽ അജ്ഞാതഭയം ഉണ്ടായിട്ടെന്നപോലെ, സ്നേഹം നിറഞ്ഞ വാക്കുകൾ പുറത്തേക്കു് വിട്ടു: "ഫുലാൻ, ഞാൻ പോകട്ടെ."

ഫുലാൻ ഞെട്ടിത്തെറിച്ചു. പിന്നീട് ചെറുപുഞ്ചിരിയോടെ സ്വരംതാഴ്ത്തി പറഞ്ഞു: "ശരി, പോകൂ."

വാങ്പാൻ-ക്കു പോയി ഏതാണ്ടു് മൂന്നാഴ്ചയ്ക്കുശേഷം യെൻഷിങ്ഷാന്റെ പട്ടാളം യുനാചോഷിനിൽ നിന്നും രണ്ടുനാഴിക പോലും ദൂരമില്ലാത്ത താഷാങ് ഗ്രാമം ആക്രമിച്ചു കീഴ്പ്പെടുത്തി.

## 6

1946 ഡിസമ്പറിൽ പടിഞ്ഞാറു് ഷാൻ ശീയിൽ യുദ്ധം ചെയ്യുന്ന പട്ടാളക്കാരെ സഹായിക്കുന്നതിനു് എട്ടാം പടയിലെ പല യൂണിററുകളെയും വനഷെപയിൽ നിന്നും അയച്ചുകൊടുത്തു. യെൻ ഷിങ് ഷാന്റെ

കൊള്ളപട്ടാളം, കമ്യൂണിസ്ററുപാർട്ടിയേയും ജനങ്ങളുടെ ഭരണാധികാരത്തേയും വനഷെ സമതലപ്രദേശത്തെ പട്ടണങ്ങളേയും ഗ്രാമങ്ങളേയും കാത്തുരക്ഷിച്ചു പോരുന്ന സായുധ ജനകീയ സൈന്യത്തെ നാമാവശേഷമാക്കുന്നതിനു് ഈ തക്കമുപയോഗിച്ചു് അവസാന ശ്രമം ആരംഭിച്ചു.

വെള്ളപ്പൊക്കം കണക്കെ ശത്രു വടക്കുഭാഗത്തുനിന്നും ഇരച്ചുകയറി. താലൂക്കു്-ജില്ലകളിലെ ജനകീയ ഗവണ്മെൻറിൻെറ പ്രധാന ഉദ്യോഗസ്ഥരും വിവിധ താലൂക്കുകളിലെ പട്ടാളവും ഗറില്ലകളും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം വനഷെയിലേക്കു് പിൻവാങ്ങി. താവളം ഉറപ്പിക്കാൻ കഴിയുംമുമ്പു് ഡിസമ്പർ 8-നു് ശത്രുപട്ടാളം വനഷെയിലേക്കു് തള്ളിക്കയറി. കിഴക്കു് ഫൻഹോ നദി മുതൽ പടിഞ്ഞാറു് മലകളുടെ താഴ്വരവരെ വനഷെയിലെ അതിവിസ്തൃത സമതലപ്രദേശങ്ങളിലെ മിക്ക ഗ്രാമങ്ങളിലും ശത്രു തൻെറ സൈന്യങ്ങളെ ഒരുക്കിനിർത്തി.

ആകാശത്തു കാർമേഘങ്ങരം ഉരുണ്ടുകൂടുകയാണു്: സമതലപ്രദേശങ്ങളിലാകെ യെൻ ഷിങ്ഷാൻെറ പട്ടാളം അറസ്ററുകളുമായി കറങ്ങിത്തിരിയുന്നു. അവർ ആളുകളെ പിടിച്ചുകെട്ടി, അവരിൽ നിന്നും രഹസ്യം ചോർത്തിയെടുക്കാൻ മർദനം നടത്തി; ധാന്യങ്ങരം കൊള്ളയടിച്ചു......ഹൃദയഭേദകങ്ങളായ മുറവിളികളും കൂട്ടക്കരച്ചിലും ഭൂമിയെ തന്നെ പിടിച്ചുകുലുക്കി. ജനങ്ങളുടെ ഇടയിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഒററുകാർ പുറത്തുവന്നു ശത്രുക്കളുമായി സഹകരിക്കാൻ തുടങ്ങി. തെക്കു് ഹ്വച്യാപാവോയിലുള്ള പല്ലെല്ലാം കൊഴിഞ്ഞു് എഴുപതു കഴിഞ്ഞ ഒരു കിഴവനായ ജന്മി ഒരു ചാവാലി കുതിരപ്പുറത്തു കയറി തോളത്തു് ഒരു

തോക്കം കെട്ടിത്തൂക്കി ചുററി കറങ്ങാൻ തുടങ്ങി. അയാറം വിറപൂണ്ട സ്വരത്തിൽ ഒച്ചയെടുക്കാൻ ആരംഭിച്ചു. പോകുന്നിടത്തെല്ലാം കൃഷിക്കാരെ ദ്രോഹിക്കാനും തുടങ്ങി: "ഒന്നുകിൽ ഈ വൃക്ഷങ്ങളെല്ലാം എൻേറതാകും, അല്ലെങ്കിൽ ഒരു വള്ളിപോലും ബാക്കി വെച്ചേക്കില്ല. ഒന്നുകിൽ ഞാൻ അല്ലെങ്കിൽ കമ്യൂണിസ്റ്റു പാർടി!"

കുഴിയിലേക്കു' കാലും നീട്ടികഴിയുന്ന ഈ ജീവശ്ശവങ്ങറം ഭൂമിയെ ശല്യപ്പെടുത്തുവാൻ വീണ്ടും തിരിച്ചു വന്നിരിക്കുന്നു!

താഷപാങ്ങ് ഗ്രാമത്തിലെ തലവനും കുടിലനുമായ ജന്മി ലചീയും തലപൊക്കാൻ തുടങ്ങി. അയാളുടെ ഭൂമിയെല്ലാം 1946-ൽ ഭൂപരിഷ്ക്കരണകാലത്തു് പിടിച്ചടക്കി കഴിഞ്ഞതാണ്. യെൻഷിങ്ഷാൻേറ പട്ടാളവുമായി കൂട്ടുചേർന്നു കീഴ്മേൽ നോക്കാതെ ജനങ്ങളെ കൊലചെയ്യാൻ തുടങ്ങി. സജീവ പാർടി പ്രവർത്തകന്മാരോടും അവരോടു സഹകരിച്ചു പ്രവർത്തിക്കുന്ന ജനങ്ങളോടും കീഴടങ്ങാൻ അയാറം ആവശ്യപ്പെട്ടു. ജന്മി ഭീഷണിപ്പെടുത്തി: "കല്പന അനുസരിച്ചുകൊള്ളുക: അല്ലെങ്കിൽ തല കാണില്ല. മറെറാരു വഴിയുമില്ല."

ജനകീയ സർക്കാരിൻേറ പ്രധാന നേതാക്കളും പാർടി മെമ്പർമാരും ജനങ്ങളുടെ ഇടയിലുള്ള ഉശിരൻ പ്രവർത്തകന്മാരും കാലേക്കൂട്ടി ഗ്രാമംവിട്ടുപോയി കഴിഞ്ഞിരുന്നു. അവരിൽ കുറെപേർ സായുധഗറില്ലാ ഗ്രൂപ്പുകറം സംഘടിപ്പിച്ചു് വിശപ്പും മരംകോച്ചുന്ന മഞ്ഞും സഹിച്ചുകൊണ്ടു് സമതലപ്രദേശത്തെ തുറന്ന സ്ഥലത്തു് കൂടാരങ്ങറം ഉണ്ടാക്കി വനഷോപയിലെ ശത്രുവിനെ സൈ്വരം കെടുത്തികൊണ്ടിരുന്നു. ചിലർ

തൽക്കാലത്തേക്ക് പടിഞ്ഞാറൻ മലമുകളിൽ താമസമാക്കി. നേതാക്കളുടെ നിർദേശപ്രകാരം ചില പാർടിമെമ്പർമാർ ശത്രുവിനെതിരായി ഒളിപ്പോർ സംഘടിപ്പിക്കുവാൻ ഗ്രാമത്തിൽ തന്നെ താമസമാക്കി.

ശത്രുനിര തകർത്തുകൊണ്ടു് കുറെ പ്രവർത്തകന്മാർക്കു ഗ്രാമത്തിനു് പുറത്തു് കടക്കാൻ കഴിഞ്ഞെങ്കിലും ഗ്രാമംവിടാൻ നിർദേശം ലഭിച്ചവരിൽ വളരെയധികം സഖാക്കളും ഗ്രാമത്തിൽതന്നെ കുടുങ്ങിപോയി. പുറത്തുകടന്നവർ ജീവൻ പണയപ്പെടുത്തികൊണ്ടു് മടങ്ങിവരുകയും മററുള്ളവരെക്കൂടി സുരക്ഷിതമായി ഗ്രാമത്തിനുവെളിയിലേക്കു് കൊണ്ടുപോകുകയും ചെയ്തു. എന്നാൽ എല്ലാ സഖാക്കളേയും സമീപിക്കാൻ പ്രയാസമായി. അത്തരക്കാർ താൽക്കാലികമായി ഒററപ്പെട്ടു് വേറിട്ടു നിൽക്കാൻ നിർബന്ധിതരായി.

യൂനാചോഷിയിലെ മിക്കവാറും എല്ലാ ഗ്രാമീണസർക്കാർ പ്രവർത്തകരും പാർടിമെമ്പർമാരും സജീവപ്രവർത്തകരും ഗ്രാമം വിട്ടുപോയി കഴിഞ്ഞിരുന്നു. ഹ്ലലാൻ തൻെറ നേതാവായ ലീഷെ്ചമെയിയിൽനിന്നും ഒററപ്പെട്ടു. അവർ മറെറാരു ഗ്രാമത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴാണു് അവിടം ആക്രമിക്കപ്പെട്ടതു്. അതുകൊണ്ടു് ശത്രുനിര ഭേദിച്ചുകൊണ്ടു് യൂനാചോഷിയിലേക്കു് മടങ്ങിവരാൻ അവർക്കു് കഴിയാതെ പോയി.

ഹ്ലലാൻ രാത്രിസമയത്തു് പ്രവർത്തകന്മാരെ സംഘംസംഘമായി യാത്രയാക്കാൻ സഹായിച്ചു. ആ സഖാക്കൾ സുരക്ഷിതരായി രക്ഷപ്പെട്ടതായി ബോധ്യപ്പെട്ടപ്പോൾ അവൾ ആശ്വാസം കൊണ്ടു. മാത്രമല്ല, തൻെറ ഉത്തരവാദിത്തം കുറഞ്ഞുവരുന്നതായി തോന്നു

കയ്യം ചെയ്തു. പക്ഷേ അവറാക്ക് അവിടം വിടാനുള്ള നിർദേശം കിട്ടികഴിഞ്ഞിരുന്നില്ല. അതുകൊണ്ടു് അവറാ അവിടെതന്നെ കൂടി. അവറാ ഗ്രാമത്തിൽ തന്നെ താമസിക്കേണ്ടി വരുമോ? ശത്രുവിനെതിരായി ഒളിപ്പോർ നടത്തണമോ? അതോ, മററുവല്ല പ്രവത്തനത്തിനമായി ഗ്രാമം വിടേണ്ടി വരുമോ? അവറാ സ്വയം തീരുമാനിക്കേണ്ട കാര്യമല്ലായിരുന്നു ഇതെല്ലാം. അവറാക്കതു് അറിയാമായിരുന്നു. അതുകൊണ്ടവറാ ചെറിയ രീതിയിൽ മററു പ്രവർത്തകരുടെ വ്യക്തിപരമായ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു. അവറാക്കു് ലിഷാമെയിയെ കാത്തിരിക്കേണ്ടതുണ്ടു്. സഖാക്കളുടെ ഏതെങ്കിലുമൊരു സംഘത്തെ യാത്രയാക്കുമ്പോഴെല്ലാം ലിഷാമെയിയെ കണ്ടാൽ പറയാനായി അവറാ ശട്ടംകെട്ടിയിരുന്നു: "ഛലാൻ കാത്തിരിക്കുകയാണു്. അവറാ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നുണ്ടു്."

ഇന്നു് അവളൊരു സാധാരണക്കാരിയല്ല; കമ്യൂണിസ്റ്റുകാരിയാണു്. ആ ബോധം അവളെ ആവേശം കൊള്ളിച്ചിരുന്നു. ശത്രു എപ്പോഴും മുന്നിൽ ചാടി വീഴാവുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണു്. ഈ സമയത്തു് സൂത്രത്തിൽ കടന്നുകളയുന്നതും എവിടെയെങ്കിലും പോയി അഭയം തേടുന്നതും അവളെ സംബന്ധിച്ചിടത്തോളം ലജ്ജാവഹമാണു്. അവറാ പാർടിയോടും യൂനാചേഷിയിലെ കൃഷിക്കാരോടും തൻേറതായ കടമ നിറവേററാൻ ബാധ്യസ്ഥയാണു്. ഇനിയൊരു കാൽവെപ്പിനുമുമ്പു് ലിഷാമെയിയിൽ നിന്നും നിർദ്ദേശം പ്രതീക്ഷിക്കേണ്ടതുണ്ടു്.

രാത്രിവാതിലിൽ മുട്ടുന്നതു് കേറാക്കുമ്പോഴെല്ലാം അവറാ ഞെട്ടലോടെ എഴുന്നേൽക്കാറുണ്ടു്. പെട്ടന്നു് രണ്ടു തരത്തിലുള്ള ചിന്ത അവളെ പിടികൂടും.

"ഒരുപക്ഷേ ശുഭവാർത്ത വല്ലതുമാകാം. ലിഷെ മെയിയിൽ നിന്നും വല്ല നിർദേശവും കൊണ്ടുവന്നതാകും. അല്ലെങ്കിൽ ദുസ്സൂചനയാകാനും മതി. യെൻഷിങ്ഷാൻെറ പട്ടാളം ഗ്രാമത്തിൽ പ്രവേശിച്ചിരിക്കുന്നതു് അറിയിക്കാനുമാകാം."

അവസാന നിമിഷംവരെ തൻെറ സ്ഥലത്തുതന്നെ ഉറച്ചുനിൽക്കണമെന്നു് അവരം മനസ്സാ ഉറപ്പിച്ചു.

അതേസമയം താഷപാങ് ഗ്രാമത്തിലെ അധികാരിയും വഞ്ചകനുമായ ലപീ "ചെറിയ യെനാനായ" യുനാചോഷിയെ വിഷം വമിക്കുന്ന കണ്ണുകളോടെയാണു് നോക്കിയിരുന്നതു്.

ഡിസംബർ 26നു് ലപീ ഒരു സംഘം പട്ടാളവുമായി ഗ്രാമത്തിൽ പ്രവേശിച്ചു. ഫുലാൻ ഒളിവിൽ പോയി. ലപി ഗ്രാമീണരെയെല്ലാം ഒരിടത്തു വിളിച്ചുകൂട്ടി "തൻെറ കല്പനകരം" അറിയിച്ചു. ജില്ലാ പ്രധാനിയായ ഛരാൻെറ വീട് അവർ കത്തിച്ചു് ചാമ്പലാക്കി. തീജ്വാല ആകാശത്തേക്കു് ഉയർന്നു. അതേ സമയം കൃഷിക്കാർ രോഷം പൂണ്ടു് മുഖംതിരിച്ചു നിന്നു. ഈ കുററകൃത്യങ്ങരം ഒരിക്കലും കൃഷിക്കാർ മറക്കില്ല. വീട്ടിനു് തീ കൊടുത്തു് അക്രമികരം താഷപാങിലേക്കു് പിൻവാങ്ങി.

അവർ പോയ ഉടനെ ഫുലാൻ പുറത്തുവന്നു. പിന്നേയും വേദന നിറഞ്ഞ ദിവസങ്ങളാണു് എണ്ണേണ്ടിവന്നതു്.

ഒരു ദിവസം രാത്രി ജില്ലാപ്രധാനിയായ ഛരാൻ തൻെറ സായുധ ഗറില്ലാവിഭാഗത്തെയും കൂട്ടികൊണ്ടു് ഗ്രാമത്തിൽ വന്നു. അദ്ദേഹം യുനാചോഷിയിൽ പ്രവേശിച്ച ഉടനെ മെഷീൻഗൺ സ്ഥാപിച്ചു് ചുററും കാവൽ ഏർപ്പെടുത്തി. ഇതു കണ്ടപ്പോരം അവരുടെ

യെല്ലാം ഹൃദയം തണുത്തു. കാററും പൂഴിമണ്ണും അവരുടെ കണ്ണുകളെ മൂടികെട്ടി. ഛരാൻെറ മൂത്ത സഹോദരി കണ്ണീർ തടയാൻ പാടുപെട്ടു. പക്ഷേ ഉറക്കെ കരഞ്ഞില്ല. അവർ പല്ലിറുമ്മികൊണ്ടു് സഹോദരനോടു പറഞ്ഞു: "യെൻ ഷിങ്ഷ്ഷാൻെറ പട്ടാളം എന്തെല്ലാം ആക്രമങ്ങളാണു് കാട്ടി കൂട്ടിയതു്. തൻെറ വീടിനു് തീവെച്ചു." രണ്ടുവാക്കുപോലും മുഴമിക്കാൻ അനുവദിക്കാതെ ഛരാൻ അവരെ തടഞ്ഞുകൊണ്ടു് പറഞ്ഞു: "മററു ചില കാര്യങ്ങളാണു് ഇപ്പോഠം ശ്രദ്ധിക്കാനുള്ളതു്." അദ്ദേഹം ഹൂലാനേയും ചിൻഷ്യേനിനേയും വിളിപ്പിച്ചു. അവരെ ഈ രാത്രിയിൽ തന്നെ സായുധഗറില്ലകളോടൊപ്പം പടിഞ്ഞാററൻ മലകളിലേക്കു് പറഞ്ഞയക്കേണ്ടതുണ്ടായിരുന്നു.

അർധരാത്രി സമയത്തു് ഹൂലാനെ കാണാൻ ചില സഖാക്കഠം വന്നിട്ടുള്ളതായി അവളെ വിളിക്കാൻ നിയോഗിക്കപ്പെട്ട സഖാവു് ചെന്നറിയിച്ചപ്പോഠം ഒന്നും കേഠക്കാത്ത മട്ടിൽ അവഠം ചോദിച്ചു. "ലിഷെമെയി വന്നിട്ടുണ്ടെന്നാണോ പറയുന്നതു്? ലിഷെമെയി തന്നെയോ?"

പക്ഷേ ലിഷെമെയിയെ അവഠം കാണുകയുണ്ടായില്ല. ജില്ലാപ്രധാനിയുടെ അടുത്തേക്കാണവഠം ആനയിക്കപ്പെട്ടതു്. നാലുപാടും കണ്ണോടിച്ചപ്പോഠം അവഠം കണ്ടു: സായുധവിഭാഗത്തിലെ ചില അംഗങ്ങളും തറയിൽ കിടന്നു് ഉറക്കത്തിനു വേണ്ടി പാടു പെടുകയാണു്. ചിലർ കയ്യിൽ തോക്കും അമർത്തിപ്പിടിച്ചു് തടികഷ്ണം പോലെ കിടന്നുറങ്ങുകയാണു്. തൻെറ സഖാക്കളെ വിട്ടുപിരിയേണ്ടി വന്നതു മൂലം ഹൂലാനു് ശൂന്യത അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇപ്പോഠം നിഴൽ പോലെ അവർ വീണ്ടും അവളോടു് ചേർന്നിരി

കുന്നു. അവരിപ്പോൾ ജീവൻ പണയം വെച്ച് അവളെ രക്ഷാസങ്കേതത്തിലേക്ക് കൊണ്ടു പോകാൻ വന്നിരിക്കുകയാണ്. അവളുടെ മനസ്സ് കൃതജ്ഞത കൊണ്ട് ചൂടു പിടിച്ചു.

ശത്രുവിൻെറ ആക്രമണത്തിനു ശേഷം ഛരാൻ ലിഷെപമെയിയെ കണ്ടിട്ടില്ലെന്ന് പറഞ്ഞതു കേട്ടപ്പോൾ അവർ ലപിയെ ഓർത്ത് സങ്കടപ്പെട്ടു. എന്നാൽ ലപിഷെപമെയിയിൽനിന്നും നിർദേശമൊന്നും കാത്തിരിക്കേണ്ടതില്ലെന്ന് ഛരാൻ അവളോട് പറഞ്ഞു. ജില്ലാ പ്രധാനി എന്ന നിലയിൽ അദ്ദേഹം, അന്നു രാത്രി തന്നെ ചിൻഷെപനുമൊന്നിച്ച് ഗ്രാമം വിട്ടുപോകണമെന്ന് കല്പിച്ചു.

ഛരാൻഫ്ലലാനോട് താഴെ പറയുംപ്രകാരം കാര്യം വ്യക്തമാക്കികൊടുത്തു: ചിൻഷെപൻെറ മാതൃകാമുകനായ അച്ചുൻ തൻെറ ഭീകര രൂപം ഇപ്പോൾ പുറത്തെടുത്തു കഴിഞ്ഞിരിക്കുന്നു. അയാൾ ശത്രുവുമായി തുറന്ന രീതിയിൽ തന്നെ കൂട്ടുകെട്ടിലേർപ്പെട്ടു കഴിഞ്ഞു. യെൻഷിങ്ഷാൻെറ ദല്ലാളായി പ്രവർത്തിക്കുകയാണ്. ചിൻഷേപൻെറ അമ്മയുമായുള്ള ബന്ധം വേർപ്പെടുത്തി നാടുവിട്ടിട്ട് കുറെകാലമായെങ്കിലും ഗ്രാമീണരെ ഉപദ്രവിക്കാൻ ഈ സമയം അയാൾ ഉപയോഗപ്പെടുത്താതിരിക്കയില്ല. അതുകൊണ്ട് ആ തെമ്മാടിയെ കരുതലോടെ സൂക്ഷിച്ചിരിക്കേണ്ടതുണ്ട്. കാരണം, അയാൾക്ക് ഗ്രാമീണരെയെല്ലാം നന്നായിട്ടറിയാം. ചിൻഷെപനും നമുക്കൊരു പ്രശ്നമാണ്. അവൾ പിന്നോക്കം നിൽക്കുന്നവളും വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടില്ലാത്തവളുമാണ്. പക്ഷേ ഗ്രാമത്തിലെ മിക്ക പ്രധാന പ്രവർത്തകരേയും അവൾക്കറിയാം. അവൾ അവരുമായി ബന്ധപ്പെട്ടിട്ടുള്ളവളാണ്. ഗ്രാമത്തിലെ ഏറ

ക്കറെ സ്ഥിതിഗതികളും അവാംക്കറിയാം. ഇപ്പോഴ ത്തെ വിഷമാവസ്ഥയിൽ ശത്രു, നമ്മുടെ അണികളിൽ പിളർപ്പുണ്ടാക്കുന്നതിനു് താത്വികമായി ഒന്നും അറി ഞ്ഞുകൂടാത്ത ഈ പെൺകുട്ടിയെ ഉപയോഗപ്പെടുത്തും. അങ്ങനെ വല്ല കുഴപ്പവുമുണ്ടായാലത്തെ സ്ഥിതിയെ പ്പററി ഇപ്പോരം ആലോചിക്കാൻ പോലും അസാധ്യ മാണു്. മാത്രമല്ല, ചിൻഷെപനു് കൊള്ളരുതാത്ത ഒററു കാരിയായ ഒരു ബന്ധു കൂടി ഉണ്ടെന്നതു് നമ്മെ കൂടു തൽ കരുതലോടെ പെരുമാറാൻ കൂടി നിർബന്ധി ക്കുന്നുണ്ടു്.

ചിൻഷെപനെ ഗ്രാമത്തിൽ നിന്നും അകററണ മെന്നതിൻെറ പ്രാധാന്യം ഫ്ലലാനു് പെട്ടന്നു് പിടികി ട്ടി. ഇതേ രാത്രിയിൽ അവളേയും കൂട്ടി ഗ്രാമം വിട്ടു പോകാമെന്നു് അവരം സമ്മതിച്ചു.

എന്നാൽ ചിൻഷെപൻ ഒഴിഞ്ഞുമാറാൻ നോക്കി. ഗ്രാമത്തിൽ താമസിക്കുന്നതു് അപകടമാണെങ്കിലും ഗ്രാമംവിട്ടു പർവതങ്ങളിൽ പ്രയാസപ്പെട്ട ജീവിതവും സംഘട്ടനങ്ങളുടെ കാഠിന്യവുംസഹിക്കേണ്ടിവരും. അ വരം വിപ്ലവത്തിൻെറ ആവശ്യം മനസ്സിലാക്കാൻ ശ്ര മിക്കുന്നതിലും കൂടുതലായി സ്വാർത്ഥത്തിനാണു് മുൻ തൂക്കം കൊടുത്തതു്. മൂക്കിനു നേരേ നോക്കാൻ മാത്ര മേ അവരംക്കു് കഴിഞ്ഞുള്ളു. അതിലപ്പുറമൊന്നും അ വരം കണ്ടില്ല.

ജില്ലാപ്രധാനിയും ഫ്ലലാനും അവളോടു് സൗമ്യ മായി പലതും പറഞ്ഞുനോക്കി. ഉടൻ സ്ഥലം വിടണ മെന്നു് നിർബന്ധിച്ചു.

ചിൻഷെപൻ മർക്കടമുഷ്ടി പിടിച്ചു. അവർ കണ്ണു രുട്ടിക്കൊണ്ടു് അവളെ നിർബന്ധിച്ചു സമാശ്വസി പ്പിച്ചു. സമയം പാഴാക്കാനുള്ളതല്ലെന്നു് പറഞ്ഞു നോക്കി.

എന്നിട്ടും ചിൻഷെപൻ ഇളകിയില്ല. അവരം പാർട്ടിമെമ്പറോ ബഹുജനപ്രവർത്തകയോ ആയിരുന്നില്ല. അതുകൊണ്ടു് അവളോട്ട് കല്പിക്കാൻ കഴിഞ്ഞില്ല. ഗ്രാമത്തിൽ താമസിച്ചാലുണ്ടാകുന്ന ആപത്തു് പറഞ്ഞു് മനസ്സിലാക്കി അവളെ എങ്ങിനെയെങ്കിലും സമ്മതിപ്പിക്കാൻ മാത്രമേ അവർ ആഗ്രഹിച്ചുള്ളു.

അവസാനം ചിൻഷെപൻ ഒഴിഞ്ഞുമാറാൻ വേണ്ടി ഇങ്ങനെ പറഞ്ഞു: ഇപ്പോരം അമ്മ ബന്ധുക്കളെ കാണാൻ പുറത്തു പോയിരിക്കയാണു്. അവരുടെ അഭിപ്രായപ്രകാരമല്ലാതെ ഒന്നുംചെയ്യാൻ പററില്ല. അവളെ സംബന്ധിച്ചിടത്തോളവും വിപ്ലവ പ്രസ്ഥാനം വഴിതെളിച്ചു കൊടുക്കുന്ന ദീപസ്തംഭമൊന്നുമല്ല. അവരംക്കു് ഉണ്ണാനും ഉടുക്കാനും കൊടുക്കുന്ന അമ്മ മാത്രമാണു്, അവരംക്കെല്ലാം.

ജില്ലാ അധികാരി ചിൻഷെപൻെറ നേരേ ശ്രദ്ധിച്ചുനോക്കി. അവളുടെ അറിവില്ലായ്മയിൽ അദ്ദേഹത്തിനു് അലിവു് തോന്നി.

ആ രാത്രിയിൽ ചിൻഷെപനെ വില്ലേജ് വിടുന്നതിനു് സമ്മതിപ്പിക്കാൻ കഴിയാതെ വന്നതിൽ ഹ്ലാനും പരിതപിച്ചു.

ലിഷെപമെയി അവളെ പറഞ്ഞു സമാധാനിപ്പിക്കാൻ വന്നിരുന്നെങ്കിൽ, സംഘടന വിട്ടുപോയവരെ തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞിരുന്നെങ്കിൽ......അവരം ആശിച്ചു. ചിൻഷെപനെ·ഗ്രാമം വിടുന്നതിൻെറ ആവശ്യം ബോധ്യപ്പെടുത്തുന്നതിനു് നേതൃത്വത്തിനുണ്ടായ ഉൽക്കണ്ഠ പരിഹരിക്കാൻ കഴിയാതെ വന്നതിൽ അവരം നിരാശപ്പെട്ടു. ഗ്രാമത്തിൽ ശത്രുസൈന്യം കടക്കുന്നതിനുമുമ്പു് ചിൻഷെപൻെറ അമ്മ മടങ്ങി വരുന്നതുവരെ അവിടെ തന്നെ നിൽക്കാൻ തന്നെ

അനുവദിക്കണമെന്നു് ഫ്ലലാൻ പറഞ്ഞു. "അതിനുള്ളിൽ ചിൻഷെപനെ സമ്മതിപ്പിച്ചു് പടിഞ്ഞാറൻ മലയിലേക്കു് അവളേയും കൊണ്ടു് പൊയ്ക്കൊള്ളാം."

ഗൗരവമേറിയ തുറന്ന ചർച്ചകൾക്കുശേഷം ചില നിബന്ധനകൾക്കു് വിധേയമായി ഛരാൻ ഇക്കാര്യം സമ്മതിച്ചു. ജാഗ്രതയോടെ ഇരിക്കണമെന്നു് അദ്ദേഹം അവൾക്കു് മുന്നറിയിപ്പു നൽകി. യെൻഷിങ്ഷാൻെറ പട്ടാളം ഗ്രാമത്തിൽ രണ്ടു മൈൽ അടുത്താണു് ക്യാമ്പു ചെയ്യുന്നതെന്നു് ഓർമ്മപ്പെടുത്തി.

അദ്ദേഹത്തിനും അദ്ദേഹത്തിൻെറ പടയാളികൾക്കും ആവശ്യത്തിലധികം സമയം അവിടെ തങ്ങാൻ പാടില്ല.

അദ്ദേഹം മററുള്ളവരെ ഉണർത്തി. മഞ്ഞുകാലത്തെ തണുത്തു വിറങ്ങലിക്കുന്ന ആ രാത്രിയിൽ തുളയ്ക്കുന്ന കാററും സഹിച്ചുകൊണ്ടു് അവർ ചെറുസംഘങ്ങളായി തിരിഞ്ഞു് പോകാൻ തയ്യാറായി.

"ചിൻഷെപൻെറ അമ്മ വന്നാൽ" ഛരാൻ തൻെറ സഹോദരിയോടു് സ്വകാര്യമായി പറഞ്ഞു: "അവർ മുഖേന ഇവളെ സമ്മതിപ്പിച്ചു് കഴിയും വേഗം ഗ്രാമം വിടാൻ പ്രേരിപ്പിക്കണം. ഞങ്ങളെ അറിയിച്ചാൽ അവരെ മലയിലെത്തിച്ചുകൊള്ളാം".

സഖാക്കൾ പോകുന്നതിനുമുമ്പായി ഫ്ലലാൻ, ലിഷെപമെയിയെ കാണുകയാണെങ്കിൽ തൻെറ ഇപ്പോഴത്തെ സ്ഥിതിഗതി അറിയിക്കണമെന്നു് അവരെ ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചു. ലിഷെപമെയി അവർക്കു് ഗ്രാമത്തിൽ പുതിയ വല്ല ഉത്തരവാദിത്തവും ഏല്പിക്കുകയാണെങ്കിൽ, അതറിയിക്കണമെന്നും അതാതു സമയം പുതിയ നിർദ്ദേശങ്ങൾ അയക്കാൻ ശ്രദ്ധിക്കണമെന്നും പറഞ്ഞു.

ഈ സമയം ഹ്ലലാൻേറയും ചിൻഷെപനിൻെറയും സുരക്ഷിതത്ത്വത്തെ കുറിച്ച് ഫരാൻ വിചാരപ്പെട്ട പ്പോരം ഹ്ലലാൻ ലിഷെപമെയി എവിടെയായിരിക്കു മെന്നു ചിന്തിക്കുകയായിരുന്നു. എന്നാൽ ചിൻഷെപൻ തന്നെക്കുറിച്ചും ശത്രുവിൽ നിന്നും എങ്ങനെ രക്ഷ പ്പെടാമെന്നുമാണ് ആലോചിച്ചു കൊണ്ടിരുന്നത്. കാരണം, അമ്മ ഗ്രാമത്തിനു വെളിയിലാണ്. അവരം ഒററക്കും. ആ കാളരാത്രികളിൽ ഹ്ലലാൻ പേടിച്ചര ണ്ടു് കഴിയുന്ന ലിഷെപനൊടൊപ്പം കഴിച്ചുകൂട്ടി.

രാത്രി വളരെ ചെന്നപ്പോരം ഹ്ലലാൻ ജാപ്പാക്രമ ണവിരുദ്ധ സായുധകലാപത്തെ വനഷെപയിലെ ജന ങ്ങരം ധീരതയോടെ സ്വാർത്ഥലേശമില്ലാതെ ഭീരുത്വ മെന്തെന്നറിയാതെ നടത്തിയ പൈശാചികതയെപ്പ ററി ആലോചിച്ചുകൊണ്ടിരുന്നു. ശത്രുക്കരം നടത്തിയ പൈശാചികതയെപ്പററി അവരം ഓർമിച്ചു. തനിക്കു വേണ്ടപ്പെട്ട എത്രയോ സഖാക്കരം സ്വരക്ഷയെപ്പററി ഗൗനിക്കാതെ വളരെ പരിമിതമായ ആയുധമേന്തി ശ ത്രുക്കളെ വിരട്ടിയോടിക്കുകയുണ്ടായി. സൗഹാർദത യോടെ അവരം ചിൻഷെപൻെറ തോളത്തു് കയ്യിട്ടുകൊ ണ്ടു് പറഞ്ഞു: "ചിൻഷെപൻ അടിമത്തം പേറുന്നതില്ല മെത്രയോ നല്ലതാണ് മരണം."

ഹ്ലലാൻെറ കുട്ടിക്കാലത്തു് ജാപ്പാക്രമണത്തിനെ തിരായി നടത്തപ്പെട്ട സായുധപോരാട്ടസമയം ഈ മു ദ്രാവാക്യം ആബാലവൃദ്ധം ജനങ്ങരം മുഴക്കാറുണ്ടായിരു ന്നു. ഈ മുദ്രാവാക്യത്താൽ ആകൃഷ്ടരായി എത്രയോ ജ നങ്ങരം സ്വപ്നത്തിൽനിന്നും ഉണർന്നു സ്വാതന്ത്ര്യ ത്തിനു വേണ്ടി അരതലമുറുക്കുമായിരുന്നു. ഈ മുദ്രാവാ ക്യത്തിൻെറ മുഴക്കം കേട്ട എത്രയോ ജനങ്ങരം തൻെറ മുറിവുകരം വച്ചുകെട്ടി; വീണ്ടും അടർക്കളത്തിലേക്കു് കുതിച്ചു: മരണം പുല്ലാക്കി മുന്നേറുകയുണ്ടായി.

ഈ പരീക്ഷണഘട്ടത്തിൽ, ആ മുദ്രാവാക്യം ഒരു പുതിയ പോരാട്ടത്തിൻെറ സന്ദേശവുമായി വീണ്ടും ഉയർന്നുവരാൻ തുടങ്ങി. ഹ്ലാൻ വളരെ പതുക്കെയാണ് ഈ ശബ്ദം ഉരുവിട്ടതെങ്കിലും ഈ മുദ്രാവാക്യം ജനഹൃദയങ്ങളെ ഇളക്കി മറിച്ചുകൊണ്ട് കൊടുങ്കാററിൻെറ വേഗതയിൽ ആഞ്ഞടിക്കുകയായിരുന്നു. "അടിമത്തത്തേക്കാരം നല്ലതു് മരണം തന്നെയാണ്." ഹ്ലാൻ തൻെറ ദുർബലയായ കൂട്ടുകാരിയെ പ്രോത്സാഹിപ്പിച്ചതോടൊപ്പം സ്വയം തൻെറ മാനസിക ദൗർബല്യങ്ങളെ ആഴത്തിൽ ഇറങ്ങിച്ചെന്നു സാന്ത്വനപ്പെടുത്താനും തയ്യാറായി.

കൂരിരുട്ടു വ്യാപിച്ച രാത്രികരം: ശത്രുപട്ടാളം എല്ലായിടത്തുമുള്ള ഭ്രാന്തൻമാരെപോലെ കൊള്ളയും കൊലയും നടത്തുകയാണ്......വനഷെപയിലെ വിശാലമായ സമതലത്തിൽ ജനങ്ങളുടെ രക്തം പുഴയിലെ വെള്ളംകണക്കെ ഒഴുകുകയാണ്.

ഒന്നിനുപുറകെ മറെറാന്നെന്ന കണക്കിൽ അതിവേഗം പുതിയ സംഭവങ്ങരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1947 ജനുവരി 8-ാംതീയതി യെൻഷിങ്ഷാൻെറ പട്ടാളം താഷപാങ്ഗ്രാമത്തിൽനിന്നും യൂനാചേപാഷിയെ ഓർക്കാപ്പുറത്തു കടന്നാക്രമിച്ചു. മുൻകൂട്ടി തയ്യാറാക്കിയിരുന്ന ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ അവർ, ഷസാഹപാനേയും ഷയാങ് ല്യൂവിനേയും അറസ്ററു ചെയ്തു. ഷസാഹപാ സാധാരണ കൃഷിക്കാരനായിരുന്നെങ്കിലും അയാരം ജില്ലയിലെ മുഖ്യ അധികാരിയുടെ അമ്മാവനായിരുന്നു. ഷയാങ്-ല്യൂവാകട്ടെ യുവാവും മുൻകാലത്തു് സൈനികസേവനം നടത്തിയിട്ടുള്ള ആളുമായിരുന്നു.

ഈ സംഭവത്തോടെ യൂനാചേപാഷിയിലെ അന്തരീക്ഷമാകെ വഷളാകാൻ തുടങ്ങി. ചിൻഷെപൻെറ

അമ്മ മടങ്ങിവന്നിട്ടില്ല. വിഷമംപിടിച്ച പരിത: സ്ഥിതി സംജാതമായിരിക്കുന്നുവെന്നും സമയം കളയാൻ പററില്ലെന്നും ഫ്ലലാൻ അവരംക്കു് മുന്നറിയിപ്പു നൽകി. അവസാനം ചിൻഷെപൻ ഫ്ലലാനോടൊത്തു ഗ്രാമം വിടുവാൻ തീരുമാനിച്ചു.

ജനുവരി 12-ാം തീയതി പ്രഭാതം പൊട്ടിവിടർന്നപ്പോരം ഫ്ലലാൻ ചിൻഷെപൻെറ വീടു് വിട്ടു് പ്രഭാതഭക്ഷണത്തിനു് സ്വന്തം വീട്ടിലേക്കുപോന്നു. തൻെറ മാതാപിതാക്കളോടു് അവരം പറഞ്ഞു:

“ഞാനിന്നു് രാത്രി ജില്ലാപ്രധാനിയായ ഛരാന്നെ അന്വേഷിച്ചുകൊണ്ടു് തെക്കോട്ടു് പോകുകയാണു്. പടിഞ്ഞാററൻ പർവതപ്രദേശത്തേക്കു് ഞങ്ങളെ എത്തിക്കുവാൻ അവർ ഞങ്ങരംക്കു് ചില സഖാക്കളെ വിട്ടുതരുന്നതാണു്.”

“വേഗം, വേഗമാകട്ടെ. ഇവിടെ ആപത്തു് വർധിച്ചിരിക്കുന്നു. നീ ഇവിടെ ഉള്ള സമയം ഞങ്ങരംക്കു് സമാധാനം കിട്ടില്ല. വേഗം പോകാൻ ഒരുങ്ങിക്കൊള്ളു.”

കഴിയുന്നത്രവേഗം മകരം സ്ഥലം വിട്ടുകാണാൻ അമ്മ ആഗ്രഹിച്ചു. ഫ്ലലാൻ വസ്ത്രമലക്കാൻ കയ്യിലെടുത്തു. അച്ഛൻ രണ്ടു ബക്കററു് വെള്ളം കൊണ്ടുവന്നു. വസ്ത്രം വെള്ളത്തിൽ മുക്കുന്നതിനുമുമ്പു് പുറത്തു് മണിയടിക്കുന്ന ശബ്ദം കേട്ടു.

മണിമുഴക്കം കൂടിക്കൂടി വന്നു. അവളുടെ സഹോദരി എന്തെന്നറിയാൻ വാതിൽക്കലേക്കു് ഓടി.

താഷപാങ്ങ് ഗ്രാമത്തിൽ ക്യാമ്പടിച്ചിരുന്ന ശീൻഷാൻെറ പട്ടാളം യുനാചോഷിയെ വീണ്ടും പെട്ടെന്നു് ആക്രമിച്ചിരിക്കുന്നു. പട്ടാളം ഗ്രാമം വളഞ്ഞുകഴിഞ്ഞു. ഗ്രാമത്തിനു ചുററുമുള്ള മതിലിനുചുററും പട്ടാളത്തെ

കാവലിനു് നിയോഗിച്ചുകഴിഞ്ഞു. കൊള്ളപട്ടാളം ജനങ്ങരം സഞ്ചരിക്കുന്ന മാർഗമെല്ലാം നിരോധിച്ചു. ശത്രുവിൻെറ പട്ടാളമേധാവികരം ഗ്രാമത്തിൽ പ്രവേശിച്ചുകഴിഞ്ഞു. അവർ മറെറന്നത്തേക്കാളും ഭീകരതയുനാചോഷിയിൽ സൃഷ്ടിച്ചു.

മണിമുഴക്കത്തോടൊപ്പം കല്പനകരം പുറപ്പെട്ടവിക്കുന്ന അലർച്ചകളും കേരംക്കാമായിരുന്നു.

"ആണും പെണ്ണും വ്യത്യാസമില്ലാതെ ആബാലവൃദ്ധംജനങ്ങളും തെക്കുഭാഗത്തുള്ള കൊട്ടാരത്തിൽ ഒരുമിച്ചുനിന്നുകൊള്ളണം. വീട്ടുകാവലിനു് ഒരാരം മാത്രം ഇരുന്നുകൊള്ളട്ടെ. രണ്ടുപേരെ കണ്ടാൽ എട്ടാംപടയെ സഹായിക്കുന്നവരെന്ന കുററം ചുമത്തി അറസ്ററു ചെയ്യുന്നതാണു്."

ഗ്രാമീണർ ഭയാക്രാന്തരായി വീടുംവിട്ടു് ഹൃദയഭാരത്തോടെ തെക്കുഭാഗത്തുള്ള കൊട്ടാരത്തിലേക്കു് പുറപ്പെട്ടു.

ഈ അവസരത്തിൽ അവരം എന്തുചെയ്യണം? ഹ്ലലാൻ ഏതു നിലക്കും കൊട്ടാരത്തിലേക്കു പൊയ്ക്കൂട. പ്രസവിച്ചു് ആറുദിവസംമാത്രം ചെന്ന ത്വാൻെറ വീട്ടിൽ ഒളിവിലിരിക്കാനുള്ള ഏർപ്പാടുണ്ടാക്കി. കുട്ടിയെ നോക്കാനെന്ന വ്യാജേന ഹ്ലലാനു് അവിടെ കൂടാം.

തിരക്കിൽ കടന്നുകൂടി ഹ്ലലാൻ തെക്കോട്ടു് നീങ്ങി. ത്വാൻെറ വീടിൻെറ വാതിക്കൽവന്നപാടെ അവരം കറൻറു് പാസ്സ് ചെയ്യുമ്പോലെ അതിവേഗം അകത്തുകയറി ഒളിച്ചു. വീടിനു മുമ്പിൽക്കൂടി ജനങ്ങരം ധൃതിപിടിച്ചു് മററുള്ളവരുടെ കൂട്ടക്കൂടാൻ ഓടുകയായിരുന്നു. ഹ്ലലാൻ ത്വാൻെറ മുറിയുടെ വാതുക്കൽ വന്നു് കതകിനു് മുട്ടി.

“ഞാൻ അകത്തേക്കു വന്നോട്ടെ?” അവരം ചോദിച്ചു.

“ഫ്ലലാനാണോ” ത്വാൻ പായയിൽ കിടന്നുകൊണ്ടുതന്നെ സ്നേഹത്തോടെമറുപടിപറഞ്ഞു:” വരൂ.

അകത്തു കയറിയപ്പോഠം ത്വാൻെറ ജ്യേഷ്ഠൻെറ മകരം കുട്ടിയെ നോക്കാൻ വന്നിട്ടുള്ളതായി ഫ്ലലാൻ മനസ്സിലാക്കി. ഇനിയെന്തു ചെയ്യണമെന്നറിയാതെ അവരം പരുങ്ങി. തൽസമയം അവിടെ മറെറാരു വീട്ടിലെ കുട്ടി വീട്ടിലേക്കു കടന്നുവന്നു് അമ്മയോടു് കൊട്ടാരത്തിൽ എത്തിച്ചേരണമെന്നു്പറയുന്നതായികേട്ടു.

ഭയപ്പാടോടെ അവരം പറയുകയായിരുന്നു: “അവർ മണിയടിച്ചു വിളംബരപ്പെടുത്തിയിരിക്കയാണു്, ഒരുവീട്ടിൽ രണ്ടുപേരെ കണ്ടുപോയാൽ അവരിൽ ഒരാഠം എട്ടാംപടയിലെ ഒളിഭടനായി കണക്കാക്കി’ ശിക്ഷിക്കുന്നതാണു്.” വീട്ടിലെ അമ്മ പറയുകയാണു്: “വീട്ടിൽ ഇപ്പോഠം എത്രപേരുണ്ടെന്നു് അറിയില്ല.”

ഫ്ലലാൻെറ ചെവിയിൽ ഈ വാക്കുകരം ചെന്നു തറച്ചു. വീട്ടിൽ രണ്ടുപേരെ കണ്ടാൽ ഒരാഠം എട്ടാംപടയിലെ ഒളിഭടനായി കണക്കാക്കും. അയാഠംക്കു് ശിക്ഷ നൽകുന്നതാണു്.” ആ വീട്ടിൽ അധികമാരുമില്ല. ഈ ചെറിയ മുറിയിൽ കുട്ടിയെ കൂടാതെ മൂന്നുപേരാണുള്ളതു്. ത്വാൻ കുടുംബത്തെ എട്ടാംപടയെ സഹായിക്കുന്നതായി ശത്രു പ്രഖ്യാപിച്ചാൽ അതിൻെറ പ്രത്യാഘാതം പ്രസവിച്ചുകിടക്കുന്ന ത്വാനെ പോലുംഒഴിവാക്കുകയില്ല. ആറുദിവസം മാത്രം പ്രായംചെന്ന കുട്ടിപോലും രക്ഷപ്പെടുകയില്ല. ഫ്ലലാൻ ആ വീടുവിട്ടു് പുറത്തുപോകാൻ തന്നെ നിശ്ചയിച്ചു. മുഖം കുനിച്ചു സാക്ഷ നീക്കി അവരം വാതിൽ തുറന്നു പുറത്തു കടന്നു.

"എനിക്കു് മരിക്കേണ്ടി വരികയാണെങ്കിൽ:" അവഠം ആലോചിച്ചു. "അതിൻെറ ആഘാതം ഞാൻ മാത്രം സഹിച്ചാൽ മതി. ഇപ്പോഠം മാത്രം പ്രസവിച്ചു് കിടക്കുന്ന കുട്ടിയുടെ വീട്ടുകാരെ ഉപദ്രവിക്കുന്നതു് ശരിയല്ല."

ഹ്ലലാൻ പോകാൻ തയ്യാററാവുകയാണെന്നു് മനസ്സിലാക്കിയ ത്'വാൻ അവളെ അവിടെ തടഞ്ഞുവെക്കാൻ ശ്രമിച്ചു. "നീ ഭയപ്പെടരുതു്. ഇവിടെ ഒളിവിലിരിക്കാം."

ഇത്ര ചെറിയ മുറിയിൽ ഒളിച്ചിരിക്കാനുള്ള ഇടമില്ലെന്നു് അവഠം മനസ്സിലാക്കി. ഇനി അവഠം എവിടെ പോകാനാണു്? വീടിനു് പുറത്തുകടന്നാൽ മതിലിൻെറ എതിർവശത്തു് വലിയ കൊട്ടാരവളപ്പാണു്. ശത്രുവിൻെറ കാവൽ പടയാളി ഓരോ കാൽവെപ്പും ശ്രദ്ധിക്കുന്നുണ്ടു്. ഗ്രാമത്തിൻെറ ഹൃദയഭാഗത്തു് എത്തിചേരാൻ സാധ്യമല്ല. ത്'വാനെ ഏതെങ്കിലും ആപത്തിൽ പെടുത്താൻ അവഠം ആഗ്രഹിച്ചില്ല. ത്'വാൻ അവളുടെ കാര്യത്തിൽ ഇത്രയധികം താല്പര്യം കാണിച്ചതിൽ അവഠം മനസാ അലിഞ്ഞുപോയി. എന്നാൽ സ്വയം നിയന്ത്രിച്ചുകൊണ്ടു് അവഠം തൻെറ സ്നേഹിതയെ സമാശ്വസിപ്പിച്ചു: "ത്'വാൻ, നീ എന്നെപ്പററി ഒട്ടും സങ്കടപ്പെടാതിരിക്കു. ഗ്രാമീണർ ഒരുമിച്ചു കൂടിയിരിക്കുന്നിടത്തേക്കു് ഞാനും പോകും. ശത്രുക്കഠം എന്നെ കാണാതിരിക്കത്തക്കവണ്ണം ഞാൻ ആ കൂട്ടത്തിന്നിടയിൽ പതുങ്ങിനിൽക്കും. ഒട്ടും വ്യാകുലപ്പെടരുതു്." ഇത്രയും പറഞ്ഞുകൊണ്ടു് അവഠം തല വെട്ടിച്ചു് വീട്ടുമുററത്തുനിന്നും അതിവേഗം പുറത്തു കടന്നു.

വീടുകളിൽനിന്നും പുറത്തുവരാൻ നിർബന്ധിതരായ മിക്കവാറും എല്ലാ ഗ്രാമീണരും അവിടെ എത്തി

കഴിഞ്ഞിരുന്നു. യെൻഷിങ്ങ്ഷാൻെറ പട്ടാളക്കാർ ഓരോ വീട്ടിലും കയറി പരതികൊണ്ടിരുന്നു. ഗ്രാമമാകെ ഭയം കാരണം പ്രകമ്പനം കൊണ്ടു. ശത്രുജനങ്ങളെ കെട്ടിവലിച്ചുകൊണ്ടു വന്നു. ഒരു ഒളിപ്രവർത്തകൻെറ വീട്ടുകാരനായ എഴുപതു കഴിഞ്ഞ ഒരു വൃദ്ധനെ അവർ വരിഞ്ഞുകെട്ടികൊണ്ടുവരികയാണുണ്ടായതു്. ഒരു ഒളിപ്രവർത്തകൻെറ ബന്ധുവായ ല്യൂ എന്ന കൃഷിക്കാരനേയും ഫുലാനെ പാർടിമെമ്പറായി എടുക്കാമെന്നു് ശുപാർശ ചെയ്ത ഒരു സഖാവിൻെറ ജ്യേഷ്ഠൻ ഷായേയും അവർ കൊണ്ടുവന്നു. ഷാ●യ കിണററിൻകരയിൽ നിന്നും വെള്ളവുമായി വീട്ടിലേക്കു് പോരുമ്പോഴം അറസ്റ്റു ചെയ്യുകയാണുണ്ടായതു്. ജാപ്പ പട്ടാളത്തിൻെറ മർദനം സഹിക്കാനാവാതെ ഒരു വൃദ്ധകർഷകൻ മുൻപ് കിണററിൽ ചാടിയ അതേ സ്ഥലത്തു വെച്ചാണു് ഇപ്പോഴം ഷായും പിടിക്കപ്പെട്ടതു്. രണ്ടു വർഷംപോലും കഴിഞ്ഞിട്ടില്ല അന്നു് വേട്ടയാടപ്പെട്ട അതേ കൃഷിക്കാരൻ ഇപ്പോഴം തടവിലായിരിക്കുന്നു. കൊലയാളികഠം മാറിയിരിക്കുന്നുവെന്നുമാത്രം. ജാപ്പ കാട്ടാളന്മാരുടെസ്ഥാനത്തു് യെൻഷാങ്ങ്ഷാൻെറ പട്ടാളമാണെന്നുമാത്രം.

ആ തുറസ്സായ മൈതാനത്തിൽ ഗ്രാമീണർ കൂട്ടം കൂടി നിന്നപ്പോഠം പട്ടാളം, തങ്ങളുടെ പക്കലുള്ള കറുത്ത അടയാളം വെച്ചിട്ടുള്ള ലിസ്റ്റനുസരിച്ചു് ഗ്രാമീണരെ ഓരോരുത്തരെയായി അറസ്റ്റു ചെയ്യാൻ തുടങ്ങി. അവർ ഓട്ടകണ്ണിട്ടുകൊണ്ടു് ഗ്രാമീണരുടെ മുഖഭാവം ശ്രദ്ധിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഒരുകാലത്തു് എട്ടാംപടയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഒരുകൃഷിക്കാരനെ തിരക്കിനിടയിൽ നിന്നും വലിച്ചിഴച്ചുകൊണ്ടു വന്നു.

പിന്നീട് ശത്രു സ്ത്രീകളെ ഓരോരുത്തരെയായി എല്ലാവരേയും ചോദ്യംചെയ്തു അവരെ വല്ലാതെ കുഴക്കി.

"നീ ചിൻഷെപനാണോ?"

"അല്ല."

അവർ ഓരോരുത്തരോടും "നിങ്ങളാണോ ചിൻഷെപൻ" എന്നു് ചോദിച്ചുകൊണ്ടിരുന്നു. അവസാനം അവർ ചിൻഷെപൻെറ അടുത്ത് എത്തി. "നിൻെറ പെർ ചിൻഷെപൻ എന്നല്ലെ?" പരിഭ്രമത്തോടെ അവൾ മറുപടി പറഞ്ഞു: "ഞാൻ...ഞാൻ...ആണു്. ഞാൻ ചിൻഷെപൻ ആണു്." പട്ടാളക്കാർ തോക്കിൻെറ പാത്തികൊണ്ടു് ഉന്തിതള്ളി അവളെ പുറത്തേക്കു കൊണ്ടുപോന്നു. മററുള്ളവരോടൊപ്പം അവളേയും അറസ്റ്റു ചെയ്തു് കൊട്ടാരത്തിനകത്താക്കി.

തൻെറ അടുത്തു നിന്നിരുന്ന ചിൻഷെപനെ അറസ്റ്റുചെയ്തുകണ്ടപ്പോൾ ഹുലാൻെറ അമ്മയുടെ മനസ്സ് പുത്രിയെ ഓർത്തു പിടക്കാൻ തുടങ്ങി. മടങ്ങിപോയി അവളോടു് മനസ്സിരുത്തണമെന്നു താക്കീതു കൊടുക്കാൻ അവർ ആഗ്രഹിച്ചെങ്കിലും സമയം കൈവിട്ടുപോയി കഴിഞ്ഞിരുന്നു. ആളുകൾ വരുന്നതിനു അവർ അനുവദിച്ചിരുന്നു. എന്നാൽ പോകാൻ സമ്മതിച്ചിരുന്നില്ല. അവർ കണക്കററു് ബേജാറായി...... പെട്ടന്നു് ആരോ പിന്നിൽ നിന്നും അവരുടെ വസ്ത്രം പിടിച്ചുവലിച്ചു. അവർ തലതിരിക്കാൻ ഭാവിക്കുമ്പോഴക്കും "അമ്മേ" എന്ന നേരിയ ശബ്ദം അവർ കേട്ടു.

അവർ തിരിഞ്ഞുനോക്കിയതും ഭയംകാരണം അടക്കിപിടിച്ചതുമായ ശബ്ദം പുറത്തേക്കു് വരുകയും ചെയ്തു: "എന്തു്! നീ ഇങ്ങോട്ടു പോന്നു?"

ഫ്ലലാൻ അതിവേഗം തിരക്കിലേക്ക് തുളച്ചു കയറി. ജനങ്ങൾക്കിടയിൽ നിശ്ശബ്ദത പരന്നു. പരിതഃസ്ഥിതി ഭയാനകമാവുകയായിരുന്നു. താഷ്വാൻ ഗ്രാമത്തിലെ “സ്വരക്ഷാവിഭാഗ”ത്തിലെ ഒരാൾ ഫ്ലലാനെ തിരിച്ചറിയുകയും തിരക്കിന്നിടയിൽ നിന്നു അവളെ പിടിച്ചു മാററിനിർത്തി ചോദ്യം ചെയ്യുകയും ചെയ്തു: “നീ തന്നെയല്ലേ ഫ്ലലാൻ? എന്താ ശരിയല്ലേ? നന്നായി, നീ സ്വമനസ്സാലെ എല്ലാം തുറന്നു പറയുന്നതാണ് നല്ലതു്. എട്ടാംപടയുമായി നിനക്കുള്ള ബന്ധം എന്തൊക്കെയാണ്? ഗ്രാമത്തിൽ ആരെല്ലാം എട്ടാംപടയുമായി ബന്ധപ്പെട്ടിട്ടുണ്ട്”?......ഇവിടെ തന്നെ നിന്നുകൊള്ളണം. ഇപ്പോൾതന്നെ നിന്നെ വിസ്തരിക്കുന്നുണ്ട്. നിനക്കറിയാവുന്നതെല്ലാം ഞങ്ങളോട്ട് തുറന്നു പറഞ്ഞാൽ നിനക്ക് ഒരാപത്തും വരില്ല. അല്ലെങ്കിൽ, നിനക്ക് ജീവൻ തന്നെ കൈവെടിയേണ്ടി വരും.”

ഫ്ലലാൻ ധൈര്യത്തോടെ എതിരാളിയെ നിരീക്ഷിച്ചുകൊണ്ടിരുന്നു. അവൾ മെല്ലെ ചുണ്ടമർത്തി. ഒരു വാക്കും പുറത്തുവിട്ടില്ല. അവൾ സാവധാനം അമ്മയെ സമീപിച്ചുകൊണ്ട് ചുരുക്കത്തിൽ ഇങ്ങനെ പറഞ്ഞു: “ഞാനവർക്കു കീഴടങ്ങണമെന്നാണവർ ആഗ്രഹിക്കുന്നതു്. ഞാൻ കീഴടങ്ങിയാൽ പിന്നെ എനിയ്ക്കൊന്നും വരില്ല. അല്ലെങ്കിൽ അവർ എന്നെ കൊന്നുകളയും.”

ഇതുകേട്ട് അവളുടെ അമ്മ ഇടിമിന്നൽ ഏററിട്ടെന്നപോലെ തരിച്ചുനിന്നു.

തന്നെ ഇതുവരെ അറസ്ററു ചെയ്യാതിരുന്നതിൽ ഫ്ലലാൻ അത്ഭുതപ്പെട്ടു. ഇതിനകം അവർ എത്രയോ പേരെ തിരഞ്ഞുപിടിച്ചുകഴിഞ്ഞിരുന്നു. എത്രയോ പേരെ പുറത്തേക്ക് കൊണ്ടുപോയി കഴിഞ്ഞിരുന്നു.

ഫലാൻെറ ഹൃദയം വല്ലാതെ മിടിച്ചുകൊണ്ടിരുന്നു. അപ്പോഴും അവഠം സ്വയം ശാന്തത കൈവിടാതെ സൂക്ഷിച്ചു. അവഗാഢമായ ആലോചനയിൽ മുഴുകി വിദൂരതയിലേക്കു് നോക്കിയിരുന്നു......

താനൊരു അഗ്നിപരീക്ഷയെ അഭിമുഖീകരിക്കാൻ പോകുകയാണെന്ന വിചാരം അവളെ പിടികൂടിയതോടെ അവളുടെ മുഖഭാവം കരുത്താർജിച്ചതായി കാണപ്പെട്ടു. അവഠം എന്തൊക്കെയോ മനസ്സിലുറപ്പിച്ചുകൊണ്ടു് തലവെട്ടിക്കുകയും കയ്യിന്മേൽ കിടന്നിരുന്ന മോതിരം അമ്മയെ ഏല്പിക്കുകയും ചെയ്തു. ഒരു പോക്കററിൽനിന്നും ടവ്വൽ തപ്പിയെടുത്തു് അതും അമ്മയ്ക്കു് കൊടുത്തു. മററൊരു പോക്കററിൽ നിന്നും ഇടയ്ക്കൊക്കെ പുറത്തെടുത്തു് തമാശയായി കളിക്കാറുണ്ടായിരുന്ന മരുന്നു ചെപ്പും എടുത്തു് അമ്മയെ ഏൽപിച്ചു. അവളുടെ മുഖഭാവം കരുത്താർജിക്കുകയായിരുന്നു. വനഷെ പ്രദേശത്തെ സർക്കാർ സന്ദേശങ്ങഠം അതാതിടങ്ങളിൽ എത്തിച്ചുകൊടുക്കാറുള്ള ഹാൻ അടുത്തകാലത്തു് ശത്രുവിൻെറ കയ്യിലകപ്പെട്ടു് വീരമൃത്യു വരിക്കുകയുണ്ടായി. ആപത്തു് അടുത്തെത്തിയപ്പോഠം ആ സഖാവു് കയ്യിലുള്ളതെല്ലാം സ്വയം നഷ്ടപ്പെടുത്തുകയാണുണ്ടായതു്. ലാങ്്യ പർവതത്തിൽ വച്ചു് അഞ്ചു് വിമോചന പടയാളികഠം തങ്ങളുടെ കൈവശമുണ്ടായിരുന്ന ഉണ്ടകളാകെ തീരുംവരെ ജപ്പാൻകാരുമായി യുദ്ധം ചെയ്തു. തങ്ങഠം തോൽക്കുകയാണെന്നും മററുള്ളവരിൽനിന്നും തങ്ങഠം ഒററപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കിയ നിമിഷം അവർ പർവതത്തിൻെറ കൊടുമുടിയിൽ നിന്നും ചാടി ജീവൻ ബലിയർപ്പിക്കുന്നതിനുമുമ്പു് തങ്ങളുടെ കൈവശമുണ്ടായിരുന്ന തോക്കുകഠം പാറമേലടിച്ചു് താറുമാറാക്കി ശത്രുവിനു് ഉപയോ

ഗിക്കാൻ കഴിയാതാകുകയുണ്ടായി......ഈ കഥകളെല്ലാം ഫ്ലലാൻെറ ഓർമയിലേക്കു് തിരിച്ചുവന്നു. അവഠം പോക്കററിൽ വല്ലതുമുണ്ടോയെന്നു് പിന്നെയും പരിശോധിച്ചു കൊണ്ടിരുന്നു. കയ്യിൽ കിട്ടിയതെല്ലാം അതീവശ്രദ്ധയോടെ അമ്മയെ ഏല്പിച്ചു. തൻെറ കയ്യിൽനിന്നും ഒരു ചക്കം ശത്രുവിനു് കിട്ടരുതെന്നു് അവഠംക്കു് നിർബന്ധമുണ്ടായിരുന്നു. ജീവൻമാത്രം...... അതിനി രക്ഷപ്പെടാൻ പോകുന്നില്ല. അവഠം ശത്രുവിൻെറ കയ്യിലകപ്പെട്ടു കഴിഞ്ഞു. ഇനി ആത്മാഭിമാനത്തോടെ ജീവിക്കാനാവില്ല. തീർച്ചപ്പെട്ടിരിക്കുന്നു. ഇനി അവഠംക്കു ഒന്നുമാത്രമേ കരണീയമായിട്ടുള്ളു. കമ്യൂണിസമെന്ന മഹോന്നത ലക്ഷ്യത്തിനുവേണ്ടി വീരമൃത്യ വരിക്കുക!

അവഠം അങ്ങനെ പലതും ആലോചിച്ചു നിൽക്കുമ്പോഠം അവളെ ഭീഷണിപ്പെടുത്തിപോയ അതേ മനുഷ്യൻ മടങ്ങിവന്നു. ഇപ്പോഠം അയാഠം മുമ്പിലത്തേക്കാളും പരുക്കനായി കഴിഞ്ഞിരുന്നു. ശത്രുപട്ടാളത്തിൻെറ ഇടയിലൂടെ അയാഠം എന്തൊക്കെയോ ഉറക്കെ പുലമ്പിക്കൊണ്ടു് അവളേയും കൂട്ടി കൊട്ടാരത്തിലേക്കു് പോയി.

അറസ്ററു ചെയ്തവരെയെല്ലാം അവർ കൊട്ടാരത്തിലെ പ്രധാന ഹാളിലേക്കാണു് കൊണ്ടുപോയിരുന്നതു്. അവിടെ തടവുകാരെ ചോദ്യംചെയ്യലും ഭേദ്യമുറയും മുറയ്ക്കു് നടക്കുകയാണു്. ഫ്ലലാനെ കൊട്ടാരത്തിലെ പടിഞ്ഞാറു ഭാഗത്തുള്ള കെട്ടിടത്തിലേക്കാണു് കൊണ്ടുപോയതു്. അവിടെ യെൻഷിങ്ഷാൻെറ ഒരു പട്ടാള ഓഫീസർ ഫ്ലലാനെ ചോദ്യംചെയ്യാൻ തുടങ്ങി.

"നിങ്ങളുടെ പേർ ഫ്ലലാൻ എന്നല്ലേ?" ഓഫീസർ ചോദിച്ചു.

"എന്റെ പേർ ല്യൂഫ്ഖ്ലാൻ എന്നാണ്."

"നിങ്ങൾ ഈ ഗ്രാമത്തിലെ മഹിളാസംഘം സെക്രട്ടറിയല്ലേ?"

അവൾ പതറാതെ മറുപടി കൊടുത്തു.

"ഇക്കാലത്ത് നിങ്ങൾ എട്ടാംപടയുമായി എങ്ങനെയാണ് ബന്ധം പുലർത്തിയിരുന്നത്?"

അവൾ നിഷേധരൂപത്തിൽ തലയാട്ടിക്കൊണ്ട് പറഞ്ഞു: "ഒരു ബന്ധവും ഉണ്ടായിരുന്നില്ല."

"ഇക്കാലത്ത് നിങ്ങൾ കമ്യൂണിസ്റ്റ് പാർടിയിലെ ഏതെല്ലാം മെമ്പർമാരുമായി ബന്ധപ്പെട്ടിട്ടുണ്ട്?"

"ആരുമായിട്ടുമില്ല." അവൾ തലയാട്ടിക്കൊണ്ട് പറഞ്ഞു.

"ഗ്രാമത്തിലാരെല്ലാമാണ് വസ്ത്രക്കെട്ടുകൾ ശേഖരിക്കുന്നത്?"

"എനിക്കറിയില്ല."

ഓഫീസർക്കു കലികയറി. "അപ്പോൾ നിങ്ങൾ അവരാരുമായും ബന്ധപ്പെടുന്നില്ലെന്നാണോ പറയുന്നത്?" അയാളുടെ ശബ്ദം ഉച്ചത്തിലായി: "നീ ആരുമായും ബന്ധപ്പെടാറില്ല. നിനക്കൊന്നും അറിയുകയുമില്ല അല്ലേ?"

ഫ്ഖ്ലാൻ തന്റെ ശിരസ്സ് നിഷേധാർത്ഥത്തിൽ ആട്ടുകയും പറഞ്ഞതുതന്നെ ആവർത്തിക്കുകയുംചെയ്തു: "എനിക്കൊന്നും അറിയില്ല."

ഓഫീസർ ഭീഷണിപ്പെടുത്താൻ തുടങ്ങി. അയാൾക്കേതോ തീർച്ചപ്പെട്ട കാര്യം പിടികിട്ടിയെന്ന പോലെ ചോദിച്ചു: "ആരോ പറഞ്ഞിരിക്കുന്നു, നീ കമ്യൂണിസ്റ്റുപാർടി മെമ്പറാണെന്ന്."

തല നേരെ പിടിച്ചുകൊണ്ടു് ഫ്ലലാൻ പറഞ്ഞു: "നിങ്ങൾ അങ്ങനെ പറയുകയാണെങ്കിൽ, ഞാൻ കമ്യൂണിസ്റ്റ് തന്നെയാണ്."

"ഗ്രാമത്തിൽ ആരെല്ലാം കമ്യൂണിസ്റ്റായിട്ടുണ്ടു്?"

"ഞാൻ മാത്രം." ഉറച്ചസ്വരത്തിൽ അവൾ മറുപടി കൊടുത്തു.

"എട്ടാംപടയിൽ നിങ്ങൾക്ക് ആരെയെല്ലാം പരിചയമുണ്ടു്?" ഓഫീസർ പിന്നീടു് ചോദിച്ചു.

"ഞാൻ ആരേയും അറിയില്ല." ആലോചിക്കാൻ നിൽക്കാതെ അവൾ പറഞ്ഞു.

. "ല്യൂഫാങ്ങ്, വാങ്ങ്പൻ-ക്ലു എന്നിവരെ നീ അറിയുമോ?"

"എനിക്കറിയില്ല."

"നിന്നെപ്പോലെ ഒരുത്തി ഇത്ര ചെറുപ്പത്തിൽ ഇത്രയധികം ജോലി തന്നത്താനെ എങ്ങനെ ചെയ്യുന്നു? എട്ടാംപടക്കവേണ്ടി നീ എന്തെല്ലാം ചെയ്തിട്ടുണ്ടു്?"

"ഞാൻ എല്ലാത്തരം പ്രവർത്തികളും ചെയ്തിട്ടുണ്ടു്."

ഓഫീസർ കോപത്തോടെ മേശമേലിടിച്ചുകൊണ്ടു് അലറി: "വെറുമൊരു പതിനഞ്ചുകാരി. നാക്കു കണ്ടില്ലേ! നിനക്ക് മരണഭയമില്ലേ?"

അവൾ കൂസിയില്ല. "ഞാൻ ചാവണമെന്നാണെങ്കിൽ എന്നെ കൊന്നുകൊള്ളു." അവൾ പറഞ്ഞു: "എനിക്കൊന്നും അറിയില്ല."

മറെറാരു സൂത്രംകൂടി പ്രയോഗിക്കാൻ വേണ്ടി ഓഫീസർ ഗൗരവം കുറച്ചുകൊണ്ടു് ശാന്തസ്വരത്തിൽ പറഞ്ഞു: "പതിനഞ്ചുവയസ്സുവരെ മാത്രമെ നിനക്ക് ജീവിക്കാൻ കഴിയുന്നുള്ളുവെന്നതിൽ നിനക്ക് ജാള്യതയില്ലേ?"

എന്നാൽ ഌലാൻ കറെക്കൂടി പരുഷമായി തറപ്പിച്ചു് സംസാരിച്ചു: "ഞാൻ പതിനഞ്ചുവയസ്സുവരെ ജീവിച്ചിരിക്കുന്നു. നിങ്ങളെന്നെ കൊല്ലുകയാണെങ്കിൽ പതിനഞ്ചു വയസ്സിനുശേഷവും ഇന്നത്തേക്കാളും വലിയവളായി നിലകൊള്ളും."

"സ്വരക്ഷാവിഭാഗത്തി"ലെ ഒരാറംവഴി ഌലാനെ സമീപിച്ചാൽ കൂടുതൽ ചോദ്യംചെയ്യൽ കൂടാതെ കഴിക്കാമെന്നാണു് ശത്രു കരുതിയതു്. ഭീരുവായ തടവുപുള്ളി വേഗം കീഴടങ്ങുമെന്നു് അവർ കരുതി. ഈ ഓഫീസർ അവളെ കീഴടങ്ങുന്നതിനു് പ്രേരിപ്പിക്കാൻ മാത്രമല്ല ഉദ്ദേശിച്ചിരുന്നതു്. അവളെ താഷപാങ്ങ്ഗ്രാമത്തിൽ കൊണ്ടുപോയി മാനംകെടുത്താനും ഓഫീസർക്കു് ഉദ്ദേശ്യമുണ്ടായിരുന്നു. അവളിത്ര ശാഠ്യക്കാരിയായിത്തീരുമെന്നു് അയാറം കരുതിയിരുന്നില്ല.

അയാറം പിന്നെയും മേശമേൽ ഇടിക്കാൻ തുടങ്ങി. ചോദ്യംചെയ്യൽ പിന്നെയും അരമണിക്കൂർ നീണ്ടുനിന്നു. പക്ഷെ എല്ലാം നിഷ്ഫലം!

അയാറംക്കു ഒരു തുമ്പും കിട്ടിയില്ല. ചോദ്യംചെയ്യൽ പിന്നേക്കു് നീട്ടിവെച്ചു. അവളെ ഏതെങ്കിലും അനുനയംകൊണ്ടു് വശപ്പെടുത്താൻ കഴിയുമോ എന്നയാറം ശ്രമിക്കാൻ തുടങ്ങി. മേലാൽ എട്ടാംപടയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയില്ലെന്നു് അവളെകൊണ്ടു് തീരുമാനമെടുപ്പിക്കാനാണു് അയാറം അവസാനമായി ശ്രമിച്ചതു്. ഇക്കാര്യം അവളോടു് പറഞ്ഞ മാത്രയിൽ അയാറംക്കു് അവളുടെ ധാരണ മാററാൻ പററില്ലെന്നു് ബോധ്യപ്പെട്ടു. അവറം മുഖത്തടിച്ചു പറഞ്ഞു: "ഇതിലൊരുറപ്പും തരാൻ സാധ്യമല്ല."

"ഇന്നു് നീ എൻെറകൂടെ താഷപാങ്ങ് ഗ്രാമത്തിലേക്കു് വരുകയാണെങ്കിൽ ഞാൻ നിൻെറ ജീവൻ

രക്ഷിക്കാം.'' ഓഫീസർ സംശയത്തോടെ തന്റെ ദുരുദ്ദേശ്യം വ്യക്തമാക്കി.

''സാധ്യമല്ല'' അയാൾക്ക് സംശയരഹിതമായ മറുപടി കിട്ടി.

ഓഫീസർ കോപിഷ്ഠനായി മേശമേൽ ശക്തിയായി ഇടിച്ചു. പക്ഷെ ഫ്ഥലാൻ ഉരുക്കുപോലെ അചഞ്ചലയായി നിവർന്നുനിന്നതേയുള്ളു. ഓഫീസറുടെ മുഖം കോപംമൂലം ചുമന്നുതുടുത്തു. അയാൾ തന്റെ മുന്നറിയിപ്പ് പ്രഖ്യാപിച്ചു: ''ഫ്ഥലാൻ നീ കീഴടങ്ങുന്നില്ലെങ്കിൽ മററു തടവുകാരായ കൃഷിക്കാരോടൊപ്പം നിന്നെയും കൊന്നുകളയുന്നതാണ്.''

ഫ്ഥലാൻ വേണ്ടതിലധികം കേട്ടുകഴിഞ്ഞിരുന്നു. അല്പം ധൈര്യക്ഷയം തോന്നാതിരുന്നില്ല. അവൾ വെറുപ്പോടെ മുഖം വെട്ടിച്ചു. ഓഫീസർ പട്ടാളക്കാരെ വിളിച്ചു. അവർ ജനാലയ്ക്കരുകിൽ നിൽക്കുകയായിരുന്നു. അവളുടെ കൈ ബന്ധിക്കുവാൻ ഉത്തരവായി.

ഫ്ഥലാൻ ശത്രുവിനെ തറച്ച്നോക്കികൊണ്ടു് വെറുപ്പോടെ ഉരിയാടി: ''എന്നെ ബന്ധിക്കേണ്ട ആവശ്യമില്ല. ഞാൻ ഓടിപ്പോകാൻ പോകുന്നില്ല.''

ഓഫീസർ അസ്വസ്ഥതയോടെ മുറിയിൽ ഉലാത്തിക്കൊണ്ടിരുന്നു.

പട്ടാളക്കാർ ഫ്ഥലാനെ വാതുക്കലേക്കു് തള്ളിപുറത്താക്കുമ്പോൾ ഓഫീസർ ഉറക്കെ ഒച്ചയിട്ടുകൊണ്ടു് അവരെ തടഞ്ഞു. ഫ്ഥലാൻ നിന്നു. അയാളെ ഒരുനോക്കുകൂടി കാണാൻ തലതിരിച്ചു.

ഇവിടെ, ജനങ്ങളെ കീഴ്പ്പെടുത്താനും ഭീഷണിപ്പെടുത്താനുമുള്ള ശത്രുവിന്റെ ചതുരുപായങ്ങളും പരാജയപ്പെടുകയാണു്. ഇനി എന്തെങ്കിലുമൊക്കെ പറഞ്ഞു്

ഉറക്കെ പുലമ്പാമെന്നല്ലാതെ മററൊന്നും ചെയ്യാനി ല്ലെന്നായിരിക്കുന്നു.

ഫ്ലലാൻ അവജ്ഞയോടെ അയാളെ നോക്കി കൊണ്ടു് ഓഫീസറുടെ വിധി സ്വയം പ്രഖ്യാപിക്കും പോലെ അവഹേളനയോടെ പറഞ്ഞു: "ഇനിയും അ തേ കാര്യംതന്നെ......ഈ ചോദ്യംചെയ്യൽ കൊണ്ടു് ഒരു ഫലവുമില്ലെന്നു് ധരിച്ചുകൊള്ളൂ".

തല ഉയർത്തിപിടിച്ചു് നിശ്ചയദാർഢ്യത്തോടെ അവറം കതകും കടന്നു് കുതിച്ചു. അവളെ പിടികൂടാൻ കാവൽഭടന്മാർക്കു് ഓടിയെത്തേണ്ടി വന്നു.

ശത്രുക്കറം ആറുപേരെ കൊല്ലാൻ ഏർപ്പാടാക്കി കഴിഞ്ഞിരുന്നു. രണ്ടുപേരും എട്ടാം തിയതി അറസ്റ്റു ചെയ്തു കഴിഞ്ഞിരുന്നു. നാലുപേരെ ഇന്നും പിടിച്ചു. ഫ്ലലാനെ കൊലക്കളത്തിലേക്കു കൊണ്ടുചെന്നപ്പോറം ആ ആറുപേരേയും ബന്ധനസ്ഥരാക്കി നിർത്തിയിരിക്കുന്നതു് അവറം കണ്ടു. ഏതാനും നിമിഷങ്ങറംക്കകം അവർ ആറുകൃഷിക്കാരും കൊലചെയ്യപ്പെടാൻ പോകുകയാണെന്നോർത്തപ്പോറം ഫ്ലലാൻെറ മനസ്സിൽ അമർഷം തിളച്ചു പൊങ്ങി.

ആ ഓഫീസർ കമ്യൂണിസ്റ്റു പാർടിയേയും എട്ടാം പടയേയും അസഭ്യമായ രീതിയിൽ ഭത്സിച്ചുകൊണ്ടിരുന്നു. ജനങ്ങളെ എണ്ണമററ ദ്രോഹത്തിനു് ഇരയാക്കുകയും ചെയ്തു. അയാറം പറഞ്ഞു: "കമ്യൂണിസ്റ്റു പാർടിയുമായി ബന്ധമുള്ളവരേയും യെൻ ഷിങ്ഷാനെ ആദരിക്കാത്തവരേയും നിർദയം തുടച്ചുനീക്കുന്നതാണു്"

അയാറം കുരച്ചുകൊണ്ടിരിക്കുമ്പോറംതന്നെ പട്ടാളക്കാർ രണ്ടുവാളും ഇരുപതു് വലിയ വടികളുമായി അവിടെ പ്രത്യക്ഷപ്പെട്ടു. അന്നു കൊലചെയ്യപ്പെടാൻ പോകുന്ന ഏഴുപേരുടെ പേരും അവിടെ വിളംബരം ചെയ്യപ്പെട്ടു.

അവിടം ശ്മശാനമൂകത പരന്നു. ഈ കൂട്ടക്കൊല യുടെ മുമ്പിൽ ജനങ്ങളെ തലകുനിപ്പിക്കാമെന്ന ധാര ണയോടെ ഓഫീസർ ബോധപൂർവം ചോദിച്ചു:

"ഈ ഏഴുപേരും നല്ലവരോ കൊള്ളരുതാത്തവ രോ?"

ശത്രുക്കളുടെ പ്രതീക്ഷക്കെതിരായി കൃഷിക്കാർ ഒററക്കെട്ടായി ആർത്തുവിളിച്ചു: "നല്ലവരാണ്. ഇവർ കൊള്ളാവുന്നവരും സത്യസന്ധരുമാണ്." ജനങ്ങൾ ക്കിടയിൽ അസ്വാസ്ഥ്യം പടർന്നു. പട്ടാളക്കാർ ചീ ത്തവിളിച്ചു പറഞ്ഞും അലമുറയിട്ടും ബന്ധനസ്ഥരു ടെ നേർക്ക് മിഷൻഗൺ തിരിച്ചുവച്ചു. ബലപ്രയോ ഗം നടത്തി ജനങ്ങളെ നിശ്ശബ്ദരാക്കാൻ ശ്രമിച്ചു.

ആദ്യം ഷായേയും മറെറാരുത്തനേയും വലിച്ചിഴ ച്ചുകൊണ്ടുവന്നു. അവരെ അടിച്ച് ബോധംകെടുത്തി യശേഷം വാളിനു് ഇരയാക്കുകയും ചെയ്തു. ഷായെ പു റത്തേക്ക് കൊണ്ടുവന്നപ്പോൾ വളരെ ശാന്തനായി അ യാൾ പറഞ്ഞു: "എനിക്ക് ചിലതു പറയാനുണ്ട്. ഞാനിപ്പോൾ മരിക്കാൻ പോകുകയാണ്. എനിക്ക റിയാം ഈ ഗൂഢാലോചനയുടെ പിന്നിൽ ആരാണുള്ള തെന്നു്." അയാൾ അമർഷത്തോടെ ശക്തമായ ഭാഷ യിൽ വ്യക്തമായും കാര്യങ്ങൾ വിളിച്ചുപറഞ്ഞു. അ യാളെ നിശ്ശബ്ദനാക്കാൻ ശത്രുക്കൾ തുരുതുരാ അയാളെ ഭേദ്യംചെയ്തുകൊണ്ടിരുന്നു. അയാൾ അതെല്ലാം ചെറു ത്തുനിന്നുകൊണ്ടലറി: "എനിക്കറിയാം, എനിക്കറി യാം".

ഇതേവിധം മററു മൂന്നുപേർകൂടി കൊല ചെയ്യ പ്പെട്ടു.

ഓഫീസർ ഈ അവസരത്തിൽ ഹ്വലാനോട് ചോദിച്ചു: "നിനക്കു ഭയം തോന്നുന്നില്ലേ? ഇനിയെങ്കി ലും കീഴടങ്ങിക്കൂടെ?"

പക്ഷെ അവരം ഉറച്ചുനിന്നു: "ഞാനെന്തിന്ന ഭയപ്പെടണം? ഞാൻ സ്വയം മരണത്തിന്ന മുമ്പിൽ മുട്ടുമടക്കില്ല, കീഴടങ്ങുകയുമില്ല."

ഗ്രാമീണർക്കു ഇനിയങ്ങോട്ട് കാണാനുള്ള കരുത്ത് നശിച്ചു കഴിഞ്ഞിരുന്നു. അവർ എങ്ങോട്ടെന്നില്ലാതെ ചിന്നിച്ചിതറി. എന്നാൽ പട്ടാളക്കാർ അവരെ നാലുഭാഗത്തുനിന്നും തടുത്തുമാററി ലാത്തിവീശി കണ്ടമാനം അടിച്ച് അവശരാക്കി കൊലക്കളത്തിൻെറ നടുക്ക് നിൽക്കാൻ തന്നെ നിർബന്ധിതരാക്കി.

നീചമാംവിധം കൊലചെയ്യപ്പെട്ട കൃഷിക്കാരുടെ ശവം ഹുലാൻ നിൽക്കുന്നിടത്തുനിന്നും അഞ്ചാറടി ദൂരം മാത്രം കിടക്കുകയാണ്. അവരം ഈ നീചപ്രവൃത്തിയെ അമർഷത്തോടെ വീക്ഷിച്ചു. അതേസമയം തൻെറ മരണാവസരം അവധാനതയോടെ കാത്തുനിന്നു. അവളുടെ കൈകരം കൂട്ടിക്കെട്ടിയിരുന്നു. അപ്പോഴും മുഖഭാവം അല്പംപോലും മങ്ങിയിരുന്നില്ല. അവരം അല്പനേരം ചുററുപാടും നോക്കിക്കൊണ്ടു് ഗ്രാമീണർക്കും തൻെറ വീട്ടുകാർക്കും മൂകസന്ദേശം നൽകി; മാത്രമല്ല കണ്ണുകളിലൂടെ അന്ത്യയാത്ര ചോദിക്കുകയും ചെയ്തു.

അവരം ഈ പ്രദേശത്ത് ജനിച്ചുവളർന്നവളാണ്. ഇവിടത്തെ ഓരോ മൺതരിയും പുൽക്കൊടികളും അവരംക്കേററവും പ്രിയങ്കരമാണ്. അവയിലെല്ലാം എത്രയെത്ര അറിയപ്പെടുന്ന കഥകരം മറഞ്ഞുകിടക്കുന്നു! ഒരുകൊല്ലം മുമ്പ് പരിശീലനക്ലാസ്സിൽ പങ്കെടുക്കാൻ രഹസ്യമായി തെക്കൻ വയലുകരം വളഞ്ഞു് ഈ കൊട്ടാരത്തിൻെറ അടുത്തുകൂടിയാണ് കടന്നു പോയത്. ആ സമയം അവളുടെ ഹൃദയം ശക്തിയായി മിടിക്കുന്നുണ്ടായിരുന്നു......ഇപ്പോരം യെൻ ഷിങ് ഷാൻെറ സൈന്യങ്ങരം കൈവശപ്പെടുത്തിയിരിക്കുന്ന ഈ

കൊട്ടാരം വില്ലേജ് ഭരണകേന്ദ്രമായിരുന്നു, ഗ്രാമപഞ്ചായത്തിൻെറ ഓഫീസുമായിരുന്നു. ഛ്ലാനും സഖാക്കളും ഈ കൊട്ടാരത്തിലിരുന്നുകൊണ്ടു് എത്രയോ യോഗങ്ങരം കൂടിയിട്ടുണ്ടു്. എന്തെല്ലാം വാദപ്രതിവാദങ്ങരം നടത്തിയിട്ടുണ്ടു്; എത്രയെത്ര രാത്രികളിൽ വെളുക്കുംവരെ എന്തെല്ലാം പ്രവൃത്തികരം ചെയ്തിട്ടുണ്ടു്. ഈ കൊട്ടാരത്തിലിരുന്നുകൊണ്ടാണു് വിമോചനസേന, ഭൂവിതരണം മുഴമിപ്പിച്ചതു്. ഈ സ്ഥലത്തുവച്ചാണു് ഒരു ധനികകർഷക വിധവ ഉണ്ടാക്കിയ കൊള്ളരുതാത്ത ചെരുപ്പുകരം കണ്ടുപിടിച്ചതു്. അന്നവരം എത്രമാത്രം ശുണ്ഠിയെടുത്തിരുന്നു. വിപ്ലവത്തിനു വേണ്ടി അവരം സദാ പ്രവർത്തനങ്ങളിൽ മുഴകിക്കഴിഞ്ഞിരുന്നു.

അവളിതാ പിടിക്കപ്പെട്ടിരിക്കുന്നു. കൈ പിണച്ചു കെട്ടിയിരിക്കുന്ന കയറു് അറുത്തുകളയാൻ കഴിയാത്തതിലും ശത്രുക്കളോടു് മേലിൽ പടവെട്ടാൻ കഴിയാതെ വന്നതിലും അവരം അരിശംകൊണ്ടു. അവളെ സംബന്ധിച്ചിടത്തോളവും അതെല്ലാം അസ്തമിച്ചിരിക്കുന്നു.

എന്നാൽ അപ്പോഴും വനപ്രദേശ സമതലത്തിൽ സംഘട്ടനം തുടരുകയായിരുന്നു.

നിരവധി സഖാക്കരം പ്ലാനനുസരിച്ചു് അവിടം വിട്ടു പോയിക്കഴിഞ്ഞിരുന്നു. അവർക്കു് ജീവനുള്ളടത്തോളം കാലം ശത്രുവിനു് സൈ്വരമുണ്ടാവില്ല. ഇതോർത്തതോടെ അവളുടെ മനസ്സു് ചൂടും സന്തോഷവും കൊണ്ടു് നിറഞ്ഞുതുളുമ്പി.

എങ്ങോ ദൂരെ യുദ്ധം ചെയ്യുന്ന സഖാക്കരം തൻെറ അടുത്തുള്ളതുപോലെ അവരംക്കനുഭവപ്പെട്ടു.

സഖാവു് ലിഷെപമെയി, നിങ്ങരം ശരിയായ വഴിക്കു തന്നെയാണെന്നു് ഞാൻ പ്രതീക്ഷിക്കട്ടെ. നിങ്ങരംക്കൊരാപത്തും വന്നിരിക്കില്ലെന്നു ഞാൻ വിശ്വ

സിക്കുന്നു. നമ്മാം തമ്മിൽ വിട്ടുപിരിഞ്ഞിട്ട് ഏതാനും ദിവസങ്ങളെ ആയിട്ടുള്ളു. ഇതിനിടയിൽ എനിക്കിതാ പതിനഞ്ചുകൊല്ലത്തെ ജീവിതത്തിനിടയിൽ ഏററവും പ്രയാസമേറിയ പരീക്ഷണഘട്ടം നേരിടേണ്ടിവന്നിരിക്കുന്നു. പ്രിയപ്പെട്ട ജ്യേഷ്ഠത്തി, ഞാനൊരു പെൺകുട്ടി മാത്രമാണ്. സമരത്തിൻെറ നീണ്ട അനുഭവമൊന്നും എനിക്കില്ല. എന്നാൽ ഈ ദിവസങ്ങളിൽ എനിക്ക് സഹായത്തിന് മററാരേയും കിട്ടിയതുമില്ല. നിങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് എനിക്ക് എത്രമാത്രം പ്രവർത്തനത്തിൽ വിജയം നേടാൻ കഴിഞ്ഞുവെന്ന് എന്നോട് പറയില്ലേ, എൻെറ പ്രിയമുള്ള ജ്യേഷ്ഠത്തി!

ജില്ലാ അധികാരിയായ ഛൻ, അന്നേ ദിവസം ചിൻ ഷെചനിനെ ഗ്രാമത്തിൽനിന്നും പുറത്തേക്ക് പറഞ്ഞയയ്ക്കുന്ന കാര്യത്തിൽ നിർബന്ധം പിടിക്കാതിരുന്നതിൽ താങ്കാം അത്ഭുതപ്പെട്ടിട്ടുണ്ടാകുമെന്ന് എനിക്കറിയാം. പക്ഷെ അന്ന് ആകാവുന്നത്ര പ്രേരണ ചെലുത്തിയെന്നതുകൊണ്ട് അത്ഭുതപ്പെടേണ്ടതില്ല. ഞാനിതാ എൻെറ ജീവിതം അവസാനിപ്പിക്കാൻ പോകുകയാണ്. ഞങ്ങളെ രക്ഷപ്പെടുത്താൻവേണ്ടി സ്വന്തം ജീവൻ പണയപ്പെടുത്തിക്കൊണ്ട് അന്ന് അർധരാത്രിയിൽ വന്ന ആ സഖാക്കളുടെ ധീരത മറക്കാനാവില്ല.

—പാൻ-ക്കു, നിങ്ങാം എന്നെ ഓർത്തു കരയുന്നുവോ? ഛേ, ഇതു നിങ്ങാംക്കു ചേർന്നതല്ല.

കൊലക്കളത്തിൽ നിന്നിരുന്ന ഗ്രാമീണർ നിലവിളിക്കുകയാണ്. ചിലർ മോഹാലസ്യപ്പെട്ട് വീണിരിക്കുന്നു. ഛലാൻെറ കണ്ണുകാം സങ്കടം സഹിയാഞ്ഞ് അസ്വസ്ഥമായിരിക്കുന്നു!

—പാടില്ല, പാൻ-ക്കു, നമ്മളിലാരുംതന്നെ കരഞ്ഞുകൂട. ഈ സമതലപ്രദേശം കൈവശപ്പെടുത്തുവാൻ

സൈന്യങ്ങളുമായി നിങ്ങൾ എത്രയുംവേഗം വരേണ്ടിയിരിക്കുന്നു. ഈ ഗ്രാമീണരുടെ കണ്ണീരൊപ്പാൻ വേഗം വരിക. ഈ ഹുലാൻ മാത്രമല്ല, ഈ ഗ്രാമത്തിലുള്ളവരെല്ലാം നിങ്ങളെ പ്രതീക്ഷിച്ചു കഴിയുകയാണ്. കമ്പനി കമാണ്ടറായ വാങ്, പന്ത്രണ്ടാം റജിമെൻറിലെ സഖാക്കളെ! വേഗം വന്നുചേരൂ. വേഗമാകട്ടെ!!

പ്രിയ സഖാക്കളെ, നിങ്ങളെല്ലാം ഇപ്പോൾ എവിടെയാണ്? നമ്മളൊക്കെ വളരെ ദൂരത്താണെങ്കിലും എത്രയോ അടുത്തു് നിൽക്കുന്നവരായി തോന്നുന്നു. നിങ്ങൾ മററവിടെയോ യുദ്ധം ചെയ്യുകയാണ്, അതുകൊണ്ടു് ഞങ്ങൾക്കിവിടെ ഇങ്ങനെ കൂട്ടംകൂടി നിൽക്കേണ്ടിവന്നു. നമ്മളെല്ലാവരും ഒരേ ലക്ഷ്യത്തിനുവേണ്ടി വിയർപ്പൊഴുക്കുകയാണ്. നമ്മുടെ രക്തം ഒരേ ഒഴുക്കിൽപ്പെട്ടാണ് സഞ്ചരിക്കുന്നതു്. അതെ, നമ്മളെല്ലാം ഒരേ മാർഗത്തിലെ യാത്രികരാണ്.

ഇനി രണ്ടുപേരെക്കൂടി വധിക്കാനുണ്ടു്. ഒരാൾ എഴുപതു വയസ്സുചെന്ന വൃദ്ധനായ ഛൻ. മറേറതു് പതിനഞ്ചുകാരിയായ ഹുലാനും.

ഇത്രയും സമയം കൊണ്ടു് വാൾ ചോരയിൽ മുങ്ങിക്കുളിച്ചു കഴിഞ്ഞിരുന്നു. മൂർച്ചയുള്ള വാൾത്തല മൂർച്ച കുറഞ്ഞും വളഞ്ഞുമിരുന്നിരുന്നു. കൊലയാളികളാകട്ടെ, യുനാ ചോഷിയിലെയും താഷപാങ് ഗ്രാമത്തിലെയും പ്രതിവിപ്ലവകാരികളായ ജന്മിമാരുടെയും ധനിക കൃഷിക്കാരുടെയും വളർത്തു ഗുണ്ടകളായിരുന്നു. അവർക്കു് ഈ പ്രവൃത്തി ചെയ്തുചെയ്തു് മടുത്തു കഴിഞ്ഞിരുന്നു. അവരുടെ കൈ വിറയ്ക്കുകയാണ്. അതുകൊണ്ടവർ ദൂരെ മാറിനിന്നു. യെൻ ഷിങ്ഷാൻെറ സൈന്യം തങ്ങളുടെ ലാത്തി ചുഴററിക്കൊണ്ടു് ആ രണ്ടുപേരെ കൊലയാളികളുടെ അടുത്തേക്കു് തള്ളിവിട്ടു.

അവർ ആ നികൃഷ്ടജോലി വീണ്ടും ചെയ്യുവാൻ നിർബന്ധിക്കപ്പെട്ടു. വൃദ്ധനായ ഛൻ അതിവേഗം മരണമടഞ്ഞു.

അവസാനം ഹ്ഉലാൻെറ ഊഴമായി. അവരം ശത്രുക്കളുടെ നേരെ പകയോടെ തുറിച്ചുനോക്കി. മുഴവൻ ശക്തിയും സംഭരിച്ചുകൊണ്ടവരം മുറവിളി കൂട്ടി: "ഞാൻ മരിക്കേണ്ടതെങ്ങനെയാണ്?"

"അതുപോലെ തന്നെ" യെൻ ഷിങ്ങ് ഷാൻെറ ഒരു പട്ടാളമേധാവി മറുപടി പറഞ്ഞു.

അയാളുടെ വാക്കുകരം അവസാനിക്കുംമുമ്പേ ഹ്ഉലാൻ ധൈര്യത്തോടെ കൊലയാളികളുടെ അടുത്തേക്ക് കുതിച്ചുചെന്നു. ശത്രുസൈന്യം അവിടംവരെ വലിച്ചിഴച്ചു കൊണ്ടുപോകാനുള്ള സമയം കാത്തുനിന്നില്ല ..... മററുള്ളവരെ കൊലചെയ്യാൻ ഉപയോഗിച്ച അതേ വാരം വീണ്ടും ഒരിക്കൽ കൂടി അതേ ജോലി നിർവഹിച്ചു.

ഹ്ഉലാൻെറ കണ്ണുകരം അവസാനംവരെ ജ്വലിച്ചുകൊണ്ടിരുന്നു. തന്നെ യെൻ ഷിങ്ങ്ഷാൻെറ പട്ടാളം അരിഞ്ഞുവീഴ്ത്തുന്നതു് സ്വന്തം കണ്ണാൽ കാണാൻ അവരം ആഗ്രഹിച്ചിരുന്നുവോ! അഥവാ, തൻെറ ജീവനുതുല്യം സ്നേഹിക്കുന്ന വിമോചനസേന വരുന്നതു് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നോ ! !

ചൈനയിലെ ഒരു വലിയ തത്വചിന്തകനും നിർഭയനും വിപ്ലവകാരിയുമായ ലൂഷുൻ എന്ന എഴുത്തുകാരൻ ഒരു പുതിയ ചൈനയിലെ "രാഷ്ട്രീയചരിത്ര" സൃഷ്ടിയെപ്പററി പ്രവചിച്ചിരുന്നു. അദ്ദേഹം പ്രവചിക്കുകയുണ്ടായി: തൻെറ നാട്ടുകാർ ഉറച്ചുനിന്നു് സാമ്രാജ്യവാദികരംക്കും നാടുവാഴിത്തശക്തികരംക്കുമെതിരായിപടവെട്ടും, മുട്ടുമടക്കില്ല. ജീവാർപ്പണം ചെയ്യേണ്ടി

വരികയാണെങ്കിൽ ധൈര്യം കൈവിടാതെ ജീവൻ ഉപേക്ഷിക്കും. ലൂഷുവിനെപ്പോലെ ഉറച്ച താത്വിക ചിന്തകനായ ഒരാളുടെ വിചാരധാര അന്വർത്ഥമായിത്തീന്നു. ഇന്നു് ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ ആയിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള പുത്തൻ ആദർശവാദികൾ ധീരതയോടെ ജനിച്ചു വളരുകയാണു്. ഹൂലാൻ അവരിൽ ഒരുത്തി മാത്രമാണു്.

ലൂഷുൻ പറയുകയുണ്ടായി:

"തൻെറ സിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ടു് മൂർച്ചയേറിയ വാൾത്തലയ്ക്കു് തങ്ങളുടെ മജ്ജയും മാംസവും നൽകി തൃപ്തിപ്പെടുത്താനും തങ്ങളുടെ രക്തംകൊണ്ടു് തീ കെടുത്താനും അവർ തങ്ങളുടേതായ എല്ലാംതന്നെ അർപ്പിക്കുന്നു. വാൾത്തലയിലും തീജ്വാല കെട്ടടങ്ങുമ്പോഴത്തെ പ്രകാശത്തിലും കിഴക്കു് പ്രഭാതകിരണങ്ങൾ പൊട്ടിവിടരുന്നതായി ഞാൻ കാണുന്നു. അതൊരു പുതിയ യുഗത്തിൻെറ പിറവിയായിരിക്കും......"

ആ സമയം വനഷെ സമതലത്തിൽ ആകാശം ഇരുൾ മൂടിക്കൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. പ്രഭാത കിരണങ്ങളാകട്ടെ യഥാർത്ഥത്തിൽ ചൈനയുടെ മണ്ണിൽ പതിഞ്ഞു കഴിഞ്ഞിരിക്കുന്നു.

ഫെബ്രുവരി രണ്ടാം തീയതി ഉച്ചതിരിഞ്ഞു് രണ്ടുമണിക്കു് എട്ടാംപട വനഷെ താലൂക്കുകേന്ദ്രം പിടിച്ചടക്കി. ജനങ്ങൾ ഒഴുക്കിയ രക്തത്തിൻെറ പ്രതികാരം മനസ്സിലൂന്നിക്കൊണ്ടു് എല്ലാ വിമോചന പോരാളികളും ധീരതയോടെ പോരാടി. എട്ടാംപട വനഷെയിൽ അധികാരമുറപ്പിച്ചപ്പോൾ അഞ്ചുമിനിട്ടിനുള്ളിൽ യെൻ ഷിങ്ഷാൻെറ ചോററുപട്ടാളം ആയുധം താഴെവെച്ചു കീഴടങ്ങി. വനഷേയിലെ പാവ മജിസ്ട്രേററിനെ ജീവനോടെ പിടികൂടി. കൂടാതെ

ശത്രുക്കളുടെ 215-ാംനമ്പർ റജിമെൻറിലെ ആയിരത്തി അഞ്ഞൂറിൽപരം ഓഫീസർമാരും പട്ടാളക്കാരും കമാണ്ടർ ഉ്ാംപ്പടെ അറസ്റ്റു ചെയ്യപ്പെട്ടു.

വനഷെചയിലെ ജനങ്ങാം വിജയം കൊണ്ടാടി. യെൻ ഷിങ്ഷാൻെറ പട്ടാളത്തെ തുരത്തിയെറിഞ്ഞ ദിനം കൊണ്ടാടിയ സമയത്തു് സാർവദേശീയ ഗാനം ആലപിക്കപ്പെട്ടു.

ല്യൂഫുലാൻെറ കൊലയാളികാം തൽസമയം എങ്ങനെയോ തടിതപ്പി. എന്നാൽ 1951 അവസാനം ജനങ്ങളവരെ പിടികൂടി. നിയമപ്രകാരമുള്ള ശിക്ഷയും നൽകി.

തങ്ങളുടെ വിജയദിനാഘോഷ സമയത്തു് വനഷെചയിലെ ജനങ്ങാം ല്യൂഫുലാനും മററു രക്തസാക്ഷികാംക്കും ആദരാഞ്ജലികാം അർപ്പിക്കുകയുണ്ടായി,

ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ ഷാൻ ശീ-ശേചയ്‌വാനിലെ സംസ്ഥാനബ്യൂറോ അവളെപ്പററി ഈവിധം പ്രസ്താവിച്ചു:

"സഖാവ് ല്യൂഫുലാൻ പാർടിമെമ്പറായ ശേഷം അവാം വിശ്വസ്തയും ധൈര്യവതിയുമാണെന്നു് തെളിയിച്ചിരിക്കുന്നു. അവാം പാർടിക്കും ജനങ്ങാംക്കും വേണ്ടി ജീവൻ അർപ്പിച്ചു. ശത്രുവിൻെറ മുമ്പിൽ അവാം പതറിയില്ല. ഒരു കമ്യൂണിസ്ററുകാരൻെറ മഹത്തായ ലക്ഷ്യം അവാം മുറുകെ പിടിച്ചു. മരണാനന്തര ബഹുമതിയായി ഞങ്ങാം അവാംക്കു് പൂർണ മെമ്പർഷിപ്പ് നൽകിക്കൊള്ളുന്നു."

ചൈനീസ് ജനതയുടെ മഹാനായ നേതാവും ല്യൂഫുലാൻെറ ഏററവും ഉയർന്ന, സമാദരണീയനായ അദ്ധ്യാപകനുമായ ചെയർമാൻ മാവൊ സെ തുങ് അവളെ ഈവിധം പ്രശംസിച്ചു.

"മഹത്തായ ജീവിതം! ശ്രദ്ധേയമായ മരണം!"

8133

# ഉപസംഹാരം

1951 ജനുവരിയിൽ ഷാൻശീ സംസ്ഥാനത്തിൽ വനഷെ താലൂക്കിൽ പോയപ്പോഠം ല്യൂഹ്ലലാനെ സംബന്ധിച്ച ചില വിവരങ്ങഠം ശേഖരിക്കുകയുണ്ടായി. അവളെപ്പററി അറിയാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി ഈ വിവരങ്ങഠം ഒരു ജീവചരിത്രത്തിൻെറ മട്ടിൽ തയ്യാറാക്കിയിരിക്കുകയാണ്.

ഈ ജീവചരിത്രം ഒരു സാഹിത്യ കൃതിയാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. വ്യത്യസ്തവ്യക്തികളുടെ ചരിത്രം പോലെ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങളെ ഞാനിവിടെ എഴുതാൻ ശ്രമിക്കുന്നുവെന്നുമാത്രം. യഥാർത്ഥത്തിൽ ഇതൊരു ചരിത്രപരമായ കടപത്രവുമല്ല.

ഞാൻ ഇതിലേക്കാവശ്യമായ വിവരങ്ങഠം ല്യൂഹ്ലലാൻെറ സഖാക്കഠം, അയൽപക്കക്കാരായ ഗ്രാമീണർ, ബന്ധുക്കഠം, കുടുംബക്കാർ എന്നിവരിൽ നിന്നും നേരിട്ട് ശേഖരിച്ചവയാണ്. കിട്ടാവുന്നത്ര വിവരങ്ങഠം ശേഖരിച്ചിട്ടുണ്ട്. എന്നാൽ സമയക്കുറവുകൊണ്ടും ല്യൂഹ്ലലാനെ അറിയാവുന്ന കുറേപ്പേർ മററു സ്ഥലങ്ങളിലായതുകൊണ്ടും പല പ്രധാന കാര്യങ്ങളും എനിക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. ഇനി പുതിയ വിവരങ്ങഠം ശേഖരിക്കാൻ കഴിഞ്ഞാൽ പിന്നീട് കൂട്ടിച്ചേർക്കാം.

1951 ജൂൺ. ല്യാങ്ങ്ഷിങ്ങ്

PC Library & Research Center

ചെമപ്പുസേനയും
കൂമിന്താങ്ങ് പാവസൈന്യവും തമ്മിൽ ചൈനയിലെ ഓരോ ഗ്രാമത്തിലും വച്ച് ഏററുമുട്ടിക്കൊണ്ടിരുന്ന, ദശവത്സരങ്ങൾ നീണ്ടുനിന്ന, ആഭ്യന്തരയുദ്ധത്തിനിടയ്ക്ക് വിപ്ളവകാരികളുടെ കണ്ണുകൾ തെളിയിക്കുകയും പ്രതിവിപ്ളവകാരികളുടെ കണ്ണഞ്ചിപ്പിക്കുകയും ചെയ്ത നിരവധി 'മേഘജ്യോതിസ്സ്'കൾ മിന്നിമറഞ്ഞിട്ടുണ്ട്.

അത്തരമൊരു മേഘജ്യോതിസ്സിന്റെ
കഥയാണ്
ല്യൂഹുലാൻ.

മരണത്തിലും ശത്രുവിനെ തോൽപിക്കുന്ന ആ പതിനഞ്ചുകാരി പെൺകിടാവിന്റെ കഥ കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ പുളകമണിയിക്കും,

ചൈനീസ് വിപ്ലവത്തിൽ നിന്ന് ഒരേട്

# ല്യൂഹുലാൻ

## ല്യാങ്ങ് ഷിങ്ങ്



895.13
SHI

Indic Digital Archive Foundation
gpura.org